ചിന്താസന്താനം.

ഒന്നാം ഭാഗം.

ആർ. ഈശ്വരപിള്ള അവർകൾ ബി- എ.

ഒന്നാം പതിപ്പ് കാപ്പി ൧൦൦൦

"രാമാനുജൻ" പ്രസ്സ്-ചേർത്തല

പ്രസാധകൻ

വി. എം. നാരായണപിള്ള

ദിവാൻ കൃഷ്ണൻനായർ ഗ്രന്ഥശാല-ചേർത്തല

൧൯൨൦ വില അണ വ്യ.

പകർപ്പവകാശം ഗ്രന്ഥകർത്താവിന്

ചിന്താസന്താനം.

ഒന്നാം ഭാഗം.

ആർ. ഈശ്വരപിള്ള അവർകൾ ബി- ഏ.

ലണ്ടൻ.

മുഖവുര.

ഈപുസ്തകത്തിൽ അടങ്ങിയിരിക്കുന്ന ഉപന്യാസങ്ങൾ മിയ്ക്കവയും അപ്പപ്പോൾ ചില മാസികകളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളവയാണ്. ഇവയെ ഒന്നിച്ചുചേർത്തു് പ്രസിദ്ധീകരിയ്ക്കുന്നതു് കൊള്ളാമെന്നു് പലരും അഭിപ്രായപ്പെട്ടതനുസരിച്ചു് ഇപ്പോൾ അപ്രകാരംചെയ്തിട്ടുള്ളതാണു്. എന്നാൽ, ഇതിൽ ഇനിയും പല ഉപന്യാസങ്ങളും ചേർക്കേണ്ടതായിട്ടുണ്ടു്. അവയെ ഇനി ഒരവസരത്തിൽ പ്രസിദ്ധപ്പെടുത്താമെന്നു് വിചാരിയ്ക്കുന്നു.

എന്നു് ആർ. ഈശ്വരപിള്ള.

വിഷയവിവരം.

ക. സാഹിത്യം.

ഖ. ഗ്രന്ഥനിർമ്മിതി.

ഗ. വായന അല്ലെങ്കിൽ ഗ്രന്ഥപാരായണം.

ഘ. കായികവിദ്യാഭ്യാസം.

ങ. മനുഷ്യജീവിതം— ചില വിമർശനങ്ങൾ.

ച. സന്മാർഗ്ഗവിദ്യാഭ്യാസം.

ഛ. സത്യം.

ജ. താലികെട്ടുകല്യാണം.

ഝ. സ്ത്രീകളും സ്വാതന്ത്ര്യവും

ഞ. സ്ത്രീകളും ചില അവകാശങ്ങളും.

ട. ഗ്രന്ഥങ്ങളും ഗ്രന്ഥശാലകളും.

ഠ. ഭാരതീയവനിതാവസ്ഥ.

ഡ. കാശി.

ഢ. അദ്ധ്യാപകവൃത്തി.

ചിന്താസന്താനം

ഒന്നാം ഭാഗം.

ക. സാഹിത്യം.

ആദ്യംമുതൽക്കേ ലോകത്തിൽ രണ്ടു വിധം ശക്തികരം പ്രവൃത്തിച്ചു വന്നിരുന്നു. ഇവ "ബലവും" "നയവും" ആകുന്നു. ഇവ രണ്ടിനേയും മനുഷ്യർ പരീക്ഷിച്ചു നോക്കാതെയും ഇരുന്നില്ല. ഇവയുടെ താരതമ്യ വിവേചനവും അവർ ചെയ്തിരുന്നു. ഇതിന്റെ ഫലമാണു്, "തൂലിക ഖഡ്ഗത്തേക്കാൾ ശക്തിമത്താണു്" എന്നുള്ള മഹദ്വാക്യത്തിൽ സംഗ്രഹിക്കപ്പെട്ടിരിക്കുന്നതു്. ഒരു വാക്യം, സാഹിത്യത്തിനു് ലോകത്തിലുള്ള ഒരനന്യ സാധാരണയായ പ്രേരണാശക്തിയെ സൂചിപ്പിക്കുന്നു. ലോകാരംഭം മുതൽക്കു് ഇതു് മനുഷ്യരുടെ പ്രതിപത്തിയ്ക്കു് വിഷയീഭവിച്ചിരിയ്ക്കുന്ന ഒരു വസ്തുവാണെന്നുള്ളതിനു് ലക്ഷ്യങ്ങൾ ഇല്ലാതില്ല. മാനുഷ്യവർഗ്ഗത്തിന്റെ അക്ഷയമായും അനർഘമായും ഉള്ള ഒരു പൊതുസ്വത്തു് വല്ലതും ലോകത്തിൽ ഉണ്ടെങ്കിൽ അതു് സാഹിത്യം തന്നെയാണെന്നുള്ളതിനു് രണ്ടുപക്ഷം ഇല്ല. ലോകചരിത്രം സാഹിത്യകർത്താക്കന്മാരില്ലായിരുന്നുവെങ്കിൽ ഇപ്പോഴത്തെക്കാൾ എത്രയോ അപൂർണ്ണസ്ഥിതിയിൽ തന്നേ ഇരിക്കുമായിരുന്നു. പ്രകൃതിയായ പാലാഴിയെ ആദ്യമായി മഥനംചെയ്തു് സുധയെടുത്തതും ഇവർതന്നെയാണു്. ആദ്യമായി ഭാഷയുടെ മാറുരച്ചു് നോക്കിയതും മറ്റാരുമല്ല. മനുഷ്യസ്വഭാവത്തിന്റെ വിവിധതലം കണ്ടറിഞ്ഞു് രേഖപ്പെടുത്തിയതും ഇവരല്ലാതെ പിന്നെയാരാണു്? ലോ-

കത്തെ മൂടിയിരിക്കുന്ന മായയായ ആവരണം പൊക്കി നോക്കിയതും ഇക്കൂട്ടർ തന്നെയാണു്. ശബ്ദങ്ങളുടെ കോളു് നോക്കി അവയിൽ അർത്ഥം സംഗ്രഹിച്ചതും മറവാരുമല്ല. ലോകഗ്രന്ഥത്തെ ആദ്യമായി വ്യാഖ്യാനിച്ചതും ഇവരായിരുന്നു. മനുഷ്യരെ അനശ്വരമായും വിശിഷ്ടമായും ഉള്ള ഒരു സുഖമാർഗ്ഗത്തിലേയ്ക്കു് നയിച്ചതും നയിക്കുന്നതും ഒരു സാഹിത്യകർത്താക്കന്മാരത്രേ.

. സാഹിത്യം, മനുഷ്യക്കു് നല്കപ്പെട്ടിട്ടുള്ള പ്രത്യേക അനുഗ്രഹങ്ങളിൽ ഒന്നാണു്; സംശയം ഇല്ല. സാഹിത്യകാരന്മാർ ലോകോപകാരികളും, നമുക്കു് മാർഗ്ഗദർശികളും, ഉപദേഷ്ടാക്കളും ആയിട്ടാണു് ഗണിയ്ക്കപ്പെട്ടിരിയ്ക്കുന്നതു്. മനുഷ്യരിൽ മരണമില്ലാത്തവർ വല്ലവരും ഉണ്ടെങ്കിൽ അതു് ഒരു മഹാന്മാർ തന്നെയാണു്. വാൽമീകി, കാളിദാസൻ, ഹോമർ, ഷേക്കസ്പിയർ മുതലായവർ അവരുടെ ബുദ്ധിയുടെ വിശിഷ്ടാംശങ്ങൾ കൊണ്ടു് ഇന്നും സജീവന്മാരായിരിക്കുന്നില്ലയൊ? ഇവരുടെ "ബുദ്ധിവിലാസം" ഇന്നും നമ്മെ ആനന്ദിപ്പിക്കയും, ആശ്വസിപ്പിക്കയും, പലപ്പോഴും നികൃഷ്ടാവസ്ഥകളിൽ നിന്നും ഉയർത്തുകയും ചെയ്യുന്നില്ലയൊ? ജീവിത ദശയിലുള്ള പല പല ഇരുൾ പ്രദേശങ്ങളും ഇവർ തങ്ങളുടെ അന്തർദ്ദീപങ്ങളാൽ പ്രകാശിപ്പിക്കുന്നില്ലയൊ? ഇവരുടെ ആലോചനാശക്തി, മനോധർമ്മം, ലോകപരിചയം ഇവയുടെ മധുരഫലങ്ങൾ ഇന്നും നാം ആസ്വദിക്കുന്നില്ലയൊ? മനുഷ്യരിൽ ചിലർ "ഉടലോടെ സ്വർഗ്ഗത്തിൽ പോയ"തായിപ്പുറത്തു കേട്ടിട്ടുണ്ടു്. ഇതു് അവാസ്തവമാണെന്നു് നാം വിചാരിച്ചേക്കാം. എന്നാൽ, അങ്ങിനെയല്ല. ഇഹലോകവ്യാപാരത്തിൽ കിടന്നു കഴങ്ങുന്ന നാം ആരെങ്കിലും ഒരു യഥാർത്ഥസാഹിത്യകാരന്റെ കൃതി വായിക്കുന്നതായാൽ അല്പകാലത്തേയ്ക്കു് മാത്രമായിരിയ്ക്കാമെ-

കിലും, നാം കേവലം സ്വസ്ഥതയില്ലാത്തതായ ഒരവസ്ഥയെ പ്രാപിക്കുന്നു. ഇതെല്ലാം നോക്കുമ്പോൾ സാഹിത്യം ഒരു വിശിഷ്ടവസ്തുവാണെന്ന് വിചാരിക്കാൻ കാരണമുണ്ട്. നെപ്പോളിയൻ ബോണപ്പാർട്ട്, സാഹിത്യകാരന്മാർക്ക് നല്കിയിട്ടുള്ള പേര് "വാക്യരചനക്കാർ" എന്നാണ്. ഇത് അക്ഷേപമായി പറഞ്ഞിട്ടുള്ളതാകുന്നു. എന്നാൽ, ഇദ്ദേഹമാകട്ടേ, "ഖഡ്ഗത്തിൽ" സർവ്വശക്തിപാടം കല്പിച്ചിട്ടുള്ള ഒരാളാകകൊണ്ട് ഇതിൽ ആശ്ചര്യപ്പെടാനൊന്നുമില്ല. ഇദ്ദേഹം സെൻറ് ഹെലിനായിൽ താമസിച്ചകാലത്തു് ഒരു അഭിപ്രായം ഭേദപ്പെട്ടിരിയ്ക്കാനിടയുണ്ട്.

ഇനി മറ്റുചിലർ എന്താണ് പറയുന്നതെന്ന് നോക്കാം.

"സുകവിതായാസ്തിരാജ്യോനകിം" എന്നുള്ള വാക്യം എന്തിനെയാണ് സൂചിപ്പിക്കുന്നതു്?

"സംഗീതസാഹിത്യരസാനഭിജ്ഞ, സ്സാക്ഷാൽപശുഃ പുച്ഛവിഷാണഹീനഃ" ഒരു കവിവാക്യത്തിന്റെ സാരം എന്താണ്?

"പ്രവൃത്തി തല്പരനായ സാഹിത്യകാരൻ ഇരുമുനയുള്ള ഒരു് ആയുധമാണ്." എന്നു് ലാർഡ് ബീക്കൺസ്ഫീൽഡ് പറഞ്ഞിട്ടുള്ളതും സാഹിത്യശക്തിയെ വിശദീകരിക്കുന്നില്ലയോ?

"ഞാൻ ഒരു രാജാവല്ലായിരുന്നു എങ്കിൽ ബാഡിലിയൻ പുസ്തകശാലയുടെ സൂക്ഷിപ്പുകാരനായിരിക്കാനാഗ്രഹിയ്ക്കുമായിരുന്നു." എന്നു്, ഇംഗ്ലണ്ടിലെ രാജാവായ ഒന്നാമത്തെ ജെയിംസ് ഒരിയ്ക്കൽ പറഞ്ഞിട്ടുള്ളതിന്റെ സാരവും എന്താണ്?

തീബ്സ് എന്ന നഗരത്തെ നശിപ്പിക്കുന്നതിനു്

അലക്സാണ്ഡർ മഹാരാജാവു് കല്പന കൊടുത്തപ്പോൾ, "പിൻഡാർ എന്ന കവിയുടെ ഭവനത്തെ ആരും തൊട്ടുപോകരുതെ"ന്നു് അദ്ദേഹം ആജ്ഞാപിച്ചതു് സാഹിത്യത്തിന്റെ മാഹാത്മ്യത്തെ കാണിയ്ക്കുന്നില്ലയോ?

"ഞാൻ ക്ലൈക്കിന്റെ ജേതാവായിരിക്കുന്നതിനെക്കാൾ ഗ്രേയുടെ ശ്മശാനഗീതയുടെ കർത്താവായിരിക്കാനാണു് അധികം ആഗ്രഹിക്കുന്നതു്." എന്നു്, സേനാധിപനായ വുൾഫ്, എന്ന മഹാൻ പ്രസ്താവിച്ചതു് എന്തിനെ സൂചിപ്പിക്കുന്നു?

ഹോമരുടെ ജനനസ്ഥലത്തിനു് ഒൻപതു് നഗരങ്ങൾ അവകാശപ്പെട്ടിരിക്കുന്നതെന്തിനാണാവോ? യൂറോപ്പിൽ ഇതരരാജ്യങ്ങളിൽ നിന്നും, അമ്മെരിക്കയിൽ നിന്നും അനേകം വിദ്വാന്മാർ പ്രതിവർഷം ഷേക്സ്പിയർ എന്ന മഹാന്റെ ജനന സ്ഥലത്തെ സന്ദർശിക്കുന്നതിനായി ഇംഗ്ലണ്ടിൽ വരുന്നതെന്തായിരിക്കാം?

ഇപ്രകാരം വിശിഷ്ടമെന്നു് സമ്മതിക്കപ്പെട്ടിട്ടുള്ള ഒരു സാഹിത്യത്തിന്റെ ഏകദേശമായ ഒരു സപരിചയജ്ഞാനം നമുക്കെല്ലാവർക്കും വേണ്ടതാണു്. എന്നാൽ, അതു് എന്നിൽ നിന്നും ലഭിയ്ക്കാമെന്നു് നിങ്ങളാരും ആശിക്കേണ്ടെന്നു് പറഞ്ഞുകൊള്ളുന്നു. ഒരു വിഷയത്തിൽ ഒരു പിടിയും കിട്ടാതെ ഞാനും കുഴങ്ങുകയാണു്. ഒരു വിഷയത്തിൽ പരിപൂർണ്ണജ്ഞാനം ലഭിക്കണമെന്നു് താല്പര്യമുള്ളവർ, പണ്ഡിതാഗ്രേസരനായ ഏ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ തിരുമനസ്സിലെ "സാഹിത്യസാഹ്യം" എന്ന പുസ്തകം വായിച്ചാൽ അവർക്കു് ഉദ്ദിഷ്ടഫലം സിദ്ധിക്കുന്നതാണു്. ഞാൻ ഇവിടെ പ്രസ്താവിക്കാൻ പോകുന്നതു് ചില ചില്ലറക്കാര്യങ്ങളെ സംബന്ധിച്ചു മാത്രമാണു്.

മലയാളത്തിൽ ഇപ്പോൾ സാഹിത്യകർത്താക്കന്മാർ വർദ്ധിച്ചുകൊണ്ടിരിക്കുന്ന കാലമാണല്ലൊ. അച്ചടിശാലകളും ധാരാളം ഉണ്ടു്. ഇതു് നമ്മുടെ മാതൃഭാഷയ്ക്കു് ഒരു അനുഗ്രഹം തന്നെയാണു്. പൂർവ്വകാലങ്ങളിൽ സാഹിത്യകാരന്മാർ അത്ര സുലഭമായിരുന്നില്ല. ഇതു് പരിഷ്കാരക്കുറവുകൊണ്ടാ മറെറാ ആയിരിയ്ക്കാമെന്നു് തോന്നുന്നു. പൂർവ്വകാലത്തു്, മനുഷ്യർക്കു് ഇപ്പോഴത്തെപ്പോലെ ബഹുപ്പാടും പരസ്പരമത്സരവും മറും ഇല്ലാതിരുന്നതിനാൽ അവർ വളരെ സാവധാനത്തിലും, ഭീരുലോചനയുടെ ഫലമായിട്ടും ആണു് സാഹിത്യരചന നടത്തിവന്നതു്. ഇപ്പോൾ തുടക്കത്തു് ബഹുപ്പാടിനിടയ്ക്കു് വേണ്ടിയിരിക്കുന്നു, ഒരു ജോലിയും നടത്തുവാൻ. എന്നിരുന്നിട്ടും, സംഖ്യയിൽ, പൂർവ്വന്മാരെ നാം പിന്നിട്ടിരിക്കുന്നു. ഇതിൽനിന്നും വല്ല ദോഷവുമുണ്ടാകുന്നുണ്ടോ എന്നു് ആലോചിക്കേണ്ടതാണു്.

"സാഹിത്യനിർമ്മാണം, മനുഷ്യന്റെ ആന്തരസമ്പത്തിന്റെ വികാസമാകുന്നു." അതു് കർത്താവിന്റെ ബുദ്ധിയുടെ ഒരു ശരിയായ പ്രതിഛായതന്നെ ആയിരിക്കും. ഇപ്രകാരമുള്ള പ്രതിഛായയേ രേഖപ്പെടുത്തണമെന്നു് വിചാരിയ്ക്കുന്നതു്, അന്യന്മാർക്കു് ഇതുകൊണ്ടു് വല്ലതും പ്രയോജനം ഉണ്ടാകണമെന്നുള്ള ഉദ്ദേശ്യത്തിന്മേലായിരിക്കണം. ഇപ്രകാരമായിരുന്നാൽ, സാഹിത്യരചനയ്ക്കായി പുറപ്പെടുന്നവർ തൂലിക കൈയിലെടുക്കുന്നതിനു് മുമ്പുതന്നെ താൻ സാഹിത്യകാരൻ എന്ന നിലയിൽ വഹിക്കേണ്ടതായ ഗൌരവമേറിയ ചുമതലയെക്കുറിച്ചു് അല്പംവിചിന്തനം ചെയ്യുന്നതു് നന്നായിരിക്കുമെന്നു് തോന്നുന്നു. ഇങ്ങിനെ ചെയ്യാതിരുന്നാൽ തങ്ങൾ വായനക്കാരുടെ ബുദ്ധിയേയും സ്വഭാവത്തേയും ദുഷിപ്പിക്കുന്നതിനും, അവരുടെ അഭിരുചിയെ അനഭിലഷണീയങ്ങളായ പന്ഥാക്കളിലേയ്ക്കു് ന-

യിക്കുന്നതിനും ഇടയുണ്ട്. അതിനാൽ, ഇവർ തങ്ങളോട്ടു തന്നേ ചില ചോദ്യങ്ങൾ ചോദിച്ചു് തൃപ്തിപ്പെട്ടിട്ടു് തുവലെടുത്താൽ കൊള്ളാമെന്നാണു് എന്റെ അഭിപ്രായം.

(എ) താൻ എന്തിനായിട്ടാണു് എഴുതാൻ പോകുന്നതു്?

(ബി) അന്യന്മാർക്കുപദേശം നല്കുന്നതുകൊണ്ടു തന്റെ വൈദുഷ്യം പക്വതയും, തനിയ്ക്കു് ലോകപരിചയവും വന്നിട്ടുണ്ടോ?

(സി) താൻ ഏതുതരം വായനക്കാർക്കുവേണ്ടിയാണു് എഴുതാൻ തുടങ്ങുന്നതു്?

(ഡി) ജനസാമാന്യത്തെ അപേക്ഷിച്ചു് തന്റെ നിലയെന്താണു്?

(ഇ) വിഷയത്തിൽ തനിയ്ക്കു് വല്ല പ്രത്യേക പാണ്ഡിത്യവും ജ്ഞാനവുമുണ്ടോ?

(എഫ്) ആത്മവിശ്വാസത്തിനു് അടിസ്ഥാനമുണ്ടോ?

ഇപ്രകാരം ഒരു സ്വപരാമർശപരീക്ഷ കഴിച്ചു് തൃപ്തനായിട്ടു വേണം തന്റെ അന്തർഗതങ്ങളെ രേഖപ്പെടുത്തുന്നതിനു്. ഇതൊന്നുമില്ലെന്നു കണ്ടാൽ തൂലിക യഥാസ്ഥാനത്തിൽ തന്നേയിരിക്കട്ടേ എന്നു വിചാരിയ്ക്കുന്നതാണു് ഭേദം. എന്നാൽ, ദിവ്യന്മാരായിരിയ്ക്കുന്ന സാഹിത്യകർത്താക്കന്മാർക്കു് ഇതൊന്നും ആവശ്യമില്ലെന്നു് പറയേണ്ടതില്ലല്ലോ. ഇവരുടെ ഉള്ളിൽ ജ്വലിക്കുന്ന ഗ്രന്ഥശക്തി ഒരു വ്യവസ്ഥകളാലൊന്നിനാലും ബന്ധിക്കുന്നതല്ല. ഇതു് സകല നിയമങ്ങളേയും അതിക്രമിച്ചു് നില്ക്കുന്ന ഒരു ശക്തിയാണു്. എന്നാൽ, ഇങ്ങിനെയുള്ള ദിവ്യന്മാർ ലോകത്തിൽ അപൂർവ്വമായിട്ടേ അവതരിയ്ക്കുന്നുള്ളൂ. എങ്കിലും, ഇവരുടെ കൃതികളാണു് സാഹിത്യകാരന്മാർക്കു് മാതൃകകളായി ഭവിച്ചിരിക്കുന്നതു്

ഖായനക്കാക്ക് ഇവയാണ് പ്രായേണ ആസ്വാദ്യങ്ങളായിരിക്കുന്നതും. ഇവയ്ക്കാണ് നമ്മുടെ ഹൃദയത്തിൽ ശാശ്വതമായ ഒരു സ്ഥാനം ലഭിച്ചിട്ടുള്ളതു്. നമ്മുടെ നാട്ടിൽ "സാഹിത്യകോടതികം" ഇല്ലാത്ത സ്ഥിതിയ്ക്ക് സാഹിത്യകർത്താക്കന്മാരുതന്നെ ആലോചിച്ചു് പ്രവൃത്തിക്കുന്നതായിരുന്നാൽ നന്നായിരിയ്ക്കും "ദോഷാപോഷിണി" സഭാപിന്നെയും നിദ്രയെ അവലംബിച്ചെന്നാണ് തോന്നുന്നതു്. ഇനിയെന്നാണാവോ ഉണരുന്നതു്? ഇതു് ജാഗ്രദവസ്ഥയിൽ ഇരുന്നുവെങ്കിൽ ഒരു വിഷയത്തിൽ വല്ലതും ചെയ്യാൻ കഴിയുമായിരുന്നു. ഇപ്പോൾ പ്രതിദിനമെന്നപോലെ പുറപ്പെട്ടുകൊണ്ടിരിക്കുന്ന മാസികകളിൽ ഒന്നു് ഇതിലേയ്ക്കു് പ്രത്യേകം ചുമതലപ്പെട്ടിരുന്നാലും മതിയാകുമായിരുന്നു.

സാഹിത്യം എന്നതു്, ഒരു വിദ്വാന്റെ വിചാരങ്ങൾ, വികാരങ്ങൾ, യുക്തികൾ, മനോധർമ്മങ്ങൾ മുതലായ മനോവ്യാപാരപരമ്പരയുടെ പ്രത്യക്ഷരൂപമാകുന്നു എന്നു് പറയാം. ബാഹ്യവസ്തുക്കളാകട്ടേ, ആന്തരവസ്തുക്കളാകട്ടേ, സാഹിത്യകാരന്റെ ബുദ്ധിയാകുന്ന ദർപ്പണത്തിൽക്കൂടി കടക്കുമ്പോൾ, അവയ്ക്ക്, ഒരു അദ്ഭുതപൂർവ്വമായിട്ടുള്ള രൂപത സിദ്ധിക്കുന്നു, എന്നു് തന്നേയുമല്ല, അവ നമ്മുടെയുള്ളിൽ ഒരു അഭിനവവും ആനന്ദപ്രദവും ആയ വികാരത്തെ ജനിപ്പിക്കയും ചെയ്യുന്നു. സാധാരണ വസ്തുക്കളും സാഹിത്യകാരന്റെ ജാലവിദ്യകൊണ്ടു് വിശിഷ്ടങ്ങളായിത്തീരുന്നു. ഏതു് വിഷയവും, തന്റെ ബുദ്ധിയാകുന്ന മൂശയിൽ ഉരുകി പുറത്തുവരുമ്പോൾ, ഒരു പുതുവർണ്ണത്തോടും, ശുദ്ധിയോടും, ശോഭയോടും കൂടി കാണപ്പെടുന്നു. സാഹിത്യകാരന്റെ ഉദ്ദേശ്യം, മനുഷ്യർക്ക് രസവും, ആ വഴി ജ്ഞാനവും നല്കുകയാകുന്നു. ഒരു ഉദ്ദേശ്യത്തിനു്. അനുരൂപമായിട്ടുള്ള വിധത്തിൽ വേണം സാഹിത്യകാരന്റെ പോക്ക്. മനോ-

ധർമ്മവും, പരിചക്കബുദ്ധിയും ഇയ്യാംക്കു് ഇതിലേയ്ക്കു് അത്യാവശ്യങ്ങളായ ഉപകരണങ്ങളാണു്. മനോധർമ്മം, "മനസ്സിന്റെ കുസുമ" മെന്നാണു് പറയപ്പെട്ടിരിക്കുന്നതു്. ഇതില്ലാത്ത കൃതിയും ഉപ്പില്ലാത്ത കറിയും ഒരുപോലേ അനാസ്വാദ്യങ്ങളായിരിപ്പാനേ തരമുള്ളു. "രഘുവംശം" "ആംഗ്ലാധാമ്രാജ്യം" മുതലായ കവിതകളും കേവലം ചരിത്രങ്ങളാണെങ്കിലും, ഒരോ കുസുമത്തിന്റെ സുഗന്ധപൂരം നിമിത്തം എത്രയോ രസപ്രകരങ്ങളായിത്തീർന്നിരിക്കുന്നു. ഇതു് ശ്രമംകൊണ്ടു് സിദ്ധിക്കാവുന്ന ഒരു ഗുണമാണെന്നു് തോന്നുന്നില്ല. ഒരോ ഗുണം വേശംപോലും ഇല്ലാത്തവർ സാഹിത്യഭൂമിയിൽ ചരിക്കാൻ തുനിയുന്നതു് അല്പം സാഹസമല്ലയോ എന്നു് സംശയം ഉണ്ടു്. ഇവർ വായനക്കാരെ വൃഥാ കഷ്ടപ്പെടുത്തുകയോ, വഴി തെറ്റിക്കയോ ചെയ്യുന്നതല്ലാതെ മറ്റുവല്ല ഗുണവും ചെയ്യുന്നതെന്നു് പറവാൻ നിവൃത്തി കാണുന്നില്ല. "സാഹിത്യകാരൻ" എന്ന പേരിനു് നമുക്കെല്ലാവർക്കും കൊതിയുണ്ടായിരിക്കാം. എനിക്കും ഇല്ലെന്നില്ല. പക്ഷേ, രഘുവംശത്തിലെ "വാമന" ന്റെ അനുഭവം നമുക്കും കിട്ടിയേക്കാമെന്നു മാത്രമേയുള്ളു.

സാഹിത്യകാരന്റെ പ്രധാന ഉപകരണം ഭാഷയാണല്ലോ. ഒരു ചിത്രമെഴുത്തുകാരൻ തന്റെ മനസ്സിൽ പതിഞ്ഞിട്ടുള്ള രൂപത്തെ വർണ്ണങ്ങളുടെ യഥാക്രമ സംയോഗംകൊണ്ടു് എങ്ങിനെ നമുക്കു് ദൃഷ്ടിഗോചരമാക്കിത്തീർക്കുന്നുവോ, അപ്രകാരം തന്നേ സാഹിത്യകാരൻ പദങ്ങളുടെ ശരിയായ ഘടനകൊണ്ടു് അയാളുടെ അന്തർഗ്ഗതങ്ങളെ സരസമായ വിധത്തിൽ പ്രകാശിപ്പിക്കുന്നു. ഒരു സാഹിത്യകാരൻ, വക്താവു് തന്നെയല്ല ദൃഷ്ടാവു് കൂടിയായിരിക്കണം. വസ്തുക്കളേ യഥാർത്ഥസ്ഥിതിയിൽ കാണുകയും കാണുന്നതുപോലെ അവയെ അന്യന്മാർക്കു് കാണിച്ചുകൊടുക്കുകയും ചെയ്യു-

ണം. ഇതിലാണ് സാമർത്ഥ്യം ഇരിക്കുന്നതു്. എന്നാൽ, വാക്കുചാതുര്യം ചിരപരിശ്രമംകൊണ്ടു് സമ്പാദിക്കേണ്ട ഒരു ഗുണമാണു്. ഭിന്നവസ്തുക്കളാണെങ്കിലും ഒരിക്കലും വേർപെടുത്താൻ പാടില്ലാത്ത വിധത്തിൽ അന്യോന്യംസംബന്ധിച്ചിരിക്കുന്ന "വാക്കു്" "വിചാരം" ഇവയുടെ കൈകാര്യത്തിൽ അയാൾ ഒരു അസാമാന്യ സാമർത്ഥ്യം ഉള്ള ആളായിരിക്കണം. അനവരതങ്ങളായി പ്രവഹിച്ചുകൊണ്ടിരിക്കുന്ന അന്തർഗതങ്ങളെ വേണ്ടവിധംവെളിപ്പെടുത്തുകയാണു് അയാളുടെ മുഖ്യ ഉദ്ദേശ്യം. ഇതു് അത്ര സുസാദ്ധ്യമായ കാര്യം ആണെന്നു് തോന്നുന്നില്ല. എന്നാൽ, പ്രായേണ സാഹിത്യകാരന്റെ വാക്കുചാതുര്യവും ഭാഷാരീതിയും തന്റെ വിഷയത്തിലുള്ള പാണ്ഡിത്യം, പ്രതിപത്തി ഇവയുടെ ശക്തിയെ അനുസരിച്ചു തന്നേയിരിക്കും. അയാളുടെ കൃതികൾ തന്റെ ബുദ്ധിയുടേയും ജീവിതത്തിന്റേയും നിർമ്മലദർപ്പണങ്ങളായും ഇരിക്കും. വാക്കും വിചാരവും പ്രത്യേകവൃത്തികളോടുകൂടിയവയാണെങ്കിലും ഒന്നിന്റെസഹായം മറ്റതിനില്ലാതിരുന്നാൽ രണ്ടും നിഷ്പ്രയോജനമായിരിക്കാനേ മാർഗ്ഗമുള്ളു. വിചാരവും വാക്കും തമ്മിൽ യോജിക്കാതെ വരുമ്പോളാണു് വെട്ടം തിരുത്തും ധാരാളമായി വേണ്ടിവരുന്നതു്. ഇങ്ങിനെ പല ആവർത്തി കഴിഞ്ഞാൽതന്നെയും തന്റെ മനോഗതങ്ങളെ പൂർണ്ണമായി പ്രകടിപ്പിക്കുന്നതിനു് തക്കവണ്ണം വാക്കുകൾ മതിയായില്ലെന്നുള്ള അതൃപ്തി മാത്രം ശേഷിക്കുന്നു. ഇപ്പോൾ നമ്മുടെ പ്രീതിക്കും ബഹുമാനത്തിനും പാത്രീഭവിച്ചിട്ടുള്ള എല്ലാ സാഹിത്യഗ്രന്ഥങ്ങളും ഇപ്രകാരമുള്ള അനുഭവത്തിൽക്കൂടി കടന്നു് വന്നിട്ടുള്ളവയാണെന്നു് പറയുന്നതിനു് ധാരാളം ലക്ഷ്യങ്ങൾ ഉണ്ടു്. മഹാന്മാരുടെ കൃതികൾക്കു് അടിസ്ഥാനമായ കൈയെഴുത്തു് പുസ്തകങ്ങൾ നോക്കുന്നതായാൽ ഒരു വാസ്തവം ഏറക്കുറെ വെളിപ്പെടുന്നതാകുന്നു.

എന്നാൽ, ഇപ്പോഠം നമ്മുടെയിടയിലുള്ള സാഹിത്യകാരന്മാരുടെ കൈയെഴുത്തു് പുസ്തകവും അച്ചടിച്ച പ്രതിയും തമ്മിൽ വല്ല വ്യത്യാസവും തന്നെയുണ്ടോ എന്നു് സംശയമാണു്. ഇവയ്ക്കു് മദ്ധ്യേയുള്ള ഘട്ടം അച്ചു് നിരത്തുന്നതിനുള്ള സമയം മാത്രമായിരിക്കാനാണു് ഇടയുള്ളതു്. ഇതു് പക്ഷേ പരിഷ്കാരാധിക്യം കൊണ്ടും വന്നേക്കാം.

"ഒരു കൃതിയെക്കാൾ അതിന്റെ കർത്താവിനു് മാഹാത്മ്യം കൂടും" എന്നുള്ള വാക്യം ഒരു സൂക്ഷ്മതത്ഥത്തെ സൂചിപ്പിക്കുന്നു. ഒരു സാഹിത്യകാരന്റേയോ ചിത്രകൃത്തിന്റേയോ മനസ്സിൽ സങ്കല്പിക്കപ്പെട്ടു് മാതൃകയും അവർ അതനുസരിച്ചു് സൃഷ്ടിക്കുന്ന വസ്തുക്കളും തമ്മിൽ വലിയ വ്യത്യാസം കണ്ടുവരുന്നുണ്ടെന്നുള്ളതു് സർവ്വസമ്മതമായിട്ടുള്ള ഒരു കാര്യമാണു്. ഒന്നു് മറ്റതിന്റെ ഒരപൂർണ്ണമായ പ്രതിബിംബമായിട്ടു് മാത്രം ഭവിക്കുന്നതേയുള്ളു. ഇതു് ഉപകരണങ്ങളുടെ ന്യൂനതകൊണ്ടു തന്നേ സംഭവിക്കുന്നതായിരിക്കണം, ഠരം കാരണത്താൽ ഒരു സാഹിത്യകാരന്റെ യോഗ്യത അയാളുടെ കൃതികളിൽ നിന്നു മാത്രം അനുമാനിക്കുന്നതായാൽ അതു് ശരിയായിരിക്കുമെന്നു് വിചാരിക്കാൻ പാടില്ല. ഠരം സ്ഥിതിക്കു് നാം ഇപ്പോൾ ദിവ്യന്മാരെന്നു് സമ്മതിച്ചു പോരുന്ന വാത്മീകി, ഷേക്സ്പിയർ മുതലായവരുടെ യഥാർത്ഥ യോഗ്യത നാം നിശ്ചയിച്ചിരിക്കുന്നതിൽ നിന്നു് എത്രയോ അധികമായിരിക്കണം. ഠരം തത്ഥ്യം നാം ആരെങ്കിലും ഓർമ്മിക്കുന്നുണ്ടോ? നാം നമ്മുടെ മഹാകവികളെ ഒക്കെയും തൂക്കി നോക്കി അവർക്കു് ഓരോ സ്ഥാനവും കല്പിച്ചിരുത്തിയിരിക്കയാണല്ലൊ. ഇതു് നമ്മുടെ അജ്ഞതയുടെ ആധിക്യം കൊണ്ടല്ലാതെ മറെന്തുകൊണ്ടാണു്? നമ്മുടെ കൊച്ചു മുഴക്കോൽ താഴ്ത്തിവയ്ക്കുകയാണു് ഇതിൽ ഭേദമെന്നു് പറയേണ്ടിയിരിക്കുന്നു.

സമർത്ഥനായ ഒരു സാഹിത്യകാരൻ, തന്റെ വികാരങ്ങൾക്കും അഭിപ്രായങ്ങൾക്കും അനുരൂപമായ ഭാഷയേ ഉപയോഗിക്കുന്നു. മനോധർമ്മം ഊറി വരുമ്പോൾ അതു് അലങ്കാര രൂപേണ പ്രവഹിക്കുന്നു. ഹൃദയം കഠിനമായ വികാരംകൊണ്ടു് ക്ഷോഭിക്കുമ്പോൾ വാക്കുകളും തീക്ഷ്ണങ്ങളായിത്തീരുന്നു. ദയ കൊണ്ടു് ചിത്തം ആർദ്രമാകുമ്പോൾ പദങ്ങൾ മന്ദാകിനിയെപ്പോലെ ഒഴുകുന്നു. എന്നുവേണ്ട, സകല രസങ്ങൾക്കും ഉചിതങ്ങളായിരിക്കുന്ന പദങ്ങൾ സുലഭമായിത്തന്നെ വരുന്നു. അന്തർഗ്ഗതങ്ങൾക്കും വാക്കുകൾക്കും പരസ്പരം ഒരാകൃഷ്ണശക്തി ചിരപരിചയംകൊണ്ടു് വന്നുകൂടുന്നുണ്ടു്. യാതൊരുത്തനാണോ മറുവിധ യോഗ്യതയോടുകൂടി ൦൩ം ഘട്ടത്തിൽ എത്തുന്ന അങ്ങിനേയുള്ള ഒരുത്തൻ സാഹിത്യ വേശ്യാ വശീകരണത്തിനു് പുറപ്പെടുന്നതായാൽ അയാൾക്കു് ഒരുവിധം വിജയംപ്രാപിക്കാൻ കഴിയുന്നതാണു്. എന്നാലും, സ്ഥിരശ്രമം, ഉത്സാഹം എന്നീ രണ്ടു ഗുണങ്ങൾ അവശ്യം വേണ്ടതാകുന്നു. ലോകത്തിലുള്ള മറ്റു കായ്യങ്ങളെന്നപോലെ ഇവിടെയും ഉർഘടങ്ങളും പ്രതിബന്ധങ്ങളും നേരിട്ടു എന്നു് വന്നേക്കാം. പക്ഷേ, ശ്രമവും ക്ഷമയും, ഉള്ള ഒരാൾക്കു് വിജയം താനേതന്നെ വന്നുകൂടും. ദീർഘകാലംകൊണ്ടു് പഴുക്കുന്ന ഫലമാണല്ലോ പ്രായേണ സ്വാദു് കൂടിയവയായി കാണപ്പെടുന്നതു്. മനുഷ്യർ സാധാരണയായി ജയംകൊണ്ടല്ലാ പരാജയം കൊണ്ടാണു് വിജയം പ്രാപിക്കുന്നതു്. ഒരു തത്പരം സാഹിത്യപദ്ധതിയിൽ പ്രവേശിക്കാനിച്ഛിക്കുന്നവർ സദാ ഓർമ്മിക്കേണ്ട ഒന്നാണു്.

സാഹിത്യം അതി വിശിഷ്ടമായ ഒരു സമ്പത്താണെന്നു് പറഞ്ഞുവല്ലോ. സാഹിത്യകാരൻ ഹൃദയ രഹസ്യങ്ങളെ വെളിപ്പെടുത്തുകയും, വേദനയേ ശമിപ്പിക്കയും, മുഖത്തേ ള്ള-

രീകരിക്കയും, ഭ്രതദയയേ വൎദ്ധിപ്പിക്കയും, ഗുണദോഷങ്ങളേ ഉപദേശിക്കയും, അനുഭവത്തേ രേഖപ്പെടുത്തുകയും, വിജ്ഞാനത്തേ നിലനിൎത്തുകയും ചെയ്യുന്നു. മഹാകവികൾ മനുഷ്യവൎഗ്ഗത്തെ ഏകീകരിക്കയും, അവരുടെ സൎവ്വസാധാരണങ്ങളായ അഭിപ്രായങ്ങളേ പ്രകടിപ്പിക്കയും, ഭ്രതവും, ഭാവിയും തമ്മിൽ ഘടിപ്പിക്കയും ചെയ്യുന്നു. ഇവർ മനുഷ്യവൎഗ്ഗത്തിന്റെ വക്താക്കളും പരിഭാഷകന്മാരുമാകുന്നു.

"സമ്പത്തിങ്കലതീവ സൌഖ്യമതുപോ-
ലാപത്തിലാശപാസവും
വമ്പന്മാരിവർ നല്കിടുന്നു നിതരാം,
സാരോപദേശങ്ങളാൽ
അന്തം വിട്ടിവർ ചെയ്തിടുന്നൊരുപകാ-
രത്തെ സ്മരിക്കും വിധൌ
സന്തോഷാശ്രുഗണം പൊഴിഞ്ഞ വിരതം
ഗണ്ഡം നനയ്ക്കുന്നിതാ"

റാബർട്ട് സൌത്തി.

൨. ഗ്രന്ഥനിൎമ്മിതി.

ഗ്രന്ഥനിൎമ്മാണം ഇപ്പോൾ ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കയാണല്ലൊ. പൂൎവ്വകാലങ്ങളെ അപേക്ഷിച്ചു്, ഓരോ കാലം ഓരോ വിഷയത്തിൽ വളരെ വ്യുത്പാസപ്പെട്ടിരിക്കുന്നു. പല കാരണങ്ങൾകൊണ്ടും, മുൻകാലങ്ങളിൽ ഗ്രന്ഥനിൎമ്മിതി വളരെ മന്ദഗതിയിൽതന്നെ ഇരുന്നതേയുള്ളു എന്നുള്ളതിനു് ലക്ഷ്യങ്ങളും ഉണ്ടു്. വിദ്വാന്മാരുടേയും വായനക്കാരുടേയും കുറവുകൊണ്ടും, വിദ്യാഭ്യാസത്തിന്റെ അഭാവംകൊണ്ടും, അച്ചടിയന്ത്രങ്ങളും നിമിത്തമുണ്ടാകാവുന്ന ചെലവുകുറ്റാഭാവംകൊണ്ടും ഗ്രന്ഥങ്ങളും വൎദ്ധിക്കുന്നതിനിട

ടയില്ലാതെ ഇരുന്നു. എന്നുതന്നെയുമല്ല, ഇപ്പോഴത്തെപ്പോലെ "തൂവലെടുത്തവരൊക്കെയും ഗ്രന്ഥകർത്താക്കന്മാരെ"ന്നുള്ള ഏർപ്പാടും അന്നില്ലായിരുന്നു. അന്ന് വിദ്വാന്മാരല്ലാത്തവർ ഒരു വിഷയത്തിൽ പ്രവേശിക്കുക പതിവില്ലായിരുന്നു. സാഹിത്യഭൂമിയുടെ അതിരും അവിതർക്കിതമായ വിധത്തിൽ നിശ്ചയിക്കപ്പെട്ടിട്ടുണ്ടായിരുന്നു. അതുകൊണ്ട് "കയ്യേറ്റ"വും അപൂർവ്വമായിത്തന്നേയിരുന്നു.

ഇതുകൂടാതെയും, കവിതയെന്നതു് അത്ര ലഘുവായിട്ടുള്ളതോ, നിസ്സാരമായിട്ടുള്ളതോ, അല്ലെന്നായിരുന്നു അക്കാലത്തെ ജനസാമാന്യത്തിന്റെ ബോധം. ആ വിഷയത്തിൽ പരിശ്രമിച്ചവരും ലോകരുടെ സമ്മതി ലഭിച്ചവരും മാത്രമേ അതിനു് തുനിയാറുംഉള്ളൂ. സമുദായത്തിന്റെ അസ്ഥിര സ്വഭാവംകൊണ്ടും, കലഹങ്ങളുടെ സമൃദ്ധികൊണ്ടും, സ്വത്തിന്റേയും ജീവന്റേയും സംരക്ഷണവിഷയത്തിൽ ഉണ്ടായിക്കൊണ്ടിരുന്ന പ്രതിബന്ധങ്ങളും നിമിത്തവും, സാഹിത്യഭൂമി കൃഷി ചെയ്യാതെ ഏറക്കുറേ തരിശായിത്തന്നേ കിടന്നിരുന്നു. എന്നാൽ, ഇപ്പോൾ ഇതൊക്കെ മാറിപ്പോയിരിക്കുന്നു. സാഹിത്യഭൂമിയുണ്ടായിരുന്ന അതിരുകളും തെറ്റുമാറ്റു പോയതിനാൽ അതിൽ ആർക്കും പ്രവേശിക്കാൻ വിരോധമില്ലെന്നുള്ള നിലയിലായിരിക്കുന്നു. വിദ്യാഭ്യാസം, കൃതിയും ചാട്ടവുമായിട്ടാണ് ഇപ്പോൾ വർദ്ധിച്ചുവരുന്നതു്. മനുഷ്യകായ്യങ്ങളും സംഖ്യയിൽ കൂടിക്കൂടി വരുന്നു. വായനക്കാരും വർദ്ധിച്ചുവരുന്നു. നൂതനങ്ങളായ അറിവുകളും പ്രതിക്ഷണമെന്നപോലെ ഉണ്ടായിക്കൊണ്ടിരിക്കുന്നു. അച്ചടിക്കുന്നതിനുള്ള സൌകര്യമൊ പറയണമെന്നില്ലല്ലോ. മുൻപ് ഒരു ഗ്രന്ഥം പകർത്തുന്നതു് എത്രയോ കാലത്തെ ജോലിയായിരുന്നു. ഇപ്പോൾ ഗ്രന്ഥനിർമ്മിതി ഒരു പ്രത്യേക തൊഴിലായി ആരുംതന്നേ വിചാരിക്കുന്നില്ല. മറ്റു

ജോലികളുടെ ഇടയ്ക്ക് ഇതും നടത്തിവരുന്നുണ്ട്, പണ്ട് ഒരു ഗ്രന്ഥം വളരെക്കാലത്തെ ആലോചനയുടേയും പരിശ്രമത്തിന്റേയും അനുഭവത്തിന്റേ ഫലമായിട്ടാണിരുന്നത്, ഇപ്പോൾ സാധാരണ അങ്ങിനെയാണോ എന്നു സംശയമാണ്. പക്ഷേ, ഒരു മാതിരി ഗ്രന്ഥങ്ങൾക്കിപ്പോൾ അധികം ആവശ്യം ഇല്ലായിരിക്കാം. സാവകാശത്തിലും ആലോചിച്ചും പുസ്തകങ്ങൾ വായിക്കുന്നതിന് അധികംപേർക്കും ഇപ്പോൾ സമയമില്ല. ഒന്നു നോക്കി തള്ളാൻ മാത്രമേ നമുക്ക് ഇടയുള്ളു. ഇക്കാലത്തിന്റെ ഒരു പ്രധാനലക്ഷണം നമുക്ക് എല്ലാക്കാര്യങ്ങളിലുമുള്ള "ദ്രുതഗതി"യാണല്ലോ. നിന്ന് ശ്വാസം വിടുന്നതിനുപോലും ഇടയില്ലാതാണിരിക്കുന്നത്, ഇങ്ങിനെയിരുന്നാലും ഇക്കാലത്തു ഗ്രന്ഥങ്ങൾ പ്രതിദിനം വളിച്ചുകൊണ്ടാണിരിക്കുന്നത്. അവയെ ബുഭുക്ഷയോടേ ചിലരൊക്കെ വിഴുങ്ങുന്നും ഉണ്ട്. എന്നാൽ, ഇവയിൽ എത്രമാത്രം പോഷകാംശം ഉണ്ടെന്നും, എത്രമാത്രം നാം ഗ്രഹിക്കുന്നുണ്ടെന്നും നിർണ്ണയിക്കാൻ പ്രയാസമാണ്. നമ്മുടെ സ്വഭാഷയായ മലയാളത്തിലും ഇപ്പോൾ ഗ്രന്ഥങ്ങൾ വളിച്ചു വരുന്നുണ്ടെന്നുള്ളതു ഒരു സന്തോഷകരമായ സംഗതിയാണ്. നമ്മുടെ സാഹിത്യഭൂമിയിൽ ഇനിയും പല പ്രദേശങ്ങളും ഒഴിഞ്ഞു കിടക്കുന്നുണ്ട്, സഹാറായിൽ ഉള്ളതുപോലെ ആവിടവിടെ സസ്യജലസമൃദ്ധിയുള്ള സ്ഥലങ്ങൾ കാണ്മാനുണ്ടെങ്കിലും അധികംഭാഗവും സാഹിത്യഭൂകൃഷ്കന്റേ കരസ്പർശം തട്ടാതെയാണിരിക്കുന്നത്. ഒരു ന്യൂനതയെ പരിഹരിക്കേണ്ടതു് അത്യാവശ്യമാണല്ലോ, വിദ്വാന്മാരും സുസമ്മതന്മാരുമായിരിക്കുന്നവർ ഒരു വിഷയത്തിൽ പരിശ്രമിക്കേണ്ടതു് അവരുടെ ഒരു വലിയ ചുമതലയാണ്. അവരെ ഉത്സാഹിപ്പിക്കേണ്ടതും ജനസാമാന്യത്തിന്റെ അത്രപോലെ തന്നേ ഗൌരവമേറിയ ഭാരമു-

ണ്ട്. എന്നാൽ, ഗ്രന്ഥനിർമ്മിതിക്ക് ഒരസാധാരണമായ വശീകരണശക്തിയുണ്ട്. ഒരു ശക്തിയുടേ ആകഷ്ണത്തിൽ പലപ്പോഴും അതിനു യോഗ്യന്മാരല്ലാത്തവരും അകപ്പെട്ടു പോയെന്നു വന്നേക്കാം. എന്നാൽ, ഉദ്ദേശ്യം ഉൽകൃഷ്ടമാകകൊണ്ടു് ഇവരേയും നാം അധൈര്യപ്പെട്ടുത്താതിരിക്കേണ്ടതാണു്.

ലോകത്തിൽ അവരവക്കുള്ള ശക്തിയെ യഥാർത്ഥമായി ഗ്രഹിക്കുന്നവർ ചുരുക്കമാണു്. ഒൻകിൽ, ഉള്ളതിലധികമുണ്ടെന്നോ അല്പമുണ്ടെങ്കിൽ, അതിൽ കുറവാണെന്നോ നാം വിചാരിച്ചുവരുന്നു. ഇതുനിമിത്തം നാം അസ്ഥാനങ്ങളിൽ പ്രവേശിച്ചു പോകുന്നു. ഗ്രന്ഥനിർമ്മിതിയിലും ഇപ്രകാരം സംഭവിക്കാവുന്നതാണു്. നമ്മുടെ സാഹിത്യഭണ്ഡാരത്തിലും പലപ്പോഴും കള്ളന്മാർ കയ്യിട്ടു വാരിക്കാറുണ്ടു് എന്നു വന്നേക്കാം. എന്നാൽ; ചിലപ്പോൾ മറിച്ചും കാണുന്നുണ്ടെന്നു് സമാധാനപ്പെടാം. എന്നാൽ, ഗ്രന്ഥനിർമ്മിതി അതി ലഘുവായ ഒരു കായ്മാണെന്നു് വിചാരിച്ചുകൂടാ. ഗ്രന്ഥകാരന്മാർക്കു് സഹജമായ ഒരു വാസനയും മറ്റു പല ഗുണങ്ങളും ഉണ്ടായിരിക്കേണ്ടതാണെന്നു് വിചാരിക്കപ്പെട്ടിരിക്കുന്നു. അനേകം ഗുണങ്ങൾ ഉണ്ടായിരുന്നാൽ മാത്രമേ ഗ്രന്ഥനിർമ്മാണം ഉദ്ദിഷ്ടഫലത്തെ തരികയുള്ളു. ലോകത്തിലുള്ളതിൽ ഏറ്റവും പ്രയാസമായ ജോലി "ആലോചിക്ക" എന്നുള്ളതാണെന്നു് ഒരു മഹാൻ പറഞ്ഞിരിക്കുന്നു. ഗ്രന്ഥനിർമ്മിതിക്കു് പ്രധാനമായും വേണ്ടതു് ഇതൊന്നാണു്. ഒരു സ്ഥിതിക്കു് ഗ്രന്ഥനിർമ്മിതി എത്രയോ പ്രയാസമേറിയ ഒരു കൃത്യമാണു്. ആലോചനയില്ലാതെ എഴുതുന്നവ പ്രയോജനംകുറഞ്ഞതായി വായിക്കപ്പെടാവുന്നവയാണു്. ഇതു് ഗ്രന്ഥകാരനും വായനക്കാരനും സമയവ്യയത്തിൽ ഇടയാക്കുന്നു. മനുഷ്യബുദ്ധിയുടെ അഗാധ

പ്രദേശത്തുനിന്നുത്ഭവിക്കുന്നതേ ലോകത്തിൽ സ്ഥായിയായി നിലനില്ക്കയുള്ളൂ. ഇതു കൂടാതെ, ഉൽകൃഷ്ടവിദ്യാഭ്യാസം, കല്പനാശക്തി, ലോകപരിചയം, അനുഭവം, സൂക്ഷ്മഗ്രഹണം, നിരന്തരമായ ഗ്രന്ഥപാരായണം, മനുഷ്യസ്വഭാവത്തിന്റെ യഥാർത്ഥജ്ഞാനം, മുതലായ മറ്റു് അനേക ഗുണങ്ങളും ആവശ്യമുണ്ടു്. ഒരു ഗുണങ്ങളും എല്ലാം തികഞ്ഞ ഗ്രന്ഥകാരന്മാരുടെ സംഖ്യ നമ്മുടെ കൈവിരലുകൾകൊണ്ടു് എണ്ണാവുന്നതാണു്. ഇവരാണു് നമ്മുടെ സാഹിത്യഭൂമിയെ ഇപ്പോൾ ഭരിക്കുന്നതു്. ഇവരെ ഏറക്കുറെ അനുഗമിക്കുന്നതായി അനേകം പേരുണ്ടു്. പിന്നെ "ഭാഷാന്തരക്കാരായും", "രൂപാന്തരക്കാരായും" മറ്റു ചിലരും സാഹിത്യഭൂമിയുടെ പുറംപോക്കു സ്ഥലത്തെ കൈവശപ്പെടുത്തിയിരിക്കുന്നുണ്ടു്. ഇതെല്ലാംകൊണ്ടും ഗ്രന്ഥകർത്താക്കന്മാരുടെ കുറവു് നമുക്കിപ്പോൾ അധികമില്ലെന്നു തോന്നുന്നു. ഗ്രന്ഥങ്ങളുടെ കുറവേയുള്ളൂ. ജീവചരിത്രം, ദേശചരിത്രം, വിവിധശാസ്ത്രങ്ങൾ, വിദ്യാഭ്യാസവിഷയം, സമുദായവിഷയം ഇവയിൽ നാം ഇതേവരെ കാൽവച്ചു എന്നുകൂടി പറവാൻ തരമില്ലാതാണിരിക്കുന്നതു്. ഒരു വിഷയങ്ങളിൽ ഗ്രന്ഥങ്ങൾ നിർമ്മിക്കുന്നതു് മുൻപു് പ്രസ്താവിച്ചതുപോലെ അല്പം പ്രയാസമായിട്ടുള്ള കാര്യമായിരിക്കാം, എന്നുവച്ചു് വല്ലതുമൊക്കെ എഴുതിയിട്ടേക്കാമെന്നു് വിചാരിക്കുന്നതു് അല്പം സാഹസമായിട്ടുള്ളതാണെന്നാണു് എന്റെ അഭിപ്രായം.

അല്പം വിദ്യാഭ്യാസം സിദ്ധിച്ചാലുടനെ ഗ്രന്ഥമെഴുതണമെന്നു് ഒരു നിബ്ബന്ധനിയമമുണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ടു് നാം ബദ്ധപ്പെട്ടിട്ടും ഭയന്നിട്ടും ആവശ്യമില്ല. ലോകത്തിനും കുറച്ചുകൂടി ക്ഷമിച്ചിരിക്കാൻ മേലാതെയുമില്ല. നാം വല്ല ഗ്രന്ഥങ്ങളും എഴുതുന്നതായിരുന്നാൽ, അവയ്ക്കു്

ലോകത്തെയൊ ലോകാംശത്തെയൊ അല്പമെങ്കിലും ഉയർത്തുന്നതിനുള്ള ശക്തിയുണ്ടായിരിക്കണമെന്നുള്ള ഉദ്ദേശ്യത്തെ മുൻനിറുത്തി പ്രവർത്തിക്കേണ്ടതാകുന്നു. ഇതല്ലാതെ ധനമോ, യശസ്സോ, സ്ഥാനപ്പേരോ സമ്പാദിക്കുന്നതിനോ, തന്റെ പഠിപ്പിനെ പ്രദർശിപ്പിക്കുന്നതിനോ, ആയിട്ട് മാത്രം ഗ്രന്ഥനിർമ്മിതിയിൽ പ്രവേശിക്കാമെന്നു വിചാരിക്കുന്നതു് യുക്തമല്ല. "പ്രസാധകനു് നഷ്ടം വന്നിട്ടുള്ള പുസ്തകങ്ങളിൽ നിന്നാണു് ലോകർക്കു് ലാഭം സിദ്ധിച്ചിട്ടുള്ളതു്" എന്നുള്ള വചനത്തിന്റെ സൂക്ഷ്മാർത്ഥം ആലോചിക്കേണ്ടതാണു്. നാം ഇപ്പോൾ അത്യുൽകൃഷ്ടങ്ങളെന്നു വിചാരിക്കുന്ന ഷേക്സ്പിയരുടെ കൃതികൾ ആറുകൊല്ലത്തോളം അശ്രദ്ധിതങ്ങളായി കിടക്കേണ്ടിവന്നു. ഒടുവിൽ ഡാക്ടർ ജാൻസൺ ആണു് അന്ധകാരത്തിൽ കിടന്നിരുന്ന ഇവയെ, റാന്തൽ കൊളുത്തി മനുഷ്യർക്കു് കാണിച്ചുകൊടുത്തതു്. പക്ഷേ, ഇക്കാലത്തുണ്ടാകുന്ന ഗ്രന്ഥങ്ങൾക്കു് ഇതുപോലെയുള്ള അനുഭവം വരാൻ തരമില്ലാതിരിക്കാം. ഇപ്പോൾ ഉണ്ടാക്കപ്പെടുന്ന ഗ്രന്ഥങ്ങളിൽ രണ്ടാം പതിപ്പാവശ്യപ്പെടുന്നവ എത്രയെണ്ണം ഉണ്ടെന്നു് ഒരു കണക്കെടുക്കുന്നതു് നന്നായിരിക്കും. ഒരു കൊല്ലത്തെ പ്രായമില്ലാത്ത പുസ്തകം വായിക്കരുതെന്നാണു് എമേഴ്സൺ ഉപദേശിക്കുന്നതു്. ഠരം ഉപദേശം അനുസരിച്ചു് നാം പ്രവർത്തിക്കുന്നതായിരുന്നാൽ മലയാളഭാഷയിൽ നമുക്കു് എത്ര പുസ്തകങ്ങൾ വായിക്കാൻ കിട്ടുമെന്നു് പരീക്ഷിച്ചു നോക്കേണ്ടതു തന്നെയാണു്.

ഗ്രന്ഥങ്ങൾ ലോകത്തിൽ വലുതായ ദോഷങ്ങൾക്കും ഗുണങ്ങൾക്കും ഇടയാക്കീട്ടുണ്ടെന്നു് ചരിത്രങ്ങളിൽ നിന്നും നമുക്കറിയാവുന്നതാണു്. അതുകൊണ്ടു് ഗ്രന്ഥനിർമ്മാണത്തിനു് തുനിയുന്നവർ അവർ രേഖപ്പെടുത്താൻ പോകുന്ന

അന്തഗ്രന്ഥങ്ങൾ ഏതു വഴിക്കാണു് പായുന്നതിനിടയുള്ള-തെന്നു് ആലോചിച്ചുതിനമേൽ പ്രവൃത്തിക്കുന്നതു് ഉചിതമായിരിക്കും. ഇങ്ങനെ വല്ലതുമാലോചിച്ചിട്ടാണോ നാം ഇപ്പോൾ ഗ്രന്ഥങ്ങൾ എഴുതിത്തള്ളുന്നതെന്നു് എനിക്കു വളരേ സംശയമുണ്ടു്. അല്പം വിദ്യാഭ്യാസം ലഭിച്ചു കഴിഞ്ഞാലുടനെ ഗ്രന്ഥകാരന്മാരാവാൻ ഉള്ള യോഗ്യതമുഴുവൻ സിദ്ധിച്ചുവെന്നാണു് നമ്മിൽ പലരുടേയും വിചാരം. പോരെങ്കിൽ കുറേ സംസ്കൃതപദങ്ങളും കൂടി സമ്പാദിച്ചാൽ ധാരാളമായി. ആലോചനാശക്തിയും മനോധർമ്മവും മറ്റും കൈകാട്ടിവിളിച്ചാൽ ഉടനേ വരുന്നവയല്ല. ഇവ രണ്ടുമാണു് ഗ്രന്ഥകാരനു് അത്യാവശ്യമായിട്ടുള്ളതു്. "നിരന്തരാഭ്യാസ ദൃഢീകൃത"മായിരിക്കുന്ന ബുദ്ധിയുടെ ഫലമാണു് ഒന്നാമത്തേതു്. രണ്ടാമത്തേതു് സഹജമായിട്ടുള്ള ഒരു ഗുണവുമാണു്. ഇപ്പോൾ മലയാളഭാഷയിലുള്ള ചില ഗ്രന്ഥങ്ങളുടെ പത്തു പുറം വായിച്ചു നോക്കിയാലും അതിരുപ്പണമിട സാരാംശം ലഭിക്കാൻ പ്രയാസമായിട്ടാണിരിക്കുന്നതു്. ഇവിടെ എത്രയോ ദുർവ്യയം സംഭവിച്ചിരിക്കുന്നു. സ്വയമായി ഗ്രന്ഥങ്ങൾ എഴുതുന്നതിനു് ശക്തിയില്ലാത്തവരും, ഗ്രന്ഥം എഴുതിയേതീരൂ എന്നുള്ളവരും നല്ല ഗ്രന്ഥങ്ങളെ ഭാഷാന്തരം ചെയ്യുന്നതാണു് ഉത്തമമായിട്ടുള്ളതു്. ഇതു നിമിത്തം മഹാന്മാരുടെ ബുദ്ധിശക്തിയോടു് നമുക്കടുത്ത പരിചയം സിദ്ധിക്കുന്നു. ഒരു പരിചയം ഗുണകരമായിട്ടേ വരാൻ തരമുള്ളു. എന്നാൽ, ഇത്തരക്കാരോടു് ഒരുപേക്ഷയുണ്ടു്; സംസ്കൃതപദങ്ങൾ ആവശ്യമില്ലാത്തിടത്തും, ആവശ്യത്തിലധികമായും, അസ്ഥാനത്തിലും കോരിച്ചൊരിയാതിരിക്കണമെന്നാണു്. വായിച്ചാൽ അർത്ഥം മനസ്സിലാകാതിരിപ്പാനായിട്ടല്ലല്ലൊ ഗ്രന്ഥം എഴുതുന്നതു് ആവശ്യംപോലെ മാത്രം ഉപയോഗിച്ചാൽ ഭംഗിയായിരി-

ക്കുമെന്നാണ് തോന്നുന്നത്. ഭാഷയും ഭാവനയും ശുദ്ധമായിരുന്നാൽ മാത്രമേ അവയിൽ പ്രതിഫലിക്കാൻ ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന വസ്തുക്കൾ തെളിഞ്ഞു കാണുകയുള്ളൂ.

൩. വായന

അല്ലെങ്കിൽ

ഗ്രന്ഥപാരായണം.

"വായന ഒരു മനുഷ്യനേ ജ്ഞാനസമ്പന്നനാക്കുന്നു."
(ലോർഡ് ബേക്കൺ)

ബുദ്ധിശക്തിയുടെ പ്രസരിപ്പും, പുസ്തകങ്ങൾ, വർത്തമാനപ്പത്രങ്ങൾ, മാസികകൾ ഇവയുടെ സംഖ്യയും പ്രതിദിനമെന്നപോലെ വർദ്ധിച്ചുവരുന്ന ഇക്കാലത്തു്, യാതൊരുത്തനും യഥാകാലാനുവർത്തിയായിരിക്കുവാൻ ഇച്ഛിക്കുന്നപക്ഷം അതു് വായനകൂടാതെ സാധിക്കുന്നതല്ലെന്നു് പറയേണ്ടതില്ലല്ലൊ. "അഭ്യസ്തവിദ്യൻ" എന്ന പേരിനു് അവകാശം ഉണ്ടെന്നു് നടിക്കുന്ന ഏതൊരുവനും ഗ്രന്ഥപാരായണം ഒരു ഒഴിച്ചുകൂടാത്ത ആവശ്യമായിട്ടാണു് ഇപ്പോൾ ഇരിക്കുന്നതു്. ഇക്കാലത്തു് നാട്ടിൽ നാനാഭാഗങ്ങളിലും നാം കാണുന്ന വായനശാലകൾ, പുസ്തകശാലകൾ ഇവ, ഒരു ആവശ്യത്തെ അല്ലയോ പൂണ്ടിക്കാണിക്കുന്നതു്? ഇപ്രകാരം വായനയിലുള്ള ഒരു അഭിരുചി ജനങ്ങളിൽ ജനിച്ചിട്ടുള്ളതായിക്കാണുന്നതു് ഏറ്റവും സന്തോഷപ്രദമായ ഒരു കാര്യമാണു്. ഇതിനെ വഴിയാകുംവണ്ണം നയിക്കുന്നതായിരുന്നാൽ കാലക്രമംകൊണ്ടു് ഇതു് ഒരു ശീലമായിത്തീർന്നു് അതു് നമുക്കു് സ്വാഭാവികമായി പരിണമിക്കയും ചെയ്യുന്നതാണു്. ഗ്രന്ഥപാരായണത്തിന്റെ വ്യാപ്തിയേയും

ശക്തിയേയും പറ്റി സർ ജാൺ ഹെർഷൽ എന്ന മഹാൻ ഇപ്രകാരം പറയുന്നു:—"ഏതവസ്ഥയിലും എനിക്ക് ഒരു് ഉറ്റ സഹായിയായും, ആജീവനാന്തം എനിക്ക് സുഖത്തിനും നന്മയ്ക്കും കാരണഭൂതമായും, മനുഷ്യജന്മത്തിൽ നേരിടാവുന്ന എല്ലാവിപത്തുകളിലും മറ്റു ദുഃഖങ്ങളിലും എനിക്ക് ഒരു രക്ഷയായും ഇരിക്കുന്നതായ ഒരു് അഭിരുചിയുടെ പ്രാപ്തിയെ ഞാൻ ഇച്ഛിക്കുന്നു എങ്കിൽ അതു് ഗ്രന്ഥപാരായണത്തിലുള്ള അഭിരുചിതന്നെയാകുന്നു." ഒരു മഹദ്വാക്യത്തിൽ സംഗ്രഹിച്ചിട്ടുള്ള സാരമാണു് ഞാൻ വായനക്കാരുടെ ശ്രദ്ധയ്ക്കായി അല്പം വിസ്തരിച്ചുപറവാൻ പോകുന്നതു്. വിദ്യയുടെ സ്വാദു് അനുഭവിച്ചു തുടങ്ങീട്ടുള്ളവർക്കു് വിദ്യാസമ്പാദനത്തിനുള്ള ഒരു് ഉത്തമമാർഗ്ഗമായ വായന ഇന്നതെന്നും,അതിന്റെ ഉദ്ദേശ്യങ്ങളും ഉപയോഗങ്ങളും, ഇന്നവയെന്നും, അതിനെ ശീലിക്കേണ്ട ഉത്തമരീതികൾ ഏവയെന്നുമുള്ളതിനെപ്പറ്റി ഒരു വിശദമായ ജ്ഞാനം ആവശ്യമാണല്ലൊ. ഒരു മൂന്നു സംഗതിയേയും ആസ്പദമാക്കി അല്പം ചിലതു പറവാനാണു് ആരംഭിക്കുന്നതു്. വായന എന്നുവച്ചാൽതന്നെ എന്താണു്? പുസ്തകങ്ങളിലും മറ്റും അടങ്ങീട്ടുള്ള സംഗതികളെ മനസ്സുകൊണ്ടു് ഗ്രഹിക്കയും, ധരിക്കയും അവയെപ്പറ്റി പര്യാലോചിക്കയും ചെയ്യുന്നതാണു്. ഒരു മൂന്നു പ്രവൃത്തിയും ഉൾപ്പെടാത്തതു് വായനയെന്നുള്ള പേരിനെ അർഹിക്കുന്നതല്ല. ഒരു പുസ്തകം തുറന്നു് അതിന്റെ വശങ്ങളിൽ കൂടി കണ്ണുകളോടിക്കയോ, അല്ലെങ്കിൽ, മനസ്സിന്റെ ഉപരിഭാഗത്തു കൂടി സംഗതികളെ ദ്രുതഗതികളായി സഞ്ചരിപ്പിക്കയോ ചെയ്യുന്നതു് വായനയെന്നു പറയാമോ എന്നു് എനിക്കു സംശയമുണ്ടു്. ഇതു് നമ്മുടെ ബുദ്ധിശക്തിയുടെ ഒരു വിധമുള്ള ദുർവ്യയമായിരിക്കാമെന്നു തോന്നുന്നു. ഫലപ്രദമല്ലാ-

തെയിരിക്കുന്ന ഒരു വിധമുള്ള വായന നാം ത്യജിക്കേണ്ടതാണ് എന്ന് പ്രത്യേകം പറഞ്ഞേതീരു എന്നില്ലല്ലൊ. നാം ഏതെങ്കിലും പുസ്തകം വായിക്കുന്നതായിരുന്നാൽ നമ്മുടെ മനസ്സിന് നൂതനമായ ഒരറിവ് സിദ്ധിച്ചില്ലെങ്കിൽ അതു്. കേവലം സമയദുർവ്യയംതന്നെയെന്ന് പറയേണ്ടിയിരിക്കുന്നു. ഗ്രന്ഥപാരായണം ചെയ്യുന്നവർ ഒരു തത്ത്വം സദാ മനസ്സിൽ വച്ചുകൊള്ളേണ്ടതാണ്. വായനയുടെ സ്വഭാവം ഇന്നതാണെന്ന് ഇത്രയും പറഞ്ഞതുകൊണ്ട് ഏറക്കുറെ മനസ്സിലായിരിക്കുമെല്ലൊ. ഇനി ഇതിന്റെ ഉദ്ദേശ്യങ്ങളും, ഉപയോഗങ്ങളും എന്തെല്ലാമാണെന്നാണ് നോക്കേണ്ടതു്. വായന ബുദ്ധിവികാസത്തിനുള്ള ഒരുത്തമമാർഗ്ഗവും, നിത്യസൌഖ്യത്തിനുള്ള ഒരു് ഉൽപ്പത്തിസ്ഥാനവും, സന്മാർഗ്ഗപരിശീലനത്തിനുള്ള ഒരുപകരണവുമാകുന്നു.

൧. ഒരു ദേശക്കാരുടെ വളർച്ച് കാണിയ്ക്കുന്ന ഒരു റിക്കാർട്ടും അവരുടെ അനുഭവങ്ങളുടേയും വികാരങ്ങളുടേയും മറ്റും ഒരു സംഗ്രഹവുംആയിരിക്കുന്ന സാഹിത്യത്തിലേയ്ക്കുള്ള ഏക പ്രവേശനദ്വാരം വായനയാകുന്നു. ഗ്രന്ഥപാരായണമില്ലാത്ത ഒരു മനുഷ്യൻ ഭൂതകാലം കേവലം ശൂന്യപ്രദേശമായിട്ടുതന്നേ ഇരിക്കും. അയാൾക്കുള്ള ബുദ്ധിയുടെ വ്യാപ്തി വർത്തമാനകാല സീമാവായിരിക്കുന്നതുകൊണ്ട് അതു് കേവലം അല്പമായിത്തന്നെ ഇരിക്കാനേ തരമുള്ളൂ. ലോകാരംഭംമുതൽ പരമ്പരയാ വർദ്ധിച്ചുവന്നിട്ടുള്ള ജ്ഞാന സമ്പത്തും ഇപ്രകാരമുള്ള ഒരാൾക്ക് അപ്രാപ്യമായിത്തന്നെയിരിക്കും. നാം എല്ലാവരും നമ്മുടെ പൂർവ്വന്മാർ അടിസ്ഥാനമിട്ട പൂർത്തിയാക്കാതിട്ടിരിക്കുന്ന ജ്ഞാന പ്രാസാദത്തെ പൂർണ്ണമാക്കുന്നതിന് ചുമതലപ്പെട്ട തക്ഷന്മാരാണ്. എന്നാൽ, അവരുടെ ഉദ്ദേശ്യവും ശ്രമവും ശരിയായി ഗ്രഹിക്കാതെ നാം അവയെ പൂർത്തിയാക്കുന്നതു് എങ്ങിനെ? നാം ഓരോരുത്ത-

രും പൂർവ്വഗാമികളുടെ പ്രയത്നഫലത്തെ കണക്കാക്കാതെ മുമ്പോട്ടുപോകാൻ ശ്രമിക്കുന്നതായിരുന്നാൽ ലോകത്തിന്റെ ഉൽഗതി വളരെ മന്ദീഭവിക്കുന്നതിനിടയുണ്ട്; എന്നല്ല, ഉൽഗതിതന്നെ ഉണ്ടാകുമോ എന്നും സംശയമാണ്.

൨. വായനകൊണ്ട് നമുക്ക് ലോകത്തിലുണ്ടായിരുന്ന മഹാമനസ്കന്മാരും ഉൽകൃഷ്ടജീവികളുമായ വിദ്വാന്മാരുടേയും വിദുഷികളുടേയും വിശിഷ്ടങ്ങളായ അന്തർഗതങ്ങളോട് അടുത്തു പരിചയം സിദ്ധിക്കയും, അവരോട് സഖ്യം പ്രാപിക്കാൻ സൌകര്യം ലഭിക്കയും ചെയ്യുന്നു. ഗ്രന്ഥങ്ങൾ പ്രായേണ അഗാധമായ ആലോചനയുടേയും പക്വത വന്ന ബുദ്ധിയുടേയും ഫലങ്ങളാകകൊണ്ട് അവയിൽ അടങ്ങീട്ടുള്ള ആശയങ്ങളും അഭിപ്രായങ്ങളും ഏറ്റവും സാരങ്ങളും ഉൽകൃഷ്ടങ്ങളും ആയിരിക്കുമെന്നുവേണം വിചാരിപ്പാൻ. എന്നാൽ, ഒരു ഗ്രന്ഥത്തിലുള്ളതെയെല്ലാം ഗ്രഹിക്കുന്നതു് അശക്യമോ, പ്രയാസമോ ആയിരിക്കാവുന്നതുകൊണ്ടു് നമ്മുടെ മനസ്സു് അവയിലുള്ളതുകളിൽ വിലയേറിയവയും വിശിഷ്ടങ്ങളുമായുള്ളവയെ മാത്രം ഗ്രഹിക്കാനാണ് എളുപ്പം. ഇപ്രകാരം നമുക്കു് അവയിൽനിന്നും ലഭിക്കുന്നവ ഉൽകൃഷ്ടതരങ്ങളായവ മാത്രം ആകുന്നു. ഇങ്ങനെയുള്ള ഒരുത്തമ ഗ്രന്ഥം, നമുക്കു് ഉപദേശം നല്കുന്നതും, സംശയനിവൃത്തി വരുത്തുന്നതും, നമ്മുടെ ചോദ്യങ്ങൾക്കു് ഉത്തരം പറയുന്നതും, നമ്മോടു് ആപത്തിലും സമ്പത്തിലും അനുതപിക്കയും അനുമോദിക്കയും ചെയ്യുന്നതുമായ ഒരു ഉറ്റ ബന്ധുവായും തീരുന്നു.

൩. വായനകൊണ്ടു സിദ്ധിക്കാവുന്ന മറ്റൊരുഗുണം പറയാം. മനുഷ്യജന്മത്തിനു് സഹജങ്ങളായുള്ള കുഷ്ഠതകളിലും മനോവ്യഥകളിലുംനിന്നു് നമ്മെ ഉൽകൃഷ്ടപദത്തിലേയ്ക്കു് അതു് ഉയർത്തുന്നു. ഉദരപൂരണത്തിനോ അതുപോലെയുള്ള

മറ്റു് ആവശ്യങ്ങൾക്കോ വേണ്ടി ലോകത്തിൽ പലവിധത്തിലും ക്ലേശിക്കയും ബുദ്ധിമുട്ടുകയും ചെയ്യേണ്ടതായിട്ടുണ്ടല്ലോ. ജീവതമത്സരത്തിൽ പല നികൃഷ്ടമാർഗ്ഗങ്ങളിലും നമ്മുടെ മനസ്സു് സഞ്ചരിക്കേണ്ടതായും വരും. എന്നാൽ, ഇവയിൽ നിന്നും നമുക്കു് ആശ്വാസം സിദ്ധിക്കുന്നതിനുള്ള മാർഗ്ഗങ്ങളിൽവച്ചു് ഏറ്റവും ശ്രേഷ്ഠമായിട്ടുള്ളതു് ഗ്രന്ഥപാരായണംതന്നേയാണെന്നു് എല്ലാവരും സംവദിക്കുന്ന ഒരു കാര്യമാണു്. നമുക്കു് അശ്വാനങ്ങളുടേയും കഷ്ടപ്പാടുകളുടേയും മദ്ധ്യേ ഇടയ്ക്കിടയ്ക്കു് ലഭിക്കാവുന്ന അവസരങ്ങളേ ഉപയോഗിക്കുന്നതിനുള്ള ഉത്തമമായ മാർഗ്ഗം മറ്റെന്താണുള്ളതു്? "ദുഃഖം സഹിക്കുന്ന ആത്മാവിനും, ഭാരം വഹിക്കുന്ന മനസ്സിനും പുസ്തകങ്ങൾ മാത്രം ഉത്തമസഖാക്കളായിഭവിക്കുന്നു." എന്നു് ഒരു മഹാൻ അഭിപ്രായപ്പെട്ടിരിക്കുന്നതു് എത്രയോ ശരിയാണു്. ലാർഡ് മെക്കാളി ഒരു സന്ദർഭത്തിൽ ഗ്രന്ഥപാരായണത്തെക്കുറിച്ചു് ഇപ്രകാരം പറഞ്ഞിരിക്കുന്നു: — "പുസ്തകങ്ങളോടുള്ള നമുക്കുള്ള ജ്ഞാനബന്ധം എത്രയോ അപരിമിതമാണു്. അവ വ്യസനത്തിങ്കൽ ആശ്വാസജനകങ്ങളും, രോഗത്തിൽ പരിചാരകന്മാരും, ഏകാന്തത്തിൽ സഖാക്കളുമാകുന്നു; അവ പുതിയ മുഖത്തോടുകൂടി ഒരിക്കലും കാണപ്പെടാത്ത പഴയ സ്നേഹിതന്മാരാണു്; അവ എല്ലാ അവസ്ഥകളിലും സ്ഥിരമായിരിക്കുന്ന ചിത്രങ്ങളുമാകുന്നു."

ർ. ഗ്രന്ഥപാരായണം നമുക്കു് അനശ്വരമായ സുഖം നല്കുന്നു. ലോകത്തിൽ മറ്റു വിധേന നമുക്കു ലഭിക്കുന്ന സുഖം പ്രായേണ ക്ഷണികങ്ങളും ഏറക്കുറേ മലിനതയോടുകൂടിയവയും ആകുന്നു. ചിലപ്പോൾ ഇവയ്ക്കു വേണ്ടി പരോപദ്രവം കൂടി ചെയ്യേണ്ടിവരും; എന്നാൽ, ഗ്രന്ഥപാരായണത്തിൽ നിന്നും നമുക്കുളവാകുന്ന സന്തോഷ-

മോ സുഖമോ നിമ്മലങ്ങളും അന്യന് അപഹരിക്കാൻ പാടില്ലാത്തതും വിരക്തി വരാത്തതും ആകുന്നു. ഇപ്രകാരമുള്ള സുഖം ലോകത്തിൽ അപൂർവ്വമായിട്ടാണ് കാണപ്പെടുന്നതു്. അതിനാൽ ദുഃഖഹേതുകങ്ങളായ മറ്റു സുഖങ്ങളേ നാം നിവൃത്തിയുള്ളെടത്തോളം വർജ്ജിക്കയും, അവസരം ലഭിക്കുമ്പോഴൊക്കയുമെങ്കിലും ഒരു സുഖപ്രദമായ മാർഗ്ഗത്തെ അവലംബിക്കയും ചെയ്യേണ്ടതാണ്. എല്ലാവിധ പുസ്തകങ്ങളും ഒരുപോലേ സുഖം തരുന്നവയായിരിക്കയില്ലെന്നു പറയേണ്ടതില്ലല്ലോ. എന്നാൽ, ഒരു വിഷയത്തിൽ കൂടുതൽ കുറവുണ്ടെന്നല്ലാതെ വരാൻ തരമില്ല. കാവ്യനാടകാദികളായിരിക്കാം ഈ വിഷയത്തിൽ മുമ്പിട്ട് നില്ക്കുന്നതു്. ഓരോ വിധ ഗ്രന്ഥങ്ങളുടേയും പാരായണംകൊണ്ടു് എന്തുമാത്രം സന്തോഷം ലഭിക്കുന്നു എന്നുള്ളതു് ഓരോരുത്തരുടേ അഭിരുചി, മനോവൃത്തി മുതലായവയെ ആശ്രയിച്ചിരിക്കുന്നതാകയാൽ ഇതിനെക്കുറിച്ചു് വിസ്തരിച്ചു പറയുന്നതു് പ്രയാസമാണ്. ഇതു് അനുഭവംകൊണ്ടുതന്നേ അറിയേണ്ടതാകുന്നു.

൪. ഗ്രന്ഥപാരായണത്തിൽ നിന്നും ഉണ്ടാകാവുന്ന വേറൊരു ഗുണം, അതു് നമുക്കു സദുപദേശങ്ങളും ഉത്സാഹം, ആശ്വാസം, ഇതുകളേയും നല്ലുന്നതായുള്ള സദ്വാക്യങ്ങളും മറ്റും സുലഭമാക്കിത്തീർക്കുന്നുവെന്നുള്ളതാണ്. ഓരോ സന്ദർഭങ്ങളിൽ ഇവ നമുക്ക് എത്രയോ വിലയേറിയ രത്നങ്ങളായിഭവിക്കുന്നു. മറ്റു വിധേന നമ്മുടെ ദുഃഖങ്ങളേ ശമിപ്പിക്കുന്നതിനു് നിവൃത്തിയില്ലാതെ വരുമ്പോൾ, ഒരു വക സദ്വാക്യങ്ങളുടേയോ അവയിൽ അന്തർഭവിച്ചിരിക്കുന്ന സാരതരങ്ങളായ തത്ത്വങ്ങളുടേയോ സ്മരണ എത്രമാത്രം നമുക്കുപകരിക്കുന്നു എന്നു പറയാൻ പ്രയാസമാണ്. പല മഹാന്മാരും അസഹനീയമായ ദുഃഖാവസ്ഥയിൽ ഗ്രന്ഥപാ-

രായണത്തെ അവലംബിച്ച് ആശ്വാസം തേടിയതായി അനേകം ദൃഷ്ടാന്തങ്ങൾ ഉണ്ട്. ഇപ്രകാരമുള്ള സദ്വാക്യങ്ങൾ സ്വർണ്ണാഭരണങ്ങളിൽ രത്നങ്ങളെന്നപോലെ മഹാന്മാരുടേ കൃതികളിൽ ശോഭായമാനങ്ങളായിക്കിടക്കുന്നുണ്ട്. ഇവയെ നമ്മുടെ ധാരണാശക്തിയാകുന്ന ഭണ്ഡാരത്തിൽ സൂക്ഷിച്ചു വയ്ക്കുന്നതു് എത്രയും പ്രയോജനകരവും സന്തോഷഹേതുകവുമായ ഒരു കാര്യമാണു്. ഇതിലും ഉൽകൃഷ്ടമായ ഒരു ധനം എന്താണുള്ളതു്? ഇത്രയും വിലയേറിയ രത്നങ്ങൾ ഏതാണു്? ഇവ ഏതെല്ലാംവിധത്തിൽ നമ്മെ സഹായിക്കുമെന്നു് അനുഭവസിദ്ധന്മാർക്കേ അറിവാൻ തരമുള്ളു. അതിനാൽ ഗ്രന്ഥപാരായണതല്പരന്മാർ ഒരം സംഗതിയിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്നു് പറഞ്ഞുകൊള്ളുന്നു.

൩. വായനയുടെ മറെറാരു സൽഫലം അതു് നമ്മുടെ ഹൃദയത്തിലുള്ള വികാരങ്ങളേ ശുദ്ധീകരിക്കയും, നമ്മെ സൽസ്വഭാവികളും യോഗ്യന്മാരുമാക്കി തീർക്കയും ചെയ്യുന്നുവെന്നതാകുന്നു. ദൃഷ്ടാന്തങ്ങൾ ഉപദേശങ്ങളേക്കാൾ ശ്രേഷ്ഠങ്ങളാണെന്നു് പറയേണ്ടതില്ലല്ലോ. ദേശചരിത്രങ്ങളും, ജീവചരിത്രങ്ങളും നമുക്കു് അനേകം ഉത്തമദൃഷ്ടാന്തങ്ങൾ നല്കുന്നുണ്ടു്. മഹാന്മാരും യോഗ്യന്മാരുമായിരുന്ന ആളുകളുടെ ജീവചരിത്രം നാം സശ്രദ്ധം പഠിക്കുന്നതായിരുന്നാൽ അവരുടെ ഗുണങ്ങളിൽ ചിലവയെങ്കിലും നമുക്കു് ലഭിക്കാതിരിപ്പാൻ നിവൃത്തിയില്ല. "ചരിത്രം എന്നുള്ളതു് ദൃഷ്ടാന്തരൂപേണ ഉപദേശം നല്കുന്ന ഒരു തത്വശാസ്ത്രം തന്നേയാണു്." എന്നു് ഒരു മഹാൻ പറഞ്ഞിരിക്കുന്നു. സ്വാർത്ഥപരിത്യാഗം, സ്വാവലംബനം, വാക്സ്ഥിരത, മനുഷ്യസ്നേഹം, പരോപകാരതല്പരത, സ്വദേശാഭിമാനം മുതലായ സൽഗുണങ്ങൾക്കു് ദൃഷ്ടാന്തങ്ങൾ

ചരിത്രങ്ങളിൽ അപൂർവ്വങ്ങളല്ല. ദാരിദ്ര്യദുഃഖത്തിൽ ആശ്വാസവും, ധനസമൃദ്ധിയിൽ അനഹംകാരവും, നല്ലുന്നതിനും, സദ്വിഷയങ്ങളിൽ നമ്മേ പ്രേരിപ്പിക്കുന്നതിനും, ദുർഗ്ഗുണങ്ങളിൽ നിന്നും നമ്മെ നിവർത്തിപ്പിക്കുന്നതിനും, നമ്മിൽ ഉൽകൃഷ്ടോദ്ദേശ്യങ്ങളേ ജ്വലിപ്പിക്കുന്നതിനും, നികൃഷ്ടവികാരങ്ങളേ ദൂരികരിക്കുന്നതിനും സൽചരിത്ര പാരായണം ഏറ്റവും ശക്തിമത്തായ ഒരുപകരണമാണെന്ന് നിസ്സംശയം പറയാം.

൬ ഗ്രന്ഥപരിശീലനം ശരിയായി അനുഷ്ഠിച്ചാൽ അത് നമ്മുടെ മനസ്സിൽനിന്നും നമ്മുടെ അല്പജ്ഞത നിമിത്തം മനുഷ്യരേയും വസ്തുക്കളേയും കുറിച്ച് നമുക്കുണ്ടാകുന്ന ഉരഭിപ്രായങ്ങളേയും തെറ്റിദ്ധാരണകളേയും ഉന്മൂലനം ചെയ്യുന്നതിന് ഒരുത്തമമാർഗ്ഗമായിത്തീരുന്നതാകുന്നു. നമ്മുടെ വിദ്യാഭ്യാസത്തിന്റേ ന്യൂനതകൊണ്ടോ, നാം ശീലിക്കുന്ന തൊഴിലിന്റേ സ്വഭാവംകൊണ്ടോ, നമ്മുടെ സംസർഗ്ഗദോഷം കൊണ്ടോ, ചിലപ്പോൾ നമ്മുടെ മനസ്സിന് ഒരു വിശാലഹീനത വന്നുകൂടിയേക്കാം. നമ്മുടെ വിചാരങ്ങളും അഭിപ്രായങ്ങളും ഒരു ഇടുക്കായ മാർഗ്ഗത്തേ അവലംബിച്ചിരിക്കാനും എളുപ്പമുണ്ട്. എന്നാൽ, ഗ്രന്ഥ പാരായണം വിവിധങ്ങളായുള്ള അന്തർഗ്ഗതങ്ങളേയും അഭിപ്രായങ്ങളേയും നമ്മുടെ മനസ്സിന്റേ മുമ്പിൽ കൊണ്ടുവന്നിട്ട് നമ്മുടെ അഹംബുദ്ധിയേ കുറയ്ക്കുയും, നമ്മുടെ ഉരഭിപ്രായങ്ങളേ മാറേണ്ടതിന്റേ ആവശ്യകതയേ നമ്മേ ബോദ്ധ്യപ്പെടുത്തുകയും, നമ്മുടെ വിചാരവീഥികൾക്ക് വിസ്താരം കൂട്ടുകയും ചെയ്യുന്നതിന് ഉതകുന്നു. ചുരുക്കിപ്പറയുന്നതായാൽ അദ്ധ്യാവിദ്യാഭ്യാസത്തിൽ നിന്നുണ്ടാകാവുന്ന ദോഷങ്ങളിൽ മിയ്ക്കവയേയും ഇതു ഒരുവിധം പരിഹരിക്കുന്നതിന് മതിയാകും.

വ. ഇനി ഒന്നു പറവാനുള്ളതു്, ഗ്രന്ഥപാരായണം പലപ്പോഴും നമുക്ക് ഒരു വിശ്രമമായി ഭവിക്കുന്നു എന്നാണു്. മനുഷ്യക്കു് എല്ലാവക്കും ഓരോ തൊഴിൽ ഉണ്ടായിരിക്കുമല്ലോ. ഇങ്ങനെയുള്ള തൊഴിലുകൾ ചെയ്തു് ഒരുവിധം ക്ഷീണിച്ചോ മറോ ഇരിക്കുമ്പോൾ ഏറക്കുറേ ലഘുവായിട്ടുള്ള ഗ്രന്ഥപാരായണം ആശ്വാസജനകമായിരിക്കുന്നതാണു്. ക്ഷീണിച്ചിട്ടുള്ള അവയവങ്ങൾക്കു് ഇതു് ഒരുവിധം വിശ്രമവും നല്കുന്നു. ബഹുവിധമുള്ള മനോവ്യാപാരം തന്നെയും സുഖപ്രദമായി ഭവിക്കുന്നു. വിവിധതരം എല്ലായ്പോഴും സന്തോഷത്തെ ജനിപ്പിക്കുന്നു എന്നുണ്ടല്ലോ.

൯. വർത്തമാനപ്പത്രങ്ങൾ മുതലായവയുടെ പാരായണം, ലോകത്തിന്റെ നാനാഭാഗങ്ങളിലും നടന്നുകൊണ്ടിരിക്കുന്ന സംഗതികളേയും, അന്യ രാജ്യങ്ങളിലേ ഏറ്റപ്പാടുകൾ, സമുദായസ്ഥിതി, നൂതനനിർമ്മാണങ്ങൾ, വിദ്യാഭ്യാസരീതി, വ്യവസായം മുതലായവയേയും കുറിച്ചു് നമുക്ക് ആവശ്യങ്ങളും കാലോചിതങ്ങളുമായ അറിവുകൾ നല്കുകയും ഇപ്രകാരം നമ്മുടെ ജ്ഞാനസമ്പത്തിനെ വർദ്ധിപ്പിക്കയും ചെയ്യുന്നു. ഇപ്രകാരം വായനകൊണ്ടു് നമുക്ക് സിദ്ധിക്കാവുന്ന പല ഗുണങ്ങളും ഞാൻ ഇപ്പോൾ പ്രസ്താവിച്ചു. ഇനിയും അനേക ഗുണങ്ങൾ ഇല്ലെന്നില്ല. ഇവയെല്ലാം വിസ്തരിച്ചു പറയുന്നതു് തൽക്കാലം അല്പം പ്രയാസമാണു്. ബുദ്ധിവികാസത്തിനും മറ്റും എത്രയും ഉത്തമമായ ഒരു മാർഗ്ഗമാണു് വായനയെന്നു് ഇത്രയും പറഞ്ഞതുകൊണ്ടുതന്നേ നമുക്കു് മനസ്സിലാക്കാവുന്നതാണു്. ഇനി അല്പം പറവാനുള്ളതു് വായനശീലിക്കേണ്ട രീതിയെപ്പറ്റിയാണു്. ഒരു വിഷയത്തിൽ ഒന്നാമതായി എനിക്കു പറവാനുള്ളതു് ഗ്രന്ഥപാരായണംകൊണ്ടു് വല്ല പ്രയോജനവും സിദ്ധിക്കണമെങ്കിൽ അതു് നിയമമോ രീതിയോ അനുസരിച്ചു്

വേണ്ടതാണെന്നാണ്. ദിവസംപ്രതി ഒരു ക്ഞപ്പസമയം വായനക്കായി നീക്കി വയ്ക്കേണ്ടതാവശ്യമാണ്. ഇപ്രകാരം ഇരുന്നാൽമാത്രമേ അതു ഒരു സ്ഥിരശീലമായിബ്ബവിക്കുകയുള്ളൂ. തോന്നുമ്പോൾവായിക്കുക എന്നുവന്നാൽ, അതുകൊണ്ടു വലിയ ഫലമൊന്നും സിദ്ധിക്കാൻ തരമില്ല. രണ്ടാമതായി പറവാനുള്ളതു് വായന ശ്രദ്ധാപൂർവ്വമായിരിക്കണമെന്നാണ്. ഓടിച്ചുള്ളതോ ഉപരിപ്ലവമോ ആയ വായന സമയം കളയാൻ മാത്രം ഉപയോഗപ്പെടുന്നു. മനസ്സിരുത്തി വായിക്കുന്നതേ മനസ്സിൽ ഇരിക്കുകയുള്ളൂ എന്നു് നാം ഓർക്കേണ്ടതാണു്. ഗ്രഹണശക്തിയേയും ധാരണാശക്തിയേയും വേണ്ടതുപോലേയും ധാരാളവും വ്യാപരിപ്പിക്കണം. "വളരേ വായിക്കയല്ല, വഴിയേ വായിക്കുകയാണു്" നമ്മുടെ ഉദ്ദേശ്യമായി നാം സ്വീകരിക്കേണ്ടതു്. മനസ്സിൽ, ഒരു നിയമവും ക്രടാതെ സംഗതികളെ തള്ളിക്കയറുന്നതും ഉദരത്തിൽ, ഒരു ക്രമംക്രടാതെ ഭക്ഷണം ചെലുത്തുന്നതും ഒന്നുപോലെയാണു്. ഒടുവിൽ പറഞ്ഞതു് ശരീരത്തെ എന്നപോലെ, ആദ്യം പറഞ്ഞതു് മനസ്സിനേയും ദുഷിപ്പിക്കുന്നു. "അധികസ്യ അധികം ഫലം" എന്നുള്ളതു് ഇവിടെ വഞ്ജിക്കേണ്ടതാണു്. വായന അവരവരുടെ അഭിരുചിയെ അനുസരിച്ചിരുന്നാൽ നന്നായിരിക്കും. ശാസ്ത്രമോ, ചരിത്രമോ, കഥയോ, കാവ്യമോ, നോവലോ, നാടകമോ ഇവയിൽ ഏതിലാണു് അഭിരുചി, അവയെത്തന്നെ വായിക്കുന്നതുകൊണ്ടു് മനസ്സിനു് സന്തോഷവും അറിവും രണ്ടുംക്രടി ഏകകാലത്തിൽ ലഭിക്കുന്നു. വായിക്കുന്ന വിഷയത്തെക്കുറിച്ചു് ആലോചിക്കുന്നതും അത്യാവശ്യമാണു്. പുസ്തകങ്ങളിൽ പലപ്പോഴും അഭിപ്രായങ്ങളും അവ്യക്തമായി സൂചിപ്പിച്ചും, യുക്തികളും അന്തർഭവിച്ചും, സംശയങ്ങളും പ്രസ്താവിച്ചും, അനുമാനങ്ങളും വിട്ടുകളഞ്ഞും ഇരിക്കും. ഇവയൊക്കെയും വായനക്കാരൻ സ്വ-

യമായ ആലോചനകൊണ്ടു് നിർണ്ണയിക്കേണ്ടതാണു്. എന്നാൽ, എല്ലാത്തരം പുസ്തകങ്ങളേയും ഇപ്രകാരം പെരുമാറേണ്ട ആവശ്യം ഉണ്ടാകയില്ല. ബേക്കൺ പറയുന്നതുപോലെ "ചില പുസ്തകങ്ങളുടെ രുചി നോക്കുകയും, ചിലതിനെവിഴുങ്ങുകയും, അല്പം ചിലവയെ ചവച്ചരച്ചു ദഹിപ്പിക്കയും ചെയ്യേണ്ടതാണു്." എന്നാൽ, പുസ്തകങ്ങൾ എല്ലാം ഒരുപോലെ ഉത്തമങ്ങളായിരിക്കയില്ല. പതരും മണിയുമായിട്ടാണു് കാണുന്നതു്. അധികം പതരായെന്നും വന്നേക്കാം. അതുകൊണ്ടു് പ്രാരംഭദശയിൽ ഇരിക്കുന്നവർ ഒരു വിഷയത്തിൽ വളരേ കരുതലോടു കൂടി ഇരിക്കേണ്ടതാണു്. പുസ്തകങ്ങൾ അവയുടെ നന്മതിന്മ അനുസരിച്ചു് സ്വഭാവത്തെ സംസ്കരിക്കയോ ദുഷിപ്പിക്കയോ ചെയ്യുന്നതാണു്. ഒരു വിഷയത്തിൽ, എമേഴ്സൺ എന്ന മഹാന്റെ മൂന്നുപദേശങ്ങൾ നന്നായിരിക്കുമെന്നു് നിസ്സംശയം പറയാം. അവയെ താഴെ ചേർക്കുന്നു:—

൧. ഒരു വയസ്സു് പ്രായം തികയാത്ത പുസ്തകം ഒരിക്കലും വായിക്കരുതു്.

൨. സുപ്രസിദ്ധങ്ങളായ പുസ്തകങ്ങളല്ലാതെ ഒരിക്കലും വായിക്കരുതു്.

൩. തനിക്കിഷ്ടമില്ലാത്ത യാതൊരു പുസ്തകവും വായിക്കരുതു്.

ഒരു ഉപദേശപ്രകാരം പ്രവൃത്തിക്കുന്നതായാൽ വർഷങ്ങളായ മിക്ക പുസ്തകങ്ങളും നമ്മുടെ വായനയുടെ വ്യാപ്തിയിൽ നിന്നും ഒഴിഞ്ഞുപോകാൻ ഇടയുണ്ടു്. ചുരുങ്ങിയ പക്ഷം ഒരു കൊല്ലമെങ്കിലും നില നിൽക്കാത്ത പുസ്തകം വായനയ്ക്കു് യോഗ്യതയുള്ളതല്ലെന്നു് തീർച്ചയാണു്. വല്ല

സത്തും ഇവയിൽ ഉണ്ടായിരുന്നാൽ ഇവയ്ക്ക് അല്പം ക്രൂടി ആയുസ്സിനൈർഘ്യം ഉണ്ടാവാനിടയുണ്ട്. അതില്ലാത്തതു കൊണ്ട് ഒന്നും ഇല്ലെന്നു തന്നെ തീച്ചയാക്കാം. ഒരു വക പുസ്തകങ്ങളുടെ സ്ഥിതി സെറിൽ എന്ന കവി ഒരുത്സവത്തെ വണ്ണിച്ചെഴുതിയ കൃതിയെപ്പറ്റി അലക്സ്സാണ്ഡർ പോപ്പ് പറയുന്നതുപോലെ തന്നെയാണ്. അതിന്റെ തജ്ജമ താഴേ ചേർക്കുന്നു:—

"സായംകാലമണഞ്ഞതോടുസകലം തീർന്നുത്സവംസെറിൽ-
(തൻ്
വായീന്നുറിയ വാക്കിലങ്ങൊരുദിനം ക്രൂടിക്കിടന്നമ്മഹം."

ഇതുകൊണ്ട് ഈയാളുടെ കവിത ഒരു ദിവസം മാത്രം നിലനിൽക്കത്തക്കതായിരുന്നുവെന്നാണ് പോപ്പ് എന്ന സരസ കവി സൂചിപ്പിച്ചിരിക്കുന്നതു്. സുപ്രസിദ്ധങ്ങളായ പുസ്തകങ്ങളും എന്നു് പറഞ്ഞതുകൊണ്ടു തന്നെ അവ പ്രാചീന നവീനവിദ്വാന്മാരുടേയും മഹാന്മാരുടേയും സമ്മതിമുദ്ര ലഭിച്ചവയാണെന്നു് സ്പഷ്ടമാകുന്നു. അങ്ങനേയുള്ള പുസ്തകങ്ങളാണല്ലൊ നമ്മുടെ ത്രിവിധകരണ പരിഷ്കരണത്തിനു് ഉത്തമങ്ങളായുള്ളവ. തനിക്കിഷ്ടമില്ലാത്ത പുസ്തകങ്ങളും വായിച്ചതുകൊണ്ട് ഫലമില്ലെന്നു് പറഞ്ഞുകഴിഞ്ഞല്ലൊ. എന്നാൽ, ചീത്ത പുസ്തകങ്ങളിലാണ് ഒരാൾക്കിഷ്ടം എന്നുവച്ചു് അതു് വായിച്ചുകൊള്ളു എന്നു് അനുവാദം കൊടുക്കുന്നതായി വിചാരിച്ചുപോകരുതു്. ആദ്യത്തെ രണ്ടുപദേശങ്ങളുംപ്രകാരം തിരഞ്ഞെടുത്തവയിൽ തനിക്കിഷ്ടം തോന്നുന്നവ എന്നോ അർത്ഥമുള്ളു. ഒരു മഹാന്റെ മറ്റൊരു പദേശം ക്രൂടി പറഞ്ഞുകൊള്ളട്ടേ. അതു്, "നാം പുസ്തകം തുറക്കുമ്പോൾ ഉള്ളതിനെക്കാൾ ക്രൂടുതൽ ധനത്തോടുക്രൂടി വേണം പുസ്തകം അടയ്ക്കാൻ" എന്നാണു്. ഇതിന്റെ അർത്ഥം

വ്യക്തമായിരിക്കുന്നതിനാൽ അതിനെക്കുറിച്ച് ഒന്നും പറയാൻ തുനിയുന്നില്ല. ഒരു ഉപന്യാസം വായനക്കാരുടെ ക്ഷമയെ ക്രമത്തിലധികം പരീക്ഷിച്ചുകഴിഞ്ഞു എന്ന് എനിക്കു തോന്നുന്നതിനാൽ ഇനി അധികം നീട്ടണമെന്ന് വിചാരിക്കുന്നില്ല. വായനക്കാർ മേൽപറഞ്ഞിരിക്കുന്ന ഉദ്ദേശ്യങ്ങളും, പ്രയോജനങ്ങളും, ഉപദേശങ്ങളും മനസ്സിൽ വച്ചുംകൊണ്ട് ഗ്രന്ഥപാരായണം ശരിയായി നടത്തുന്നതായാൽ അവർ അചിരേണ ജ്ഞാനസമ്പന്നന്മാരും ഉൽകൃഷ്ടചിത്തവൃത്തികളും ആയി തീരുമെന്നുള്ളതിന്ന് യാതൊരു സംശയവും ഇല്ല.

൪. കായികവിദ്യാഭ്യാസം.

"ഉഢംഗാത്രത്തിൽ ഉഢബുദ്ധി" എന്നുള്ളതു് വിദ്യാഭ്യാസശാസ്ത്രത്തിലേ ഒരു സുപ്രസിദ്ധമായ തത്ത്വമാകുന്നു. ശരീരത്തിന്റേ ഓരോ അവയവത്തിന്റേയും ശരിയായുള്ള വ്യായാമം കൊണ്ടാണ് ബുദ്ധിക്ക് അവയേ ഉപയോഗിക്കാനുള്ള ശക്തി ലഭിക്കുന്നതു്, ഓരോ ശരീരഭാഗത്തിന്റേയും വളർച്ചക്ക് അവയ്ക്കു തക്കതായ അദ്ധ്വാനം അത്യാവശ്യമാണു്. ഇരുന്നു തൊഴിൽ ചെയ്യുന്ന ആളുകൾക്കും, ബുദ്ധിശക്തിയേ അധികമായി ഉപയോഗിക്കേണ്ടിയിരിക്കുന്നവർക്കും വ്യായാമം ഇല്ലാതിരുന്നാൽ ബുദ്ധിയും ശരീരവും ക്ഷീണിക്കയും രോഗബാധിതമായി ഭവിക്കയും ചെയ്യുന്നു. മനസ്സും ശരീരവും തമ്മിൽ ഒരു ഗൃഹവും അതിന്റേ അടിസ്ഥാനവുംതമ്മിലുള്ളതുപോലെയുള്ള സംബന്ധംഉണ്ട്. കേടുള്ള അടിസ്ഥാനത്തിന്മേൽ ഒരുറപ്പുള്ള ഗൃഹം നില്ക്കുകയില്ല. അദ്ധ്യാപകന്മാരും വിദ്യാർത്ഥികളും ഒരു വിഷയത്തിൽ പ്രത്യേ-

കം ശ്രദ്ധിയ്ക്കേണ്ടതാണ്. മനസ്സിന്റേയുംശരീരത്തിന്റേയും വളച്ചു ഒന്നുപോലെയാണ്. ഒന്നിൽശ്രദ്ധിക്കയും മറ്റതിൽ ഉപേക്ഷ വിചാരിക്കയും ചെയ്യുന്നതായിരുന്നാൽ കാലാന്തരത്തിൽ രണ്ടിനും കേടുപറ്റാനിടയുണ്ട്. "ശരീരമാദ്യം ഖലുധർമ്മസാധനം" എന്നുള്ള മഹദ്വാക്യത്തിന്റെ സാരം നാം എല്ലായ്പോഴും ഓർമ്മിക്കേണ്ടതാണ്. നമ്മുടെ കർത്തവ്യകർമ്മങ്ങൾ ശരിയായി ചെയ്യുന്നതിന് മുഖ്യമായി വേണ്ട ഉപകരണം ശരീരമാണല്ലോ. നമ്മുടെ രാജ്യത്തിന്റെ ശീതോഷ്ണാവസ്ഥ നിമിത്തം നമുക്ക് പ്രായേണ വ്യായാമത്തിൽ വളരേ അശ്രദ്ധയും വൈമുഖ്യവും ഉണ്ടാകാനിടയുണ്ട്. അതുകൊണ്ട് നാം ഇതിൽ സാമാന്യത്തിലധികം ശ്രദ്ധിക്കേണ്ടതായിരിക്കുന്നു. വിദ്യാർത്ഥികൾ പകൽ മുഴുവൻ ഒരു സ്ഥലത്തുതന്നേ ഇരുന്നും ബുദ്ധിശക്തിയെ ഏറക്കുറെ ഉപയോഗിച്ചും കഴിച്ചുകൂട്ടുന്നവരാകയാൽ ഇവർക്ക് ദിവസംപ്രതി ഒരു ക് ളപ്പസമയം കായികാഭ്യാസം അത്യാവശ്യമാണ്. മറെറാന്നും ചെയ്യാൻ സാധിച്ചില്ലെങ്കിലും ദിവസംപ്രതി രണ്ടു മണിക്കൂറുനേരം ശുദ്ധവായുവുള്ള സ്ഥലത്തു് സഞ്ചരിക്കുക എങ്കിലും ചെയ്യേണ്ടതാകുന്നു. വ്യായാമത്തിൽ കളഞ്ഞു എന്നു് വിചാരിക്കുന്ന സമയത്തിനാ പകരം മനസ്സിന് കൂടുതൽ ശക്തി ലഭിച്ചുവെന്നുള്ള ഗുണം സിദ്ധിക്കുന്നു. സവാരി പോകുന്നതുകൊണ്ട് , ചോറാ എന്നു് വിചാരിക്കുന്നപക്ഷം പന്തുകളി മുതലായവ ശരീരത്തിന് ആയാസവും കരുത്തും നല്കുന്നതിന് അനർഘങ്ങളായ ഉപായങ്ങളാണ്. ശരിയായ കായികവിദ്യാഭ്യാസം ലഭിച്ചിട്ടുള്ളവർ പ്രായേണ സ്വഭാവഗുണമുള്ളവരും വിശാല മനസ്കന്മാരുമായിട്ടാണ് കാണപ്പെട്ടുന്നതു്. കളിസ്ഥലങ്ങൾ "സൽസ്വഭാവത്തിന്റെ വിളനിലമി" യെന്നു് പറയപ്പെട്ടിരിക്കുന്നു. ബാല്യത്തിൽകായികവിദ്യാഭ്യാസം ശരിയായി ലഭിച്ചിട്ടുള്ളവർക്ക് സ്വഭാവഗുണം

താനേതന്നേ വന്നുകൂട്ടും. വ്യായാമം വിദ്യാഭ്യാസത്തിന്റെ ഭാഗമായിട്ടാണ് പല ദേശക്കാരും വിചാരിച്ചുവരുന്നത്. പുരാതന റോമൻകാർ അവരുടെ ബാലന്മാരെ കളരികളിൽ അയച്ച് അഭ്യസിപ്പിച്ചുവന്നു. നായന്മാർക്കും ഒരു ഏർപ്പാടുണ്ടായിരുന്നതായി കാണുന്നുണ്ട്. ഗ്രീക്കുകാരുടെ ഇടയിലും ഒരു സമ്പ്രദായം നടപ്പുണ്ടായിരുന്നു. അവർ ഒരു സദ്യ കഴിഞ്ഞാലുടനേ വ്യായാമം ചെയ്യാതെയിരിക്കയില്ല. ജപ്പാൻകാരുടെ ഇടയിലും കായികാഭ്യാസം ഒരു പ്രധാനകാര്യമായി ഗണിച്ചുവരുന്നുണ്ട്. ജർമ്മനിയിൽ എല്ലാ ബാലന്മാരും യുദ്ധം അഭ്യസിക്കണമെന്ന് ഒരു നിർബ്ബന്ധമായ നിയമം ഉണ്ട്. ഇതു കായബലം സിദ്ധിക്കുന്നതിനുള്ള ഒരുനല്ല ഏർപ്പാടാണ്. വിനോദം എന്നു പേർ പറഞ്ഞു നാമെല്ലാവരും പലതരമായ കായികാഭ്യാസങ്ങളും ചെയ്യാറുണ്ട്. വള്ളംകളി, പന്തുകളി, കുതിരസ്സവാരി, സൈക്കിൾ ഓടിക്കുമുതലായവ ഇതിൽ ഉൾപ്പെട്ടവയാണ്. ഇവയെല്ലാംകൊണ്ടും വ്യായാമം ഒരു സർവ്വപ്രധാനമായ കാര്യമാണെന്നു സ്പഷ്ടമാകുന്നു. ആരോഗ്യം മനുഷ്യനുള്ള ഒരു വലിയ അനുഗ്രഹമാണ്. അതിനെ രക്ഷിക്കേണ്ടതും അതുപോലെതന്നെ ഒരു വലിയ മുമതലയാണ്. ബാലന്മാർക്കും യുവാക്കന്മാർക്കും ശരീരം വളർന്നുകൊണ്ടിരിക്കയാണല്ലോ. അവർ ഈ വളർച്ചയെ തടയുന്നതായ യാതൊരു പ്രവൃത്തിയും ചെയ്യാതിരിക്കുന്നതുകൂടാതെ അതിനുപയുക്തമായ വ്യായാമം യഥാക്രമം ചെയ്യേണ്ടതായും ഇരിക്കുന്നു. പ്രകൃതിതന്നേ ഇതിന് വേണ്ട ഏർപ്പാടുകളും ഒരുവിധം ചെയ്യുന്നുണ്ട്. ബാലന്മാർ പ്രായേണ കളിസ്വഭാവമുള്ളവരായിത്തന്നേ ഇരിക്കുന്നു. ഇതു ശരീരപുഷ്ടിക്കുവേണ്ടി പ്രകൃതി ചെയ്തിരിക്കുന്ന മുൻകരുതലാണ്. വിദ്യാലയത്തിൽ കയറിയാൽ, നാം പലപ്പോഴും അവരുടെ ഒരു ശീലത്തെ അതിക്രമമായി തടുക്കുന്നുണ്ട്. ഒരു ബാ-

ലന്റെ ശരീരം അവന്റേ ശക്തിയുടെ ഒരു പ്രധാനഭാഗമാ-ണു്. മനുഷ്യവർഗ്ഗത്തിന്റെ ഉൽഗതിക്കുള്ള ഉദ്യമത്തിൽ ഒന്നാമതായി ആവശ്യമുള്ളതു് ശരീരത്തിന്റെ ദൃഢീകരണ-മാണു്. നല്ല ശരീരം ഉണ്ടായിരിക്കുന്നതു്, ബുദ്ധിശക്തിക്കും സ്വഭാവസംസ്കരണത്തിനും ഏറ്റവും അനുകൂലമായ സംഗതിയാണു്. വളരേ നേരം ഇടവിടാതെയുള്ള മനോവ്യാ-പാരം നിമിത്തം ഉണ്ടാകാവുന്ന ക്ഷീണത്തിനു് വ്യായാമം ഒരു വിശ്രമം നല്കുന്നു. രക്തം തടവുകൂടാതെ ദേഹത്തിന്റെ എല്ലാ ഭാഗങ്ങളിലും വ്യാപിക്കുന്നതിനും ഒരു ദിക്കിൽ മാത്രം കെട്ടി നിൽക്കാതിരിക്കുന്നതിനും വ്യായാമം സഹായിക്കുന്നു. ഹൃദയത്തിനും ശ്വാസധാനികൾക്കും വേണ്ടതുപോലെ പ്രവർത്തിക്കുന്നതിനും സൌകര്യപ്പെടത്തക്കവണ്ണം മാറിനു് (നെഞ്ചിനു്) വിരിവുണ്ടാകുന്നു; ഇതുകൂടാതെ ബാലന്മാരിൽ അവക്കു് പിന്നീടത്യാവശ്യമായിരിക്കുന്ന സഹന ശക്തിയും കായികാഭ്യാസംകൊണ്ടു് സിദ്ധിക്കുന്നു. ബുദ്ധിശക്തിയെ പോഷിപ്പിക്കുന്നതിനും ശരിയായി ഉപയോഗിക്കുന്നതിനും ഇതു് ഒരുത്തമമായ ഉപായമാണു്. നമ്മുടെ ശരീരത്തിൽ രോഗം ബാധിക്കാതിരിക്കുന്നതിനും ഇതു് ഒരു നല്ല മുൻകരു-തലാണു്. കുട്ടികളിൽ പ്രായേണ പ്രസരിക്കുന്ന കളിസ്വ-ഭാവത്തിനു് ഇതു് ന്യായമായ വഴി നല്കുന്നു. സൽസ്വ-ഭാവത്തിനെ ബലപ്പെടുത്തുന്നതിനും കായികാഭ്യാസം വളരേ ഉതകുന്നു. ദേഹസൌന്ദര്യവർദ്ധകം ഇതു് അനുകൂലമായിരിക്കുന്നു. ഇപ്രകാരം അനേക ഗുണങ്ങൾക്കു് നിദാനമായിരിക്കുന്ന കായികാഭ്യാസവിഷയത്തിൽ നാം പലപ്പോഴും നീതികരിക്ക-ത്തക്കതല്ലാത്ത അശ്രദ്ധയേ പ്രദർശിപ്പിക്കുന്നുണ്ടെന്നു് വ്യ-സനസമേതം പറയേണ്ടിയിരിക്കുന്നു. ഉയർന്തരം വിദ്യാല-യങ്ങളിൽഇതിലേയ്ക്കു് വേണ്ടതായ ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്. എന്നാൽ, ഇവിടെത്തന്നേയും ഇതഭിലഷിക്കുന്നതായ ശ്രദ്ധ

പ്രേരിക്കപ്പെടുന്നില്ല. അധികം കുട്ടികൾ പഠിക്കുന്നതായ താണതരം വിദ്യാലയങ്ങളിൽ ഇതിന് ഒരു ഏർപ്പാടും ഉള്ളതായി അറിയുന്നില്ല. കുട്ടികളെക്കൊണ്ട് പാഠകളെപ്പോലെ നോട്ടെഴുതിക്കുന്ന സമയം ൦രം വിഷയത്തിൽ വ്യയം ചെയ്താൽ അധികം നന്നായിരിക്കും. ഒരു മണിക്കൂറിൽ അൻപതു മിനിട്ട് മനോവ്യാപാരത്തിലും പത്തു മിനിട്ട് കായികാഭ്യാസത്തിലും വ്യയം ചെയ്യുന്ന ഒരാൾക്ക് അറുപതു മിനിട്ടും മനോവ്യാപാരത്തിൽ നയിക്കുന്ന ഒരാളെക്കാൾ കൂടുതൽ അറിവും, അധികം ബലമുള്ള ശരീരവും, ഉത്സാഹശീലവും, സൽസ്വഭാവവും, കൂടുതൽ ബുദ്ധിശക്തിയും ഉണ്ടായിരിക്കുന്നതാകുന്നു. എന്നാൽ—

"സർവ്വമതിമാത്രംദോഷമായ"

എന്നുള്ള തത്ത്വം ഇവിടെയും നാം ഓർമ്മിക്കേണ്ടതുന്നാണ്. അതിയായുള്ള വ്യായാമമാകട്ടേ മനോവ്യാപാരമാകട്ടേ ശരീരത്തിനും ബുദ്ധിക്കും ശാശ്വതമായ നാശം വരുത്തിവയ്ക്കുന്നു. ഇപ്പോഴത്തെ വിദ്യാഭ്യാസക്രമം കുട്ടികളുടേ ശരീരത്തിനാകട്ടേ ബുദ്ധിക്കാകട്ടേ സൈ്വരവും സ്വാതന്ത്ര്യവും നല്കുന്നില്ലെന്നാണ് പറയേണ്ടതു്. ഇവ രണ്ടുമാണ് ശരിയായുള്ള വളർച്ചയ്ക്ക് അത്യാവശ്യങ്ങളായ ഗുണങ്ങൾ. ഇപ്പോഴത്തെ ഏർപ്പാടുകൾ കുട്ടികളെ ഒരുമാതിരി യന്ത്രങ്ങളാക്കിത്തീർക്കാൻ വളരേ ഉൽകൃഷ്ടമായാണെന്നാണ് പലരുടേയും അഭിപ്രായം. വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യം ഇതാണൊ എന്നും സംശയിക്കേണ്ടിയിരിക്കുന്നു. അദ്ധ്യാപകന്മാർക്കും അവരുടെ ബുദ്ധിശക്തിയെ ഉപയോഗിക്കേണ്ട ആവശ്യം അധികം ഉണ്ടെന്നു് തോന്നുന്നില്ല.

൪. മനുഷ്യജീവിതം.

(ചില വിമർശനങ്ങൾ.)

"മനുഷ്യജീവിതം" എന്ന തലവാചകം കണ്ടു് അതിനെപ്പറ്റി പൂർണ്ണജ്ഞാനം നമുക്കിപ്പോൾ സമ്പാദിച്ചുകളയാമെന്നു് വായനക്കാരിൽ വല്ലവരും ഭ്രമിച്ചുപോകരുതെന്നാണു് എന്റെ ആദ്യമായുള്ള അപേക്ഷ. ലോകാരംഭം മുതല്ക്കേ മനുഷ്യരുടെ ബുദ്ധിശക്തിയെ സാമാന്യത്തിലധികം ക്ലേശിപ്പിച്ചുകൊണ്ടിരിക്കുന്നതും, ഇന്നോവരയ്ക്കും ഒരു തൃപ്തികരമായ സത്രുപജ്ഞാനം ആർക്കുംതന്നെ സമ്പാദിക്കാൻ കഴിഞ്ഞിട്ടില്ലാത്തതും, ലോകാവസാനംവരേ ശ്രമിച്ചാലും, അതു് സാധിപ്പാൻ എളുപ്പമില്ലാത്തതും, ബുദ്ധിമാന്മാരും, യോഗികളും, ശാസ്ത്രജ്ഞന്മാരും ഒരുപോലെ പഠിച്ചു പണിപ്പെട്ടു മുഴുവൻ നോക്കീട്ടും പിടികിട്ടാതിരിക്കുന്നതും, ദുർഗ്രാഹ്യങ്ങളും രഹസ്യങ്ങളുമായ അനേകം സംഗതികൾ അടങ്ങീട്ടുള്ളതുമായ ഒരു വിഷയത്തെപ്പറ്റി അല്പമെങ്കിലും ജ്ഞാനം അല്പജ്ഞനായ എന്നിൽനിന്നു് ലഭിക്കാമെന്നു് നിങ്ങളിൽ വല്ലവരും കരുതുന്നുണ്ടെങ്കിൽ, അതു് ഒരു "വല്ലാത്ത മോഹം" മാത്രമായിരിക്കുമെന്നു് പറവാനേ നിവൃത്തിയുള്ളൂ. എന്നാൽ, ലോകത്തിൽ നമുക്കറിയേണ്ടതായ വസ്തു വല്ലതും ഉണ്ടെങ്കിൽ അതു് ഇതൊന്നാണെന്നും തീച്ചയായിപ്പറയാം. പക്ഷേ, ഇതുപോലെ നാം ശ്രദ്ധിക്കാതെ ഉപേക്ഷിച്ചിട്ടിരിക്കുന്ന വസ്തുവും വേറെ വല്ലതും ഉണ്ടോ എന്നു് സംശയമാണു്. നാം "മനുഷ്യരാ"ണെന്നുള്ള വിചാരംകൂടി നമ്മിൽ അധികം പേർക്കും ഉണ്ടോ എന്നുകൂടി സംശയിക്കേണ്ടിയിരിക്കുന്നു. എന്നാൽ, ഒരുവാസ്തവത്തെ നമുക്കു് ഇഷ്ടമാകാത്തവിധത്തിൽ ഇടയ്ക്കിടെ നമ്മെ ഓർമ്മപ്പെടുത്തുന്നതിനു് ലോകത്തിൽ പല

ശക്തികളും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ട്. എന്നാൽ, ഇത്ര ദുർഗ്രാഹ്യമായ വിഷയത്തോടു് മല്ലിടാൻ പുറപ്പെട്ടതെന്തിനാണെന്നു് ചോദിക്കുന്നെങ്കിൽ അതിനു് ഒരു സമാധാനം ഉണ്ടു്. മനുഷ്യരിൽ 'ജിജ്ഞാസ' എന്ന മഹത്തായ ഒരു വസ്തു സദാ ജ്വലിച്ചുകൊണ്ടിരിക്കുന്നു. ഇതിന്റെ ശക്തി ഒന്നുതന്നെയാണു് നമ്മെ എപ്പോഴും ലോകത്തിൽ മുമ്പോട്ടു് തള്ളിക്കൊണ്ടിരിക്കുന്നതു്. ഇതിനെ അടക്കുന്നതു് അത്ര സുകരമല്ല. അറിവാനാഗ്രഹിക്കുന്നതായ ഒരു വസ്തുവുണ്ടെങ്കിൽ അതിനെ എത്രത്തോളം അറിവാൻ കഴിയുമെന്നു് ശ്രമിച്ചുനോക്കാതിരുന്നാൽ മനസ്സിനു് വല്ലതായ ഒരു അസ്വാസ്ഥ്യം നേരിട്ടുതാണു്. 'സുഖം' എന്നു് പറയുന്നതുതന്നേ "പരിപൂർണ്ണജ്ഞാന"ത്തിന്റേ ഫലമാണു്. ജ്ഞാനവൽസ്നയ്ക്കും ഉല്കൃഷ്ടത്തിനും എന്നു വേണ്ട, എല്ലാ പരിഷ്കാരത്തിനും നിദാനമായിരിക്കുന്നതു് ജിജ്ഞാസതന്നെയാണു്. ഓരോ ശക്തിയുടെ പ്രേരണ നിമിത്തമാണു് ഓരോ വിഷയത്തെ എടുത്തു് മഹാന്മാരുടെ മുമ്പിൽ ഇടണമെന്നു് എനിക്കു തോന്നിയതു്. വിഷയം എത്രതന്നേ ദുഷ്കടമായിരുന്നാലും മനുഷ്യബുദ്ധി അതിനെ ഒന്നുരച്ചോ ചുരണ്ടിയോ നോക്കാതെ വിട്ടുകളയുന്ന പതിവും ഇല്ലല്ലോ. "മനുഷ്യജീവിത"വും ഇതിനു് ഒരു വ്യത്യസ്തമല്ല. എന്നാൽ, ഓരോ വിഷയത്തെപ്പറ്റി ഞാൻ ഇപ്പോഴും, സ്വയമായി വല്ലതും പറയാൻ പോകുകയാണെന്നു് വിചാരിക്കേണ്ട; മഹാന്മാർ, ഇതിനെപ്പറ്റി അവരുടെ ദീഘ്കാലോചനയുടെ ഫലമായി പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായശകലങ്ങളിൽ ചിലതിനെ എടുത്തു കാണിക്കാമെന്നു മാത്രമേ ഞാൻ വിചാരിക്കുന്നുള്ളൂ. പലരുടേയും പരിശോധനയുടെ ഫലങ്ങൾ എല്ലാംകൂടി ചേർത്തു നോക്കിയാൽ വല്ലതും ചില അവ്യക്തജ്ഞാനമെങ്കിലും നമുക്കു് ലഭിക്കാൻ കഴിയുമെന്നു

തോന്നുന്നു. ഒരു വസ്തുവിനെതന്നേ പല സ്ഥലത്തുനിന്നു നോക്കുന്നതായാൽ ഓരോരുത്തരും ഗ്രഹിച്ചിട്ടുള്ള ജ്ഞാനം അപൂർണ്ണമായിരുന്നാലും ഒന്നിച്ചുചേർത്തു നോക്കുമ്പോൾ ഒരുവിധം പൂർണ്ണമായും ഇരുന്നേക്കാം. എന്നാൽ, അധികഭാഗവും മനുഷ്യബുദ്ധിക്കു ഗോചരമായി മറഞ്ഞുകിടക്കുന്നതിനാൽ യഥാർത്ഥജ്ഞാനം ഇഹലോകത്തിൽ അപ്രാപ്യമായിത്തന്നേ ഇരിക്കുന്നു.

"മനുഷ്യജീവിതം ഒരു ചാൺ നീളമേയുള്ളൂ" എന്നു് ഒരു മഹാൻ അഭിപ്രായപ്പെട്ടിരിക്കുന്നു. ജീവിതസ്വഭാവപരിശോധനയിൽ, ഒരു വിദ്വാന്റെ നോട്ടം ഇതിനു് എത്രമാത്രം ദൈർഘ്യം ഉണ്ടെന്നുള്ള സംഗതിയിലാണു് പതിഞ്ഞുകാണുന്നതു്. എന്തു തോതുകൊണ്ടാണു് അളന്നതെന്നു് നിശ്ചയം പറവാൻ തരമില്ല. ആശയാകുന്ന അതി ദീർഘമായ ചങ്ങലകൊണ്ടാണെന്നു തോന്നുന്നു. സാധിക്കേണ്ടതായ അനേകം ആശകളും മോഹങ്ങളും മനസ്സിൽ തിക്കിത്തിരക്കി സ്ഥലം പിടിച്ചിരിക്കുന്ന ഒരാൾക്കു് ഇപ്രകാരമുള്ള ഒരു് അഭിപ്രായം തോന്നുന്നതു് സഹജമാണല്ലോ. തന്റെ കാര്യങ്ങളും മുഴുവൻ സാധിക്കുന്നതിനുമുൻപു് ജീവിതരംഗത്തിൽ നിന്നും അന്തർദ്ധാനം ചെയ്യേണ്ടിവരുമെന്നുള്ള ഭയമോ, ശങ്കയോ നിമിത്തം, മനുഷ്യജീവിതത്തിനു് വേണ്ടതായ ദൈർഘ്യം ഇല്ലെന്നു് തോന്നിപ്പോകുന്നതും ഒരു അസംഭാവ്യമായ സംഗതിയല്ല. "മനുഷ്യജീവിതം അവശ്യം വേണ്ടതിലധികം ദീർഘമായിരിക്കുന്നു." എന്നു് മറെറാരു മഹാൻ അഭിപ്രായപ്പെട്ടിരിക്കുന്നു. ഈ വിദ്വാന്റെ അളവു് "നിരാശ"യാകുന്ന തോതുകൊണ്ടാണെന്നു് ഊഹിക്കാം. ഇതു ആകട്ടെ, ജീവിതം ഒരു വലിയ ഭാരമെന്നു് തോന്നത്തക്കവണ്ണം

വല്ല ക്ഷേത്രത്തിലും കിടന്ന് വലയുന്ന ഒരാളായിരിക്കണം. ഈ ആധം ജീവിതവളപ്പിന്റെ അതിർത്തിക്കല്ല്, അകത്തേയ്ക്ക് മാറ്റിയിട്ടാൽ കൊള്ളാമെന്ന് താല്പര്യമുള്ള മനുഷ്യനാണെന്നു തോന്നുന്നു. വാസ്തവത്തിൽ രണ്ടുകൂട്ടരും മനുഷ്യജീവിതത്തിന്റെ ഹ്രസ്വതയേയോ ദൈർഘ്യത്തേയോ കണക്കാക്കുന്നതു്, തങ്ങളുടേ മനോവികാരമായ മാനദണ്ഡം കൊണ്ടാണെന്ന് വന്നുകൂടുന്നു. ഇതുകൊണ്ട്, മനുഷ്യജീവിതം യഥാർത്ഥത്തിൽ ഹ്രസ്വമോ ദീർഘമോ എന്ന് തീർച്ചയാക്കാൻ നിവൃത്തിയില്ല. "നിത്യതയേ അപേക്ഷിച്ച്, അതു്, പക്ഷേ, ഹ്രസ്വമാണെന്നു പറയാമായിരിക്കാം. എന്നാൽ, ഒരു ഹ്രസ്വതയേപ്പറ്റി അതിശയിപ്പാൻതോ, പരാധി പറവാനോ നമുക്കവകാശമില്ല. നമ്മുടെ അധീനത്തിൽ വിട്ടിരിക്കുന്ന കാലത്തെ യഥാവിധി ഉപയോഗപ്പെടുത്തുന്നതായാൽ നമ്മുടെ ചുമതല തീർന്നു. ജീവിതകാലം നീട്ടിക്കിട്ടണമെന്ന് നാം ഇച്ഛിക്കുന്നതെന്തിനാണു്? നാം ആകാശത്തിൽ കോട്ടകെട്ടുന്നതിനോ മറ്റോ ഒക്കെച്ചെയ്യുന്നുണ്ടായിരിക്കാം. അതു് തീരുന്നതുവരേ അവധി നീട്ടിക്കിട്ടണമെന്നായിരിക്കാം. താല്പര്യം. എത്രതന്നേ നീട്ടിയാലും നമുക്ക് തൃപ്തിയാകുമെന്നു് തോന്നുന്നില്ല. ഭാവി, മനുഷ്യന്റെ സ്വാധീനത്തിലല്ല. എന്നാൽ, അതിനെ സ്വാധീനത്തിലാക്കുവാൻ നാം ഒരു സൂത്രം പ്രയോഗിക്കുന്നുണ്ടു്. അതെന്തെന്നാൽ, നാം നമ്മുടെ ആശയാകുന്ന വല, ഭാവിയിലേയ്ക്ക് വളരേ ശക്തിയോടുകൂടി വീശുകയാണു്. ഫലം പറയണമെന്നില്ലല്ലോ. മനുഷ്യജീവിതത്തിനു് ഇത്ര ദൈർഘ്യം വേണമെന്നാണു് തീർച്ചയാക്കി വച്ചിട്ടുള്ളതായിക്കാണുന്നില്ല. മനുഷ്യജീവിതത്തിന്റെ ഉദ്ദേശ്യം, ആത്മാവിന്റെ "പരിപൂർണ്ണത പ്രാപ്തി"യാണെന്നാണു് മഹാന്മാരുടെ അഭിപ്രായം. ആത്മാവിനു് പരിപൂർണ്ണത സിദ്ധിക്കുന്നതു് ജീവിതത്തിന്റെ

ദൈഘ്യം കൊണ്ടല്ല; ഉണർച്ചയോടും, ശ്രദ്ധാന്തിയോടും കൂടീട്ടുള്ള സൽപ്രവൃത്തികൊണ്ടാണു്. "നാം കാലത്തിലല്ല ജീവിക്കുന്നതു്; പ്രവൃത്തിയിലാണു്." എന്നു് ഒരു വിദ്വാൻ പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം ഇതുതന്നെയാണു്. കാലത്തെ അളക്കുന്നതു്, സംവത്സരങ്ങൾ കൊണ്ടല്ല; ഹൃദയത്തിന്റെ തുടിപ്പുകൊണ്ടാണെന്നു്, അദ്ദേഹംതന്നെ പ്രസ്താവിച്ചിരിക്കുന്നു. അതുകൊണ്ടു് ജീവിതം ഹ്രസ്വമായിരിക്കട്ടേ, ദീർഘമായിരിക്കട്ടേ—അതിനെ നാം അതുവകവയ്ക്കാനില്ല. ജീവിതത്തിലുള്ള കാലശകലങ്ങളുടേ കഴുത്തിൽ, സൽപ്രവൃത്തിയാകുന്ന ഓരോ മണികെട്ടി അവയെ പോകാൻ അനുവദിക്കുന്നതായാൽ നാം ജീവിച്ചിരുന്നതിന്റെ അല്പമെങ്കിലും ഫലം സിദ്ധിക്കുമെന്നു് വിശ്വസിക്കാം.

മനുഷ്യജീവിതം ഒരു്. "അർത്ഥമില്ലാത്ത സപ്പു"മാണെന്നു് ഒരു വിദ്വാനും, ഒരു "ചരിക്കുന്ന നിഴലാ"ണെന്നു് മറെറാരു വിദ്വാനും പറഞ്ഞിരിക്കുന്നു. "സംസ്മൃതി സപ്പസ്തുശീ" എന്നും പറഞ്ഞുകാണുന്നു. ഇതുകൊണ്ടു് മനുഷ്യജീവിതം ഒരടിസ്ഥാനമില്ലാത്ത "തോന്നൽ" മാത്രമാണെന്നു് സൂചിപ്പിക്കപ്പെട്ടിരിക്കുന്നു. ഇതിൽ വാസ്തവമായിട്ടും സാരമായിട്ടും ഒന്നുംതന്നേ ഇല്ലെന്നും ഇതിൽ പ്രതിപത്തി ഭാവിക്കുന്നതു് കേവലം അജ്ഞത കൊണ്ടാണെന്നുമാണു് ഇക്കൂട്ടരുടെ അഭിപ്രായം. ഇങ്ങനെയുള്ള ഒരു അഭിപ്രായം എന്തടിസ്ഥാനത്തിന്മേലാണു് സ്ഥാപിച്ചിരിക്കുന്നതെന്നു് ആലോചിക്കേണ്ടതാണു്. ഇവർ മനുഷ്യജീവിതത്തെ അപഗ്രഥനംചെയ്തു നോക്കിയതിൽ ഒന്നുംസാരമായിക്കണ്ടില്ലായിരിക്കാം. അല്ലെങ്കിൽ നിസ്സാരാംശങ്ങളായിരിക്കാം കണ്ടതു്. എന്നാൽ, ജീവിതം "ഒരു കഠിനമായ വാസ്തവ"മാണെന്നു് വേറൊരു മഹാൻ പ്രസ്താവിച്ചുകാണുന്നു. ഒരു അഭിപ്രായ-

ഭേദത്തിനുള്ള കാരണം രണ്ടുകൂട്ടരുടേയും പരിശോധനസ്ഥാനത്തിന്റേയോ, രീതിയുടേയോ വ്യത്യാസംകൊണ്ട് വന്നിട്ടുള്ളതായിരിക്കാം. പരിശോധകന്മാരുടെ ബുദ്ധിയുടെ തല്ക്കാല സ്ഥിതികൊണ്ടും ഇങ്ങനെ വരാം. ജീവിതം എന്നു വച്ചാൽ വിചാരം വാക്ക് പ്രവൃത്തി എന്നിവയുടെ ഇടവിടാതെയുള്ള വ്യാപാരങ്ങളാണെന്നും ഒരഭിപ്രായം ഉണ്ട്. ഇവ അയഥാർത്ഥങ്ങളാണെന്ന് വിചാരിക്കുന്നപക്ഷം ജീവിതവും അപ്രകാരം തന്നെയാണെന്ന് വിചാരിക്കാം. എന്നാൽ, ഇതിനെ അപഗ്രഥനം ചെയ്യുന്നതിൽ "ആത്മാവെ"ന്നു ഒരു സ്ഥിരാംശംകൂടി കാണുന്നുണ്ടെന്ന് ചിലർ പറയുന്നുണ്ട്.

"അന്തവന്ത ഇമേദേഹാനിത്യസ്യോക്തഃ ശരീരിണഃ
അനാശിനോ പ്രമേയസ്യ" എന്ന് ഗീതയിൽ കാണുന്നു.

ഇപ്രകാരമായിരുന്നാൽ ഇതിനു് അയഥാർത്ഥം ഒരിക്കലും കല്പിക്കാൻ പാടില്ലല്ലോ. ജീവിതം സ്വപ്നമോ, നിഴലോ, മായയോ ആണെന്ന് വിധിക്കുന്നതു് അതിന്റെ ഗൗരവമേറിയ ചുമതലകളിൽനിന്നും ഒഴിഞ്ഞുമാറുന്നതിനുള്ള ഒരാഗ്രഹമോ, അവയെ വഹിക്കുന്നതിനുള്ള മടിയോകൊണ്ടാണെന്നു് തോന്നിപ്പോകുന്നു. ജീവിതം മായയാണെങ്കിൽ നമുക്കൊന്നും ചെയ്യാനില്ലല്ലൊ. അതിൽ മയങ്ങിക്കിടന്നാൽ പോരേ—സ്വപ്നത്തെ അടിസ്ഥാനമാക്കി വല്ലതും പ്രവർത്തിക്കാറുണ്ടോ? ഇപ്രകാരം ആയിരുന്നാൽ ജീവിതം വളരെ സുഖം തന്നെയാണു്. എന്നാൽ, ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും അതു് ഒരു കഠിനമായ വാസ്തവമാണെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്നതായ അനേകം സംഗതികൾ നടക്കുന്നുണ്ടെന്നു് അതിൽക്കൂടി ചിന്തിക്കുന്നവർക്ക് എല്ലാവർക്കും അറിയാവുന്നതാണു്. "മനുഷ്യർ സ്വപ്നത്തെ സമ്പാദിക്കുകയോ കളയുകയോ ചെയ്യുന്നതു് ഭൂമി-

യിൽ (ജീവിതത്തിൽ) ആണ്. അനുഭവം അങ്ങും ഒരുക്കം ഇങ്ങുമാകുന്നു." എന്നുള്ള മഹദ്വചനത്തിന്റെ സാരം ആലോചിച്ചു നോക്കിയാൽ ജീവിതം നിഴലൊ വാസ്തവമൊ എന്ന് ബോദ്ധ്യപ്പെടുന്നതാകുന്നു. "സത്ത്" എന്നു വച്ചാൽ ആത്മാവിന്റെ ഒരു ഉൽകൃഷ്ടസ്ഥിതിയെന്ന് അർത്ഥം കല്പിച്ചാൽ മതി. നമ്മുടെ ഇഹലോക ജീവിതം കൊണ്ടുവേണം ഈ സ്ഥിതിയേ പ്രാപിക്കാനെന്നു വരുമ്പോൾ ജീവിതം കേവലം ഒരു നിഴലോ മായയോ അല്ലെന്നും, അതു് ആത്മാവിന്റെ ഒരു "പരീക്ഷകാല"മാണെന്നും, അതിൽ നാം മയങ്ങിക്കിടന്നാൽ പോരെന്നും ഉള്ള വാസ്തവങ്ങൾ ഊഹിച്ചുകൊള്ളാവുന്നതാകുന്നു. മനുഷ്യജീവിതത്തിന്റെ പരമോദ്ദേശ്യം തന്നേ എന്താണെന്നും ആലോചിക്കണം.

"ഉല്കൃഷ്ടലാഭമേതുവാസരമേറുമാറു—
ള്ളുദ്യോഗമാണു നരജീവിത ലാക്കു ഭ്രമെ"

എന്നാണ് ഒരു കവി പറഞ്ഞിരിക്കുന്നതു്. കാർലൈൽ എന്ന മഹാൻ "മനുഷ്യജീവിതം കാടി കലക്കിവച്ചിരിക്കുന്ന തൊട്ടിക്കു പുറവും തിക്കിത്തിരക്കിക്കൂടുന്ന പന്നികളുടെ മത്സരമാകുന്നു" എന്നു് വളരേ ഹാസ്യമായി വർണ്ണിച്ചിരിക്കുന്നു. ജീവിതത്തിന്റെ മാഹാത്മ്യത്തേയും ഗൌരവത്തേയും സൂക്ഷ്മബുദ്ധ്യാ ഗ്രഹിച്ചിട്ടുള്ള ഇദ്ദേഹത്തിനു് അതിനെ അതി നികൃഷ്ടമായ വിധത്തിൽ നയിക്കുന്നതു കണ്ടിട്ടു് ഒട്ടും സഹിക്കാൻ പാടില്ലാതെയാണു് ഇപ്രകാരം ഒരു വിവരണം ചെയ്തതു് എന്നു തോന്നുന്നു. വിത്തത്തിനോ, വിഷയസുഖത്തിനോ വേണ്ടി മനുഷ്യർ തമ്മിൽ തല്ലി തല കീറുന്നതു കണ്ടാൽ ഇവ തന്നെയാണു് ജീവിതത്തിന്റെ പ്രധാനോദ്ദേശ്യമായി ഗണിക്കപ്പെട്ടിരിക്കുന്നതെന്നു് ആക്ഷേപം തോന്നിപ്പോകുന്നതു് സാധാരണയാണു്. ഗംഭീരാശയനും,

സദാ തന്റെ ബുദ്ധിയെ ഏറ്റവും ഉയർന്ന ഒരു പന്ഥാവിൽക്കൂടി മാത്രം ചരിപ്പിച്ചുകൊണ്ടിരുന്നവനുമായ ഇദ്ദേഹത്തിന് ഇപ്രകാരം തോന്നിയതു് ഒട്ടും അത്ഭുതമല്ലല്ലൊ. ഇതുപോലെ തന്നെ "അമേരിക്കയിലെ കാർലൈൽ" എന്നു് പ്രസിദ്ധി സമ്പാദിച്ചിട്ടുള്ള എമേർസൺ, മനുഷ്യ ജീവിതം, "മുമ്പിൽ ഒരു പിടി വയ്ക്കോലും കാണിച്ചുംകൊണ്ടു് ചന്തയിലേയ്ക്കു നയിക്കപ്പെട്ടുന്ന ഒരു കഴുതയാണെ"ന്നു് വിവരിച്ചിരിക്കുന്നു. ഇദ്ദേഹത്തിനും ജീവിതത്തിന്റെ അതി നികൃഷ്ടമായ ഉപയോഗത്തിൽ സാമാന്യത്തിലധികം വെറുപ്പു് തോന്നിയിരിക്കണം. മനുഷ്യജീവിതത്തെപ്പറ്റി ഇവർ രണ്ടുപേരും ചെയ്തിട്ടുള്ള വ്യാഖ്യാനം വളരേ ശരിയായിരിക്കുന്നുവെന്നു് പറയേണ്ടിയിരിക്കുന്നു.

"യഥാവ്യാളഗളസ്ഥോപി, ദൈകൊദംശാനപേക്ഷതെ;
തഥാകാലാഹിനാഗ്രസ്തോ ലോകൊഭോഗാ നശാശ്വതാൻ."

എന്നു് അദ്ധ്യാത്മ രാമായണത്തിൽ പറഞ്ഞിട്ടുള്ളതിനും ഇവയോടു് ഏകദേശം സാമ്യം ഉണ്ടെന്നു തോന്നുന്നു.

ജീവിതം നിഴലോ, സ്വപ്നമോ ആണെന്നു് പറയുന്നവരും അതിലുള്ള വിഷയ സുഖങ്ങൾ യഥാർത്ഥങ്ങളാണെന്നുള്ള ബുദ്ധിയോടുകൂടിയാണു് പ്രവർത്തിച്ചുവരുന്നതെന്നു കാണുന്നു. ഇവർക്കു് സ്വല്പം തെറ്റിപ്പോയി എന്നു മാത്രമേയുള്ളൂ. ഇവർ യാഥാർത്ഥ്യം ഒരു ദിക്കിൽ കല്പിക്കുന്നുണ്ടു്. എന്നാൽ, അതു് അസ്ഥാനത്തിലാണു് കല്പിക്കുന്നതു് എന്നു ഒരു പിശകേയുള്ളൂ.

മനുഷ്യജീവിതത്തിന്റെ ക്ഷണഭംഗുരത കൊണ്ടോ, അതിന്റെ അപ്രതീക്ഷിതമായ അവസാനംകൊണ്ടോ, സുഖദുഃഖങ്ങളുടെ അസ്ഥിരത്വം കൊണ്ടോ, അതിലുണ്ടാകുന്ന സംഭവങ്ങളുടെ കാരണങ്ങൾ നമ്മുടെ ബുദ്ധിക്കു് അഗോ-

ചരങ്ങളായിരിക്കുന്നതുകൊണ്ടോ, പ്രവൃത്തിയും ഫലവും തമ്മിൽ പലപ്പോഴും വലിയ അകലംനേരിടുന്നതുകൊണ്ടോ, അവ തമ്മിൽ ചിലപ്പോൾ വൈപരീത്യം കാണുന്നതുകൊണ്ടോ അതു് നമുക്കിഷ്ടമല്ലാത്ത പന്ഥാക്കളിലേയ്ക്കു് പലപ്പോഴും വ്യതിചലിക്കുന്നതുകൊണ്ടോ, അതിനുള്ള വാസനയെപ്പറ്റി വിചിന്തനംചെയ്യുന്നതിനുള്ള ഭയംകൊണ്ടോ, അതിലുണ്ടാകുന്ന ദുഃഖശോകാദികൾക്കു് പരിഹാരമാർഗ്ഗം കണ്ടെത്താത്തതുകൊണ്ടോ, അതു് ഒരു് അസംബന്ധമൊ, നിഴലൊ, സ്വപ്നമൊ മറ്റൊ ആണെന്നുള്ള ഒരു സമാധാനത്തെ അസഹായനും കാലപരാധീനനും ആയ മനുഷ്യൻ അവലംബിക്കുന്നതു് ഒട്ടും ആശ്ചര്യകരമല്ല. എന്നാൽ, ഇതിന്റെ ഗൌരവമേറിയ ചുമതലകളിൽ നിന്നും നമ്മെ ഒഴിക്കുന്നതിനു് ഇതൊന്നും മതിയാകുകയില്ല. നാം അവയെ ഒഴിക്കാമെന്നു് വിചാരിച്ചാലും അവ നമ്മെ ഒഴിക്കുകയില്ല. നമുക്കിഷ്ടമായിരിക്കട്ടെ, അല്ലാതെയിരിക്കട്ടെ, അവ നമ്മിൽ സമർപ്പിക്കുന്ന ഭാരം നാം ചുമന്നേ തീരൂ. അതുകൊണ്ടു് മനുഷ്യ ജീവിതത്തിന്റെ യാഥാർത്ഥ്യത്തെ നേരത്തേ തന്നെ ഗ്രഹിച്ചു് പ്രവർത്തിക്കുന്നതു തന്നെയാണു് ഉത്തമമായിട്ടുള്ളതു്. ഒഴിഞ്ഞുമാറാൻ ശ്രമിക്കുന്നതു് ഭീരുക്കളുടെ ലക്ഷണമാണു്.

"പാരായിട്ടന്നൊരതിഭീഷ്മ രണാങ്കണത്തിൽ
പോരാടുവാൻ ഭരമിയന്നൊരു ജീവിതത്തിൽ
പാരാതടിച്ചവഴി മണ്ടിന മാടുപോൽ നാം
പോകാതെ നിന്നു രണ ശൂരത കാട്ടിടേണം."

(ലാങ്ങ് ഫെല്ലോ.)

"നഹി ദേഹ ഭൃതാശക്യം
ത്യക്തും കർമ്മാണ്യശേഷതഃ" എന്നും,
"ലോകോയം കർമ്മബന്ധനഃ" എന്നും,

"സചകമ്മസൂത്രഗ്ഗഥിതൊഹിലോകഃ" എന്നും,
"കമ്മാജ്ജായതൊഹ്യ കമ്മണ" എന്നും
മറ്റുമുള്ള മഹദ്വാക്യങ്ങൾകൊണ്ടും മനുഷ്യജീവിതത്തിന്റെ ഉദ്ദേശ്യസിദ്ധിക്ക് ഉണർച്ചയോട്ട ക്രിടീട്ടുള്ള പ്രവൃത്തി അത്യാവശ്യമാണെന്ന് സ്പഷ്ടമാകുന്നു. മനുഷ്യജീവിതം "നിത്യമാകുന്ന അഗാധ സമുദ്രത്തിന്റെ കരയോരമാകുന്നു." എന്ന് ഒരു മഹാനും, അത് "രണ്ടു നിത്യാവസ്ഥകളെ തമ്മിൽ യോജിപ്പിക്കുന്ന ഇടുക്കാണെ"ന്ന് മറെറാരു വിദ്വാനും അഭിപ്രായപ്പെട്ടിരിക്കുന്നതു നോക്കുമ്പോഴും അത് അയഥാർത്ഥമായ ഒന്നല്ലെന്ന് വിചാരിക്കേണ്ടിയിരിക്കുന്നു. "നിത്യത്വത്തിന്റെ അംശങ്ങളും അനിത്യങ്ങളായിരിക്കാൻ തരമില്ലല്ലൊ.

൯. സന്മാർഗ്ഗവിദ്യാഭ്യാസം.

ഇൻഡ്യയിൽ ഇപ്പോൾ നടപ്പുള്ള വിദ്യാഭ്യാസരീതിയിൽ പല ന്യൂനതകളും ഉണ്ടെന്നും അവയെ പരിഹരിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നുവെന്നും പലർക്കും അഭിപ്രായമുണ്ടല്ലൊ. കായിക വിദ്യാഭ്യാസത്തിൽ നമ്മുടെ ശ്രദ്ധ വേണ്ടതുപോലെ പതിക്കുന്നില്ലെന്നും, സന്മാർഗ്ഗവിദ്യാഭ്യാസം തീരേ നല്കുന്നില്ലെന്നും ഒരു വലുതായ ആക്ഷേപം പരന്നിട്ടുമുണ്ട്. മതസംബന്ധമായ വിദ്യാഭ്യാസവും ആവശ്യമാണെന്നുള്ളവരും കുറവല്ല. ഓരോ വിഷയങ്ങളിൽ ചിലതിനെക്കുറിച്ച് ഭിന്നാഭിപ്രായങ്ങളും ഉണ്ടെങ്കിലും, സന്മാർഗ്ഗവിദ്യാഭ്യാസത്തിന്റെ ആവശ്യകതയെപ്പറ്റി അഭിപ്രായഭേദം ഒട്ടും ഇല്ല. എന്നാൽ, വിദ്യാലയങ്ങളിൽ സന്മാർഗ്ഗവിദ്യാഭ്യാസം നല്കുന്നതു് ഏതു വിധത്തിലാണെന്നു

ഇതേവരെ ആരുംതീച്ചപ്പെടുത്തിയിട്ടുള്ളതായിക്കാണുന്നില്ല. ഇതിൽനിന്ന് അനുമാനിക്കേണ്ടതു് ഇതു് അത്ര എളുപ്പത്തിൽ തീച്ചയാക്കാവുന്ന ഒരു സംഗതിയല്ലെന്നാണു്. ഇതു് ഇത്ര ദുഷ്കടമായിത്തീരുന്നതിനുള്ള കാരണം എന്താണെന്നും അറിഞ്ഞുകൂടാ. സന്മാർഗ്ഗോപദേശങ്ങൾ അടങ്ങിയ പുസ്തകങ്ങൾ പഠിച്ചാൽ മതിയെന്നു് ചിലരും, മതതത്വങ്ങൾ പഠിപ്പിക്കേണ്ടതാണെന്നു് മറ്റു ചിലരും അഭിപ്രായപ്പെടുന്നുണ്ടു്. എന്നാൽ, പുസ്തകംമുഖേന സന്മാർഗ്ഗവിദ്യാഭ്യാസം നല്കുന്നതുകൊണ്ടു് അധികം പ്രയോജനമുണ്ടാകുമെന്നു് തോന്നുന്നില്ല. ഇങ്ങനെയുള്ള വെറും ഉപദേശങ്ങൾ മനസ്സിൽ കേറി ഇറങ്ങുന്നതല്ലാതെ മനുഷ്യന്റെ ജീവിതത്തെ ശുദ്ധീകരിക്കുന്നതിനു് മതിയാകുന്നതല്ലെന്നു് പല മഹാന്മാക്കും അഭിപ്രായം ഉണ്ടു്. മനുഷ്യജീവിതത്തിന്റെ ബലവത്തും പ്രധാനവുമായ അടിസ്ഥാനം വികാരങ്ങളാണു്. ഇവയെ സ്പർശിക്കാത്ത വിദ്യാഭ്യാസം ഒരുത്തനെ വിദ്വാനാക്കിയേക്കാമെങ്കിലും, സന്മാർഗ്ഗിയാക്കുന്നതല്ല. ഇപ്പോഴത്തെ രീതിയിലുള്ള വിദ്യാഭ്യാസം ഇവയെ തീരെ സ്പർശിക്കുന്നില്ലെന്നു് പറവാൻ പാടില്ല. എന്നാൽ, അവയെ വേണ്ടതുപോലെ സ്ഥിരീകരിക്കയോ, ശുദ്ധീകരിക്കയോ ചെയ്യുന്നുണ്ടോ എന്നുള്ള കാര്യം സംശയമാണു്. ഒരു വിഷയത്തിൽ നമുക്കു് പല ദുഷ്കടങ്ങളും നേരിടാനിടയുണ്ടു്. നാം വിദ്യാഭ്യാസത്തിന്റെ ശരിയായിട്ടുള്ള ഉദ്ദേശ്യത്തിൽ അഹതയുള്ള ശ്രദ്ധ വയ്ക്കുന്നില്ലെന്നുള്ളതു് എല്ലാവർക്കും അറിയാവുന്നതാണു്. വിദ്യാർത്ഥികൾ സൽസ്വഭാവികളായിത്തീരണമെന്നുള്ള ഉദ്ദേശ്യമല്ല നാം മുൻനിറുത്തി പ്രവൃത്തിക്കുന്നതു്. ഓരോ വിഷയത്തിൽ നൂറിനു് നാല്പതു വീതം കിട്ടുന്നതിനും ഇതു കഴിഞ്ഞാൽ ഉദ്യോഗം ലഭിക്കുന്നതിനും ഏതു രീതിയായാൽ ഫലിക്കുമെന്നാണു് അധികം പേരും നോക്കുന്നതു്. അ-

ദ്ധ്യാപകനും അദ്ധ്യേതാക്കളും തമ്മിലുള്ള സഹവാസ സമയവും കാലവും വളരേ ചുരുങ്ങിയാണിരിക്കുന്നതു്. അതുകൊണ്ടു്, അദ്ധ്യാപകൻ ഉത്തമനാണെന്നു് വിചാരിക്കുന്നപക്ഷവും അയാളുടെ ജീവിത രീതി നല്ലൂന്ന ദൃഷ്ടാന്തം വിദ്യാർത്ഥികളിൽ പ്രതിഫലിക്കുന്നതിനു് അവസരം തീരെയില്ലാതിരിക്കുന്നു. അദ്ധ്യാപകന്മാരെ തിരഞ്ഞെടുക്കുന്നതിലും നാം ഈ വിധം യോഗ്യതകളെയല്ലല്ലൊ · സാധാരണ നോക്കിവരുന്നതു്. യുവാക്കന്മാരുടെ വികാരസമുച്ചയങ്ങൾ രൂപീകരിക്കാനും ബലപ്പെടാനും തുടങ്ങുന്ന ഘട്ടത്തിൽ, അവർ അദ്ധ്യാപകന്മാരുടെ പ്രേരണാശക്തിയുടെ വ്യാപ്തിയിൽ നിന്നും അകന്നുപോകാനും തുടങ്ങുന്നു. ഒരു ന്യൂനതകളെ പരിഹരിക്കുന്നതായ ഒരു വിദ്യാഭ്യാസ രീതി കണ്ടുപിടിക്കുന്നതുവരെ സന്മാർഗ്ഗവിദ്യാഭ്യാസം എത്രതന്നെ ശ്രദ്ധിക്കപ്പെട്ടാലും ഉദ്ദിഷ്ടഫലത്തെ നല്കുന്നതല്ല. പണ്ടു്, ഗുരുശിഷ്യന്മാർ ഒന്നിച്ചു വസിച്ചു വന്നിരുന്ന കാലത്തു്, യുവാക്കന്മാരുടെ സന്മാർഗ്ഗസ്ഥിതി ഏതുപ്രകാരമിരുന്നു എന്നു് ആലോചിക്കേണ്ടതാണു്. സന്മാർഗ്ഗോപദേശങ്ങൾ ഉരുവിടീച്ചാൽ അവയിൽ ഇത്ര എണ്ണം നാം ലംഘിച്ചു എന്നറിയാനൊപ്പമുണ്ടെന്നല്ലാതെ വിശേഷം ഒന്നും ഉണ്ടാകുമെന്നു തോന്നുന്നില്ല. സന്മാർഗ്ഗതത്ത്വങ്ങൾ ഇന്നവയെന്നു് നിശ്ചയമില്ലാഞ്ഞിട്ടല്ല നാം അവയെ പലപ്പോഴും ലംഘിക്കുന്നതു്. ഒരു തസ്കരനു് മോഷ്ടിക്കുന്നതു് ഒരു തെറ്റായ പ്രവൃത്തിയാണെന്നു് നല്ലപോലെ അറിയാമെങ്കിലും, വേറെ ഒരു ശക്തിയുടെ പ്രേരണ കൊണ്ടു് പലപ്പോഴും മോഷണക്കുറ്റം ചെയ്യുന്നു. അതുകൊണ്ടു് നാം അടിസ്ഥാനത്തെയാണു് ശരിപ്പെടുത്താൻ ശ്രമിയ്ക്കേണ്ടതു്. ജീവിതത്തെ ഉൽകൃഷ്ട രീതിയിൽ നയിച്ചിട്ടുള്ളവരുടെ ചരിത്രങ്ങളും ഉത്തമന്മാരായിട്ടുള്ള അദ്ധ്യാപകന്മാരുടെ ദൃ-

ഷ്ടാന്തവും, ശരിയായി ഭരിക്കപ്പെട്ടുന്ന വിദ്യാർത്ഥിമന്ദിരങ്ങളും ഈ വിഷയത്തിൽ വളരേ സഹായിക്കുന്നവയാണു്. ഗൃഹവും വിദ്യാലയവും ഒത്തു യോജിച്ചു് പ്രവർത്തിക്കുന്നതും ഇതിലേയ്ക്കു് അനുകൂലമായിരിക്കുന്നതാണു്. അന്യന്മാർ നല്കുന്ന ഉപദേശത്തേക്കാൾ ബലവത്തായിരിക്കുന്നതു് അവരിൽനിന്നും അദൃശ്യമായും അജ്ഞാതമായുമുള്ള വിധത്തിൽ നമ്മിൽ പ്രവേശിക്കുന്ന ഗ്രഹശക്തിയാണു്. ഗുണവുംദോഷവും പകരുന്ന വ്യാധിപോലെയാണു്. അടുത്ത സഹവാസംകൊണ്ടു് രണ്ടും എളുപ്പം നമ്മെ ബാധിക്കുന്നു. അദ്ധ്യാപകന്റെ സാന്നിദ്ധ്യമാണു് വിദ്യാലയ വായുമണ്ഡലത്തെ ശുദ്ധീകരിക്കുന്നതു്. സന്മാർഗ്ഗവിഷയത്തിൽ ബലവത്തായി പ്രവർത്തിക്കുന്നതു് ദൃഷ്ടാന്തപാഠം തന്നേയാണു്. അതുകൊണ്ടു് അദ്ധ്യാപകന്മാരെ തിരഞ്ഞെടുക്കുന്നിൽ കായ്ത്തിൽ അല്പം ഭേദഗതി ചെയ്താൽ ഏറക്കുറേ ഉദ്ദിഷ്ടഫലം സിദ്ധിക്കാവുന്നതാണു്. ഒരു വിധം പ്രസംഗിക്കയും മറെറാരു വിധം പ്രവർത്തിക്കയും ചെയ്യുന്നവരുടെ ദൃഷ്ടാന്തം വിപരീത ഫലത്തെ നല്കുമാണെളുപ്പം. ഇപ്പോൾ വിദ്യാലയങ്ങളുടെ ബാഹുല്യം നിമിത്തം അദ്ധ്യാപകന്മാർ അധികം വേണ്ടിയിരിക്കുന്നതിനാൽ തിരഞ്ഞെടുക്കുന്നതിനുള്ള തോതു് ശരിയായി ഉപയോഗിക്കാൻ സൌകര്യമില്ലല്ലൊ. അതുകൊണ്ടു് നമുക്കു് കിട്ടുന്നവരേക്കൊണ്ടു് തൃപ്തിപ്പെടേണ്ടതായിരിക്കുന്നു. "അഭിവൃദ്ധിറജിസ്റ്റർ" വച്ചു്, വിദ്യാർത്ഥികൾ തെക്കോട്ടൊ, വടക്കോട്ടൊ, തിരിയുമ്പോഴൊക്കയും അതിൽ എഴുതുന്നതായാൽ, അവർ സന്മാർഗ്ഗികളായിത്തീരുമെന്നു് പലർക്കും അഭിപ്രായം ഉണ്ടു്. ഇതുകൊണ്ടും വല്ലതും ഫലം ഉണ്ടായിരിക്കാം. ഇല്ലെന്നു പറയുന്നതിനു് ഞാൻ സന്നദ്ധനല്ല. പക്ഷേ, അതിനു് ഇപ്പോൾ കൊടുത്തുവരുന്ന വിലയിൽ നാലിലൊരംശമെങ്കിലും ഉണ്ടെന്നുള്ള കായ്യം സംശ-

യമാണു്. കുട്ടികൾ കാട്ടുന്ന ചപലതകൾ ഒക്കെയും റജിസ്റ്റർ ചെയ്തു വയ്ക്കുന്നതു് ഒരഭിലഷണീയമായ ഏർപ്പാടാണോ എന്നു് തീർച്ചയായിപ്പറവാൻ പാടില്ല. സന്മാർഗ്ഗ ബോധം ഉള്ളിൽ ജനിക്കുന്നതിനു മുൻപു്, ബാലന്മാർ ചെയ്യുന്ന പ്രവൃത്തികളെ "സത്തെന്നൊ", "അസത്തെന്നൊ" വിവക്ഷിക്കുന്നതു് ശരിയല്ല. സന്മാർഗ്ഗദൃഷ്ടി തെളിഞ്ഞവർക്കു് തെറ്റെന്നുതോന്നുന്ന പ്രവൃത്തി സന്മാർഗ്ഗദൃഷ്ടിയില്ലാത്തവർക്കു് അപ്രകാരം തോന്നുകയില്ലല്ലൊ. അതുകൊണ്ടു് കുട്ടികളുടെ തെറ്റുകളൊക്കെയും കുത്തിക്കുറിച്ചുവച്ചുംകൊണ്ടു് അവരുടെ ഭാവിയെ മലിനപ്പെടുത്തുന്നതു് യുക്തമാണെന്നു തോന്നുന്നില്ല. സ്വപ്രകൃതികൊണ്ടു് ഭരിക്കയും, സ്നേഹംകൊണ്ടു് വശീകരിക്കയും, ദൃഷ്ടാന്തം കൊണ്ടു് പ്രേരിപ്പിക്കയും ചെയ്യുന്ന അദ്ധ്യാപകൻ മാത്രമേ വിജയം പ്രാപിക്കയുള്ളൂ.

൭. സത്യം.

"സഹസ്രമശ്വമേധത്തോടൊരു സത്യംതന്നെ
സഹസ്രപത്രോത്ഭവൻ തുക്കി പണ്ടെന്നു കേൾപ്പൂ
അന്നേറെത്തുങ്ങിയതു സത്യമെന്നാറിയേണം
മന്നവ! സത്യത്തെക്കാളൊന്നുമേ വലുതല്ല."

മനുഷ്യർക്കു് അവശ്യം വേണ്ടതായ സൽഗുണങ്ങൾ പലതും ഉണ്ടു്. അവയെല്ലാറ്റിനും അടിസ്ഥാനമായിട്ടുള്ളതും, അവയിൽ വച്ചു് ഏറ്റവും ശ്രേഷ്ഠമായിട്ടുള്ളതും "സത്യം" ഒന്നു തന്നെയാണു്. സൽസ്വഭാവത്തെ അപഗ്രഥനം ചെയ്തു നോക്കിയാൽ അതിന്റെ പ്രധാനമായ അംശം ഒരു ഗുണമാണെന്നു് കാണപ്പെടും. ലോകത്തിൽ

വിജയം പ്രാപിച്ചിട്ടുള്ളവരുടെ ചരിത്രം സൂക്ഷ്മമായി നോക്കിയാലും അവർ എല്ലാവരും ഒരു ഉത്തമ ഗുണംകൊണ്ട് പ്രശോഭിച്ചിരുന്നവരായിരുന്നുവെന്ന് നമുക്കറിയാവുന്നതാണ്. ജനങ്ങളെ സമുദായങ്ങളായി ഏകീഭവിപ്പിച്ച് വർത്തിപ്പിക്കുന്നതും സത്യമായ ഒരു "ഗുണം" തന്നെയാണ്. "സത്യാന്നാസ്തി പരോധർമ്മഃ" എന്നുള്ള മഹദ്വാക്യവും ഇതിന്റെ മാഹാത്മ്യത്തെക്കുറിയ്ക്കുന്നു. അർജ്ജുനൻ അഗ്നിപ്രവേശം ചെയ്യാൻ ഒരുങ്ങിയതും, ദശരഥൻ പുത്ര ത്യാഗം ചെയ്തതും, ഹരിശ്ചന്ദ്രൻ ശ്മശാനം കാത്തതും സത്യത്തെ പാലിക്കുന്നതിനായിട്ടുതന്നെയാണ്. ഇപ്രകാരമെല്ലാമിരിക്കുന്ന ഒരു സത്യംതന്നെ എന്താണെന്നാണ് ഇനി വിചാരിക്കേണ്ടത്. അതിനെ നാം അവലംബിച്ചിട്ടുള്ള ആവശ്യം എന്ത്? അതിനെ ലംഘിച്ചാലുള്ള ദോഷം എന്ത്? ഇവയെപ്പറ്റിയും നമുക്ക് അല്പം ആലോചിക്കാം. സത്യം എന്നുള്ളത് ലോകത്തിന്റേയൊ, ലോക കാര്യങ്ങളുടേയൊ യഥാർത്ഥ സ്ഥിതിയാണ്. ഇതിനെ ശരിയായി നാം ഗ്രഹിച്ചാൽ സത്യം അറിഞ്ഞുവെന്നും, അറിയുന്നതുപോലെ വെളിപ്പെടുത്തിയാൽ സത്യം പറഞ്ഞുവെന്നും, പറയുന്നതുപോലെ പ്രവർത്തിച്ചാൽ സത്യം പാലിച്ചുവെന്നും നാം സാധാരണ പറഞ്ഞുവരുന്നു. ഒരു മനുഷ്യൻ മൂന്നവസ്ഥകളിലും തെറ്റാതെ ഇരിക്കുന്ന ഒരാളെ മാത്രമേ "സത്യവാനെ"ന്ന് പറവാൻതരമുള്ളൂ. എന്നാൽ, മനുഷ്യർ പലപ്പോഴും അറിഞ്ഞിട്ടുള്ളതു പറയാതിരിക്കയും, പറഞ്ഞതുപോലെ പ്രവർത്തിക്കാതിരിക്കയും ചെയ്യുന്നുണ്ട്. ഇതിന് പല കാരണങ്ങളുംഉണ്ടായിരിക്കാം. എല്ലാം സമുദായത്തിന്റെ സന്മാർഗ്ഗസ്ഥിതിയെ ഏറക്കുറെ ആശ്രയിച്ചിരിക്കുന്നു. സ്വാർത്ഥസിദ്ധിക്കായിട്ടും ചിലരും മനഃപൂർവ്വം ഇപ്രകാരം ചെയ്യുന്നുണ്ട്. അവ്യക്തമായ ഗുണശക്തികൊണ്ട് സത്യാസത്യങ്ങളെ തിരിച്ച-

റിവാൻ പാടില്ലാതേയും ചുരുക്കം ചിലർ ഒരു വിധം പ്രവർത്തിച്ചുവെന്നു വന്നേക്കാം. സന്മാർഗ്ഗബോധത്തിന്റെ അഭാവംകൊണ്ടു് ഇങ്ങനെ ചെയ്യുവെന്നും വരാം. ഏതുകാരണത്തിന്മേലായിരുന്നാലും അസത്യവാദം ഒരിക്കലും ന്യായമല്ല. സത്യം വദിക്കണമെന്നു് എന്താണു് നിബ്ബന്ധം? എന്താണാവശ്യം? ഈ ചോദ്യങ്ങൾക്കു് വല്ല സമാധാനവും പറയാനുണ്ടോ എന്നാണു് ഇനി നോക്കേണ്ടതു്. എല്ലാ ജീവികൾക്കും അവരവരുടെ ഇഷ്ടത്തേയൊ താല്പര്യത്തേയൊ അന്യരേ ഗ്രഹിപ്പിക്കുന്നതിനുള്ള ശക്തി നല്കപ്പെട്ടിട്ടുണ്ടു്. പക്ഷിമൃഗാദികൾ ഭാഷയുടെ സഹായംകൂടാതെതന്നെ ഇതു് സാധിച്ചുവരുന്നു. മനുഷ്യനും ഇതുപോലെ വല്ല ശബ്ദംകൊണ്ടോ ഭാവംകൊണ്ടോ തന്റെ ഇഷ്ടത്തേയൊ താല്പര്യത്തേയൊ അന്യരെ ഗ്രഹിപ്പിക്കുന്നതിനു് സാധിക്കുവാൻ കഴിയും. എന്നിട്ടും മനുഷ്യനു് വാക്കുശക്തി അല്ലെങ്കിൽ "ഭാഷ" എന്നൊരു വിശേഷയന്ത്രം നല്കപ്പെട്ടിരിക്കുന്നതായിക്കാണുന്നു. ഇതിനു് വല്ലതും ഉദ്ദേശ്യം ഇല്ലാതെയിരിക്കയില്ലല്ലൊ. ഇതുകൂടാതെ മനുഷ്യനു് വിശേഷ ബുദ്ധി എന്നു് മറൊരു അനല്പമായ അനുഗ്രഹവും കിട്ടീട്ടുണ്ടു്. ലോകത്തത്തപത്തെ (ജ്ഞാനത്തെ) ഗ്രഹിക്കുന്നതിനും അതിനെ ഗ്രഹിക്കുന്നതുപോലെ അന്യന്മാക്കു് നല്കുന്നതിനുമാണു് വാക്കുശക്തിയും ബുദ്ധിശക്തിയും മനുഷ്യനു് സ്രഷ്ടാവു് നല്കിയിരിക്കുന്നതു്. നാം ഗ്രഹിക്കുന്നവയെ മറൊരുത്തനെ അന്യഥാ ഗ്രഹിപ്പിക്കുന്നതായിരുന്നാൽ നാം സ്രഷ്ടാവിന്റെ ഉദ്ദേശ്യത്തെ വിഫലീകരിക്കുന്നുവെന്നതന്നെയുമല്ല, നാം അസഹായനായ ഒരു സഹോദരനു വഴി തെറ്റിക്കയും കൂടി ചെയ്യുന്നു. ഇതുകൂടാതെ പരസ്പരവിതരണംകൊണ്ടു് വരേണ്ടതായ ജ്ഞാനാഭിവൃദ്ധിയേ തടഞ്ഞു് പുറകോട്ടു തള്ളുകയും ചെയ്യുന്നു

ലോകത്തിന്റെ ഉൽഗതിക്ക് സഹായിക്കേണ്ടതു് മനുഷ്യരിൽ ഓരോരുത്തന്റെ ബാദ്ധ്യതയായിരിക്കെ അതിന് വിപരീതമായി പ്രവൃത്തിക്കുന്നതു് പ്രകൃതിവിരുദ്ധവും മനുഷ്യജന്മോദ്ദേശ്യത്തിന് ചേരാത്തതുമാകുന്നു. ലോകതത്ത്വത്തെ വെളിപ്പെടുത്തി പ്രചരിപ്പിക്കുന്നതിനു പകരം അവയെ അയഥാർത്ഥമായ വിധത്തിൽ പ്രസ്താവിക്കുന്നതു് എത്രയോ അയുക്തമായിട്ടുള്ളതാകുന്നു. നമുക്ക് ഏതെങ്കിലും ഒരു വിലപിടിച്ച വസ്തു കിട്ടിയാൽ അതിനെ ശരിയായ വിധത്തിൽ ഉപയോഗിക്കയൊ വേണ്ടതു്, ഒരുപയോഗപ്പെടുത്തുകയൊ വേണ്ടതു്? ഇതു ക്രൂടാതെ വേദശാസ്ത്രാദികളും ഇതുപോലെ തന്നെ ഉപദേശിക്കുന്നുമുണ്ടല്ലൊ. അസത്യം പറയുന്നതിൽനിന്നും നമുക്ക് കാലാന്തരത്തിൽ ദോഷമേ സംഭവിച്ചുകാണുന്നുള്ളൂ. മനുഷ്യരിൽ മനസ്സാക്ഷി എന്നു പറയുന്ന ഒരു ദിവ്യശക്തിയുണ്ട്. ഓരോ ശക്തി നമ്മെ സത്യം പറയണമെന്ന് പ്രേരിപ്പിക്കുന്നതു ക്രൂടാതെ അസത്യം പറയുന്നതായാൽ നമ്മെ പിന്നീടു് കഠിനമായി ശല്യപ്പെടുത്തുകയും ചെയ്യുന്നുണ്ടു്. പശ്ചാത്താപത്തിനും ഇടയാക്കുന്നു. മനസ്സാക്ഷിയുടെ ശാസന ദൈവ ശാസനയായിട്ടാണു് വിചാരിക്കേണ്ടതു്. ഓരോ കാരണങ്ങളെല്ലാംകൊണ്ടും നാം സത്യത്തെ പരിപാലിക്കേണ്ടതാവശ്യമാണെന്ന് സ്പഷ്ടമാകുന്നു. ശ്രുതിയും യുക്തിയും അനുഭവവും ഒന്നുപോലെ ഉപദേശിക്കുന്ന സ്ഥിതിക്ക് അതു് അനുകരണീയമാണെന്നതന്നെ വിചാരിക്കേണ്ടിയിരിക്കുന്നു. സത്യത്തെ ലംഘിക്കുന്നതുകൊണ്ടൊ അസത്യത്തെ അവലംബിക്കുന്നതുകൊണ്ടൊ വരാവുന്ന ദോഷഫലങ്ങളും എന്താണെന്ന് ആലോചിക്കാം. അസത്യം പറയുന്നതുകൊണ്ടു് തല്ക്കാലംവല്ല ലാഭവും ഉണ്ടായിരിക്കാം. ലാഭം എന്നു പറഞ്ഞതു് കായ്സൗഖ്യം എന്നാർത്ഥമാക്കണം. എന്നാൽ, കാലാന്തരത്തിൽ

അസത്യം നിശ്ചയമായും വെളിപ്പെടുന്നതുകൊണ്ട് ഒടുവിൽ ദോഷഹേതുകമായിട്ടുതന്നേ സംഭവിക്കുന്നു. ലോകത്തിലുണ്ടാകുന്ന സംഭവങ്ങൾക്ക് ഒരു ഗൂഢ ശക്തിയുണ്ട്. നാം അവയെ എത്രതന്നെ മറച്ചാലും ഒരു ശക്തി അവയെ പരസ്യമാക്കുന്നു. ഓരോ സംഭവങ്ങളും അവയ്ക്ക് വേണ്ട തെളിവിനെ വഹിക്കുന്നു. ലോകത്തിൽ എന്തെല്ലാം ശക്തികൾ വ്യാപരിക്കുന്നുണ്ടെന്ന് ആർക്കും അറിഞ്ഞുകൂടാ. "നമ്മുടെ ശാസ്ത്രങ്ങൾ സ്വപ്നത്തിൽപോലും വിചാരിക്കാത്ത വസ്തുക്കൾ ഭൂമിയിലും ദ്യോവിലുമുണ്ട"ന്ന് ഷേക്ക്സ്പിയർ ഒരു ടിക്കിൽ പറഞ്ഞിരിക്കുന്നു. ഇവയുടെ എല്ലാറ്റിന്റേയും കണ്ണിൽ മണ്ണിടാമെന്ന് വിചാരിക്കുന്ന മനുഷ്യൻ മൂഢൻ തന്നെയാണ്. അതുകൊണ്ട് അസത്യം വെളിപ്പെടുകയില്ലെന്ന് ഒരിക്കലും ആരും വിചാരിച്ചുപോകണ്ട. എപ്പോളെന്നുമാത്രമെ സംശയിക്കേണ്ടതുള്ളൂ. അസത്യവാദിക്ക് ഉടനെ കിട്ടുന്ന ഫലം മനസ്സിന്റെ സമാധാന നഷ്ടം തന്നെയാണ്. എപ്പോഴാണ് വെളിപ്പെടുന്നതെന്നുള്ള ഭയവും മനസ്സാക്ഷിയുടെ ശല്യവും ഒരിക്കലും സമാധാനം നല്കുകയില്ല. ഒരസത്യത്തെ സത്യമാക്കാൻവേണ്ടി ചിലർ മറ്റസത്യങ്ങളുടെ സഹായം അവലംബിക്കുന്നതു സാധാരണയാണ്. എന്നാൽ, ഇതു പാഴായ പ്രയത്നം തന്നെയാകുന്നു. ഒരു പൂജ്യത്തിനോട് പത്തു പൂജ്യംകൂട്ടി ചേർത്താൽ അതു് ഒരു സംഖ്യയാകുമോ? വല്ല ഫലവും ഉണ്ടെങ്കിൽ അതു് ആത്മാവിനേയും അന്യന്മാരേയും വഞ്ചിക്ക എന്നുള്ളതുമാത്രമാണ്. മനുഷ്യർ കൂട്ടംബങ്ങളായിട്ടും സമുദായങ്ങളായിട്ടും യോജിച്ചു് വർത്തിക്കുന്നതു് പരസ്പര വിശ്വാസത്തിന്മേലാണല്ലൊ. സത്യമില്ലെങ്കിൽ പരസ്പരവിശ്വാസം എവിടെ? അസത്യം എത്രയോ ദോഷം ചെയ്യുന്നുവെന്ന് കണക്കില്ല. അസത്യവാദി സൃഷ്ടിവസ്തുക്കൾ തമ്മിലുള്ള

യോജിപ്പിനെ ശിഥിലീകരിക്കുന്നു. തത്ത്വപ്രാപ്തികളെ വഴി തെറ്റിക്കുന്നു. "അഹിംസാപരമോധർമ്മഃ" എന്നുള്ള വിശിഷ്ട പ്രമാണത്തെ ധ്വംസിക്കുന്നു. ജ്ഞാനാഭിവൃദ്ധിയും അതു മൂലം വരേണ്ടതായ ലോകത്തിന്റെ ഉൽഗതിയും തടയുന്നു. സന്മാർഗ്ഗനിയമത്തിന്റെ സ്ഥായിവേരു് ഖണ്ഡിക്കുന്നു. ഈശ്വരദത്തമായ വാക്ക് ശക്തിയെ ദോഷദൂഷിതമാക്കുന്നു. ലോകത്തിൽ വീജയം പ്രാപിക്കുന്നതിനുള്ള ഉത്തമമാർഗ്ഗത്തെ തൃജിക്കുന്നു. ജിഹ്വയെ മലിനപ്പെടുത്തുന്നു. ഉഷ്ണരോഗവും അസ്വാസ്ഥ്യവും സമ്പാദിക്കുന്നു. മനുഷ്യജന്മോദ്ദേശ്യത്തെ വിഫലീകരിക്കുന്നു. ലോകങ്ങൾ നികൃഷ്ടദിഷ്ടാന്തത്തെ നല്കുന്നു. ഒരു വലുതായ പാപകൃത്യം ചെയ്യുന്നു. ഇപ്രകാരമുള്ള പല ദോഷങ്ങളും അസത്യവാദി വരുത്തിവയ്ക്കുന്നു.

വാക്ക് കേവലം ഒരു ശ്വാസം മാത്രമാണല്ലൊ. അതു് പറഞ്ഞുകഴിയുമ്പോൾ തന്നെ നശിച്ചുപോകുന്നവല്ലൊ. അതു കൊണ്ടു് അസത്യം പറഞ്ഞു എന്നുവെച്ചു് എന്താതരക്കേടെന്നു് പലരും വിചാരിക്കാറുണ്ടു്. എന്നാൽ, ഇതു് അബദ്ധവിചാരമാണു്. വാക്കും ഒരു മാതിരി പ്രവൃത്തിതന്നെയാണു്. അതിനു് സൂക്ഷ്മം നോക്കിയാൽ പ്രവൃത്തിയേക്കാൾ കൂടുതൽ ശക്തിയും ഉണ്ടു്. വാക്കുകൾ പലപ്പോഴും പ്രവൃത്തിയേക്കാൾ ദോഷം ചെയ്യുമെന്നുള്ളതു് അനുഭവംകൊണ്ടു് എല്ലാവർക്കും ഏറക്കുറെ അറിയാവുന്നതാണു്. "പറയാത്തവാക്കു് നമുക്കധീനം, പറയപ്പെട്ട വാക്കിനു് നാം അധീനന്മാർ" എന്നുള്ള ലോകോക്തിയുടെ സാരം എന്താണെന്നു് അല്പം ആലോചിച്ചു നോക്കിയാൽ അറിയാവുന്നതാണു്. ജിഹ്വ, "ബുദ്ധിയുടെ വക്താവാണു്." അതുകൊണ്ടു് വാക്കിനു് കേവലം ഒരു ശബ്ദത്തിനുള്ള വിലയല്ല ഉള്ളതു്. അതിനാൽ ബുദ്ധിപൂർവ്വം അസത്യം വർജ്ജിക്കുന്നതു

അസത്യം പ്രവൃത്തിക്കുന്നതു പോലെതന്നെ സന്മാർഗ്ഗവിരുദ്ധവും ദോഷഹേതുകവും പാപവുമാണെന്നുള്ളതിനു് സംശയമില്ല. പറഞ്ഞതു് മാറിപ്പറകയും, പറഞ്ഞതുപോലെ പ്രവൃത്തിക്കാതിരിക്കയും ചെയ്യുന്നതു് അസത്യത്തിന്റെ രൂപഭേദങ്ങളാണു്. ഇവയെല്ലാം ഒരുപോലെ നിന്ദ്യങ്ങൾ തന്നെ. രണ്ടർത്ഥം വരത്തക്കവിധത്തിൽ വാക്കുകളേ പ്രയോഗിച്ചു് വഞ്ചിക്കാൻ ശ്രമിക്കുന്നതും, അറിഞ്ഞിരിക്കുന്നതു് അറിഞ്ഞില്ലെന്നു ഭാവിക്കയും മറവും ചെയ്യുന്നതും അസത്യം തന്നെയാണു്. അസത്യം പല രൂപങ്ങളെ അവലംബിക്കുന്നുണ്ടു്. എന്നാൽ, വേഷംമാറി എന്നുവച്ചു് അസത്യം അസത്യമല്ലാതെയായി ത്തീരുകയില്ല. നീതിന്യായക്കോടതികളിൽ സാക്ഷികളായി തെളിവു് കൊടുക്കാൻ വരുന്നവർ സത്യസന്ധന്മാരായിരിക്കേണ്ടതു്. അത്യാവശ്യമാണു്. അന്യന്റെ മാനവും ധനവും ജീവിതംതന്നേയും പലപ്പോഴും ഇവരുടെ കൈയിലാണിരിക്കുന്നതു്. എന്നാൽ, ഒരം വിചാരം അധികംപേർക്കും ഉണ്ടോ എന്നു് സംശയിക്കേണ്ടിയിരിക്കുന്നു. സാക്ഷിപറകയെന്നുവച്ചാൽ ഏതെങ്കിലും ഒരുഭാഗം പറയുക എന്നാണു് അർത്ഥം കല്പിച്ചിരിക്കുന്നതെന്നു തോന്നും. അതല്ലെങ്കിൽ വാദിഭാഗം സാക്ഷികളെന്നും, പ്രതിഭാഗം സാക്ഷികളെന്നും രണ്ടുതരം ആളുകൾ ഉണ്ടാവാൻ തരമില്ലല്ലൊ. പക്ഷേ, ഓരോ ഭാഗക്കാരും സത്യത്തിന്റെ ഓരോ വശമായിരിക്കാംഅവലംബിക്കുന്നതു്. ബ്രഹ്മാസ്ത്രംപോലെ "ക്രാസും," "റീയും" ഒക്കെ വരുമ്പോൾ സത്യത്തിന്റെ ഏതുഭാഗം കൊണ്ടെങ്കിലും തട്ടിക്കാതെ നിവൃത്തിയില്ലെന്നും വന്നേക്കാം. ആത്മരക്ഷയാണല്ലൊ ആദ്യധർമ്മം. ചില സന്ദർഭങ്ങളിൽ അസത്യവാദം ന്യായമായിട്ടുള്ളതാണെന്നുള്ളതിനു് ചില പ്രമാണങ്ങൾ പറഞ്ഞുകേട്ടിട്ടുണ്ടു്. ഒരം പ്രമാണം എത്രമാത്രം സ്വീകാര്യമാണെന്നു് ഇപ്പോൾ

തീച്ചപ്പെടുത്തുവാൻ തുനിയുന്നില്ല. എന്നാൽ, അസത്യവാദികൾക്കുള്ള പ്രമാണം ഇതൊന്നുമല്ല. അവരുടെ പ്രമാണം ഇതിനേക്കാൾ ഏറെക്കുറെ ഘനവും കട്ടിയും ക്രൂടിയതാണ്.

മനുഷ്യർ ചലപ്പോഴും മനഃപൂർവ്വമായും അല്ലാതെയും അസത്യം പറയുന്നതിനു മടിക്കുന്നില്ല. കൊടുക്കൽ വാങ്ങൽ സംബന്ധിച്ചു് അവധിപറയുന്ന വിഷയത്തിൽ മനുഷ്യർ എല്ലായ്പോഴും ചരരാശിയിൽ തന്നെയാണു് സ്ഥിതിചെയ്യുന്നതു്. വാക്കിനു് വ്യവസ്ഥ വെണമെന്നുള്ളതു് അതിഗൌരവമായി നാം കരുതിപ്പോരുന്നില്ല. ഇവയൊക്കെയും നമ്മുടെ സന്മാർഗ്ഗബോധത്തിന്റെ അവ്യക്തതയേയും, ന്യൂനതയേയും, സൂക്ഷ്മക്കുറവിനേയും സൂചിപ്പിക്കുന്നു. സമുദായത്തിന്റെ സന്മാർഗ്ഗസ്ഥിതി വിദ്യാഭ്യാസം കൊണ്ടും മറ്റും ഉയർന്നല്ലാതെ ഇതിനു് ഭേദംവരാൻ പ്രയാസമാണു്. വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യങ്ങളിൽ വച്ചു് മുഖ്യമായിട്ടുള്ള ഒന്നു് മനുഷ്യരുടെ സന്മാർഗ്ഗബോധത്തെ ദൃഢീകരിക്കയും നിശിതവും വ്യക്തവുമാക്കുകയും ചെയ്യുകയാണല്ലൊ. കച്ചവടക്കാർ തൂക്കം, അളവു് മുതലായവ തെറ്റിക്കയും സാമാനങ്ങൾക്കു് വില കൃട്ടിപ്പറകയും ചെയ്യുന്നതു് അത്ര അസാധാരണമല്ല. ഇതും അസത്യത്തിന്റെ ഒരു രൂപഭേദം മാത്രമാണു്. എന്നാൽ, ഇവരെ ആരും കുറ്റപ്പെടുത്തിക്കാണാത്തതുകൊണ്ടു് ഇതിനു് ജനങ്ങൾ ഒരുവിധം മൌനാനുവാദം നല്കീട്ടുണ്ടെന്നു് വിചാരിക്കേണ്ടിയിരിക്കുന്നു. അതുകപ്പാടെ നോക്കിയാൽ സത്യവും അസത്യവും ക്രൂടി ലോകത്തിൽ പപ്പാതി കൈവശപ്പെടുത്തിയിരിക്കുന്നുവെന്നാണു് കരുതേണ്ടിയിരിക്കുന്നതു്. ഇതിൽ നിന്നും അനുമാനിയ്ക്കുണ്ടതു് നാം യഥാർത്ഥ പരിഷ്കാരത്തിന്റെ പരമകാഷ്ഠയിൽ നിന്നും ഇപ്പോഴും എത്രയോ ദൂരത്തിലാണു്

വത്തിക്കുന്നതെന്നാകുന്നു. "മനുഷ്യജന്മത്തിന്റെ ഉത്തുംഗശൃംഗം സത്യമാണു്." ഇതിന്റെ അനുഭോഗം എവിടെ? നാം എവിടെ?

൨. താലികെട്ടുകല്ല്യാണം.

ഒരു സാരജ്ഞനായ ഇംഗ്ലീഷുവിദ്വാൻ ഇപ്രകാരം പറഞ്ഞിരിക്കുന്നു:—"തൊട്ടിലാട്ടുന്ന കൈതന്നെ വിഷ്ടപത്തെഭരിപ്പതും." ഇതിൽ അടങ്ങീട്ടുള്ള തത്ത്വം എത്രയൊ സാരമായിട്ടുള്ളതും നമ്മുടെ എല്ലാവരുടേയും ശ്രദ്ധയ്ക്കു വിഷയീഭവിക്കത്തക്കതും ആയ ഒന്നാകുന്നു. ഇതിനെ വിസ്തരിച്ചു പറയുന്നതിനു് ഞാൻ ഇപ്പോഴം തുനിയുന്നില്ല. അതിന്റെ സാരം മാത്രം ഇവിടെ ചുരുക്കമായി പ്രസ്താവിയ്ക്കാമെന്നേ വിചാരിക്കുന്നുള്ളു.

ലോകം ഭരിക്കുന്നതു് ബുദ്ധിമാന്മാരും സദ്വൃത്തന്മാരും ശ്രേഷ്ഠന്മാരുമായിട്ടുള്ളവരാണല്ലൊ. മറ്റുള്ളവർ ഇവരെ അനുഗമിക്ക മാത്രമേ ചെയ്യുന്നുള്ളു.

"യദ്യദാചരിതശ്രേഷ്ഠഃ തത്തദേവേതരോ ജനഃ
സയൽ പ്രമാണംകുരുതെ ലോകസ്തദനുവർത്തതെ"
(ഭ. ഗീ.)

എന്നാൽ, ഇപ്രകാരമുള്ള ബുദ്ധിവൈഭവം, സദ്വൃത്തി, ശ്രേഷ്ഠത ഇവയുടെ ഉൽപത്തിസ്ഥാനം എവിടെയാണു്? ഇവയുടെ ആദികാരണം എന്താണു്? ആലോചിച്ചുനോക്കാം. സൂക്ഷ്മം അറിയണമെങ്കിൽ നാം കുറേ പുറകോട്ടു പോകേണ്ടതായിരിക്കുന്നു. ഇങ്ങനെ ചെയ്യുന്നതായിരുന്നാൽ ഇവയ്ക്കെല്ലാറ്റിലും മൂലസ്ഥാനം "തൊട്ടിലാട്ടുന്ന കൈതന്നേ"

യുണെന്നു് നമുക്കു് നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണു്. അല്പം വിശദമായി പറയുന്നതായാൽ നമുക്കു് ലോകത്തിൽ ലഭിക്കുന്ന ഉല്കൃഷ്ടം, അഭ്യുദയം ഇവയ്ക്കൊക്കെയും കാരണഭൂതകഠം നമ്മുടെ ജനയിത്രിമാരുതന്നെയാണു്. ഇതുയും പറഞ്ഞതുകൊണ്ടു് നാം "അബലകഠം" എന്നും, "ചപലകഠം" എന്നും, അടുക്കള ഭരിയ്ക്കുന്നതിനുമാത്രം യോഗ്യതയുള്ളവരെന്നും മറ്റും നിസ്സാരമായി ഗണിച്ചുവരുന്ന സ്ത്രീകഠം ലോകവ്യാപാരത്തിൽ എത്രയോ ഒരു വലുതായ ഭാഗം വഹിക്കുന്നു എന്നു് പ്രത്യക്ഷപ്പെടുന്നു. എന്നാൽ, ഇവർ ലോക രംഗത്തിൽ നേരിട്ടു പ്രവേശിക്കാതെ അണിയറയിൽ നിന്നുകൊണ്ടു് നമ്മേ അഭിനയക്രമങ്ങഠം ശിക്ഷിപ്പിച്ചു് അരങ്ങത്തേയ്ക്കു് അയയ്ക്കുന്നു. നാം അവിടെ കാണിക്കുന്ന സാമർത്ഥ്യം എല്ലാം അവരുടെ ശിക്ഷയുടെ മിടുക്കുതന്നെയാണു്, അവരുടെ ഉപദേശം തെറ്റിപ്പോയാൽ നമ്മുടെ അഭിനയവും അങ്ങനെതന്നെ ആയിത്തീരുന്നു. അതുകൊണ്ടു് ഇത്രഗൌരവമേറിയ ഒരു ചുമതല വഹിയ്ക്കുന്ന നമ്മുടെ സ്ത്രീകളുടെ സദ്വൃത്തി, സൽസ്വഭാവം, വിദ്യാഭ്യാസം ഠരം വിഷയങ്ങളിൽ നാം എത്രമാത്രം ശ്രദ്ധയുള്ളവരായിരിക്കണമെന്നുള്ളതിനു് കണക്കില്ല. എന്നാൽ, ഠരം പരമാർത്ഥത്തെ വിസ്മരിച്ചാണു് നാം ഇതേവരെ പ്രവർത്തിച്ചുവന്നിട്ടുള്ളതു്. നാം അജ്ഞതകൊണ്ടോ, അലസതകൊണ്ടോ, സ്വാർത്ഥതകൊണ്ടോ ഠരം വിഷയത്തിൽ ഇതേവരെ മൌനം ഭീക്ഷിച്ചുതെന്നു് തീർച്ചപ്പെടുത്തുവാൻ പ്രയാസമാണു്. എന്തുകൊണ്ടതന്നെ ആയിരുന്നാലും നമ്മുടെ ഠരം മൌനവ്രതം നീതീകരിക്കത്തക്കതാണെന്നു് തോന്നുന്നില്ല. ഇപ്പോഠം എങ്കിലും ഠരം വിഷയത്തിലേയ്ക്കു് നമ്മുടെ ശ്രദ്ധ പതിച്ചുതുടങ്ങി എന്നു കാണുന്നതു് അല്പം ആശ്വാസജനകമാകുന്നു. ഇതു് നമ്മുടെ ഭാവിയെ സംബന്ധിച്ചിടത്തോളം ഒരു ശുഭലക്ഷ-

ണമായി വിചാരിക്കേണ്ടിയിരിക്കുന്നു. സമുദായപരിഷ്കാരതല്പരന്മാർ ആദ്യമായി പ്രവേശിക്കേണ്ടതായ വിഷയം എതെങ്കിലും ഉണ്ടെങ്കിൽ അതു് ഇതുതന്നെയാണു്. മറ്റു പല സംഗതികളെപ്പോലെ പരിഷ്കാരവും ആദ്യമായി ആരംഭിക്കേണ്ടതു് വീട്ടിലാണല്ലൊ.

നമ്മുടെ ഇടയിൽ സ്ത്രീകളെ സംബന്ധിച്ചു് നടന്നുവരുന്ന ഏറ്റപ്പാടുകളിൽ വച്ചു് ഏറ്റവും പ്രധാനമായി ഗണിച്ചുവരുന്നതും നിബ്ബന്ധമായി നടത്തിവരുന്നതും ആയ ഒന്നാണു് "താലികെട്ടുകല്ല്യാണം." ഒരു ഏറ്റപ്പാടിനെക്കുറിച്ചു് ഒരു ഗുണദോഷനിരൂപണം ചെയ്യേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. അനേകം മഹാന്മാർ ഇതിനെക്കുറിച്ചു് പ്രതിപാദിച്ചിട്ടുള്ളതായിക്കാണുന്നു. ഞാൻ ഒരു വിഷയത്തെക്കുറിച്ചു് വല്ലതെങ്കിലും പറയാൻ തുനിയുന്നതു് അവരേക്കാൾ വിശേഷമായിട്ടു ഒന്നും പറവാനുള്ളതുകൊണ്ടാണെന്നു് വിചാരിച്ചിട്ടാവശ്യമില്ല. ഒരു സുഹൃത്തിന്റെ ഒഴിച്ചുകൂടാത്തതായ അപേക്ഷപ്രകാരം മാത്രമാണെന്നു് അറിയിക്കേണ്ടിയിരിക്കുന്നു. താലികെട്ടുകല്ല്യാണത്തിന്റെ സ്വഭാവത്തെക്കുറിച്ചു് അധികമൊന്നും പ്രസ്താവിച്ചിട്ടാവശ്യം ഉണ്ടെന്നു് തോന്നുന്നില്ല. നാം എല്ലാവരും ടി കെട്ടുകല്ല്യാണം കഴിപ്പിച്ചോ, കഴിച്ചോ, കണ്ടോ പരിചയിച്ചിട്ടുള്ളവരായിരിപ്പാനേ തരമുള്ളു. എന്നാൽ, ഒരേ സംഗതിയെപ്പറ്റിത്തന്നെ ജനങ്ങൾക്കു് അഭിപ്രായഭേദങ്ങൾ ഉണ്ടായിരിപ്പാൻ ഇടയുള്ളതുകൊണ്ടു് ഇവയെല്ലാം അറിഞ്ഞിരിക്കേണ്ടതു് അത്യാവശ്യമാണു്. ഇങ്ങനെയുള്ള അഭിപ്രായഭേദങ്ങൾ ശേഖരിച്ചു് അവയെക്കുറിച്ചു ആലോചിച്ചതിന്മേൽ മാത്രമേ പരിഷ്കരിക്കേണ്ട ആവശ്യം ഉണ്ടോ ഇല്ലയോ എന്നു് തീർച്ചപ്പെടുത്തുവാൻ തരമുള്ളു. അതിനാൽ എനിക്കു് തോന്നീട്ടുള്ള

അഭിപ്രായം മാത്രം ഞാൻ ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. ഒരു അഭിപ്രായം എല്ലാവരാലും ആദരണീയമാണെന്ന് ഞാൻ പറയാൻ തയാറില്ല. അതു് സദസദ്വ്യക്തിഹേതുക്കളായിരിക്കുന്ന വായനക്കാർ തീച്ചപ്പെടുത്തേണ്ടതായിരിക്കുന്നു.

താലികെട്ടുകല്ല്യാണത്തെക്കുറിച്ചു് നമ്മുടെ ഇടയിൽ ഇപ്പോൾ ആലോചനകൾ നടന്നുവരുന്നതുകൊണ്ടുതന്നെ ഇതിൽ എന്തോ ചില ദോഷങ്ങളോ ന്യൂനതകളോ ഉണ്ടെന്നുള്ള ഒരു സംശയം ജനങ്ങളുടെ ഇടയിൽ ജനിച്ചിട്ടുണ്ടെന്നു് വിചാരിക്കേണ്ടിയിരിക്കുന്നു. ഒരു ഏർപ്പാടു് വളരേക്കാലമായി നമ്മുടെ പൂർവ്വന്മാർ ആചരിച്ചുവന്നതും ഇപ്പോൾ നാം ആചരിച്ചുവരുന്നതുമായ ഒന്നാണല്ലോ. ഇതിനു് ഇപ്പോൾ മാത്രമേ ന്യൂനത ഉണ്ടായുള്ളൂ. അതോ നമ്മുടെ പൂർവ്വന്മാർ ഇവയെ കണ്ടുപിടിക്കാൻ ശക്തിയോ ബുദ്ധിയോ ഇല്ലാത്തവരായിരുന്നുവോ? നാം അവരേക്കാൾ സമർത്ഥന്മാരോ? പഴയ ആചാരം തോന്നിയതുപോലെ മാറ്റത്തക്കതോ? മാറുവാനുള്ള ആവശ്യം എന്തു്? ഇപ്രകാരമുള്ള സംശയങ്ങൾ മനസ്സിൽ നമുക്കെല്ലാവർക്കും തോന്നുന്നതു് സാധാരണയാണല്ലോ. ഒരു ചോദ്യങ്ങൾക്കൊക്കെയുംക്രടി ഉത്തരമായിട്ടു് ഒരു സമാധാനം പറയാവുന്നതാണു്. മനുഷ്യരുടേ ഏർപ്പാടുകൾ ഒന്നുംതന്നേ അന്യൂനമായിട്ടു കാണുകയില്ല. അതുപോലെതന്നേ താലികെട്ടുകല്ല്യാണത്തിനുണ്ടെന്നു് വിചാരിക്കുന്ന ന്യൂനത അന്നും ഉണ്ടായിരിക്കണം. എന്നാൽ, കാലസ്ഥിതികൊണ്ടു് ന്യൂനത നിമിത്തമുള്ള ദോഷങ്ങളെ അറിയാതെയോ ദോഷങ്ങൾ അല്പങ്ങളായിരുന്നതിനാൽ അവയെ സഹിച്ചോ നമ്മുടെ പൂർവ്വന്മാർ കഴിച്ചിരിക്കാം. ഇതുകൊണ്ടു് അവർ നമ്മേക്കാൾ ബുദ്ധിഹീനന്മാരായിരുന്നു എന്നു് വിചാരിപ്പാൻ ഒരിക്കലും അവകാശമില്ല. കാലഭേദംകൊണ്ടു് ന്യൂനതകളും

അവനിമിത്തമുള്ള ദോഷങ്ങളും വർദ്ധിച്ചും ബലപ്പെട്ടും വന്ന് ഇപ്പോൾ അസഹ്യങ്ങളായിത്തീർന്നിരിക്കാം. ദോഷങ്ങൾ അസഹ്യങ്ങളായി വരുമ്പോൾ ആണല്ലോ നിവൃത്തിമാർഗ്ഗം ആലോചിപ്പാൻ തുടങ്ങുന്നത്. നാം ഇപ്പോൾ ഒരു ഘട്ടത്തിലെത്തിയിരിക്കയാണെന്നുവേണം വിചാരിപ്പാൻ. പഴയ ഏർപ്പാടുകളെ കാലോചിതമായ വിധത്തിൽ ഭേദപ്പെടുത്തുകയൊ പരിഷ്കരിക്കയൊ ചെയ്യാതിരുന്നാൽ ലോകത്തിന്റെ മുൻഗതിക്കും സമുദായത്തിന്റെ ക്ഷേമത്തിനും അവ പ്രതിബന്ധങ്ങളായിത്തീരുന്നതാണെന്നുള്ള തത്ഫലവും വിസ്മരണീയമല്ല. മനുഷ്യരുടെ ഏർപ്പാടുകൾ എല്ലാം സമുദായസ്ഥിതിയുടെ പ്രതിഛായകളായിട്ടുവേണം വിചാരിപ്പാൻ. സമുദായസ്ഥിതി ഭേദപ്പെടുമ്പോൾ ഏർപ്പാടുകളും അവശ്യം ഭേദപ്പെടേണ്ടവയാണ്. അതുകൊണ്ട് പ്രസ്തുത ഏർപ്പാട് പരിഷ്കരിക്കേണമെന്ന് വിചാരിക്കുന്നതു പൂർവ്വന്മാരെ ആക്ഷേപിക്കയാണെന്ന് ഒരിക്കലും ശങ്കിച്ചുകൂട. എന്നാൽ, താലികെട്ടുകല്ല്യാണത്തിനു വാസ്തവമായ വല്ല ന്യൂനതകളും ഉണ്ടൊ എന്നാണ് ഇനി ആലോചിപ്പാനുള്ളതു.

ആദ്യമായി ഒരു വിഷയത്തിൽ നോക്കേണ്ടതു "താലികെട്ട്" അല്ലെങ്കിൽ "മംഗല്ല്യസൂത്രധാരണം" എന്നുള്ളതിന്റെ അർത്ഥം എന്താണെന്നും അർത്ഥവും ക്രിയയും തമ്മിൽ യോജിപ്പുണ്ടൊഎന്നും ആണ്. ഒരു ക്രിയ എന്നുള്ളതു് ഒരു തത്ഫലത്തിന്റെ പ്രത്യക്ഷരൂപമാണ്. ഇവ തമ്മിൽ യോജിച്ചിരുന്നാൽ മാത്രമേ ഫലപ്രാപ്തിയുണ്ടാവാൻ ഇടയുള്ളു. എന്റെ അഭിപ്രായത്തിൽ താലികെട്ട് (മംഗല്ല്യസൂത്രധാരണം) എന്നുള്ളതിന്റെ അർത്ഥം സ്ത്രീയും പുരുഷനും തമ്മിൽ ശാശ്വതമായ ഒരു ബന്ധത്തെ ജനിപ്പിക്കയെന്നാണ്. ഇതിനെക്കുറിച്ച് വേറേയും അഭിപ്രായം ഇല്ലെന്നില്ല. ചിലരുടെ പക്ഷം ഒരു ക്രിയ ഒരു സംസ്കാരം മാത്രമാണെന്നും

അതിന്റേ അത്ഥം സ്ത്രീ വിവാഹയോഗ്യയായിബ്ബവിച്ചിരിക്കുന്നു എന്നു് കാണിയ്ക്കുമാത്രമാണെന്നും ആകുന്നു. സമാവത്തനം എന്നു ക്രിയ എങ്ങനെ ഒരു പുരുഷനെ(ബ്രാഹ്മണനെ) ബ്രഹ്മചാരി എന്ന നിലയിൽ നിന്നും ഗൃഹസ്ഥൻ എന്നു നിലയിൽ പ്രവേശിക്കാൻ യോഗ്യനാണെന്നു് കാണിക്കുന്നുവോ അതുപോലെ തുലികെട്ടു് ഒരു (നായർ)സ്ത്രീയെ കന്യക എന്ന നിലയിൽനിന്നും ഗൃഹസ്ഥ എന്ന നിലയിലേയ്ക്കു് പ്രവേശിക്കാൻ യോഗ്യയാണെന്നു് കാണിക്കുന്നു എന്നാണു് ചിലരുടെ അഭിപ്രായം. ഇങ്ങനെ ആയിരുന്നാൽ ഒരു ക്രിയ നായർസ്ത്രീകൾക്കു മാത്രം കല്പിക്കാൻ വിശേഷിച്ചു് കാരണം വല്ലതും ഉണ്ടോ? വിശേഷിച്ചും, സംസ്കാരങ്ങൾ എല്ലാമുള്ള ബ്രാഹ്മണരിൽ അല്ലയോ മുഖ്യമായി കാണേണ്ടതു്. അപ്പോൾ ഇതു് ഒരു പ്രത്യേക ക്രിയയായിക്കാണുന്നില്ലല്ലോ. ഉണ്ടെങ്കിലും വിവാഹത്തിന്റേ ഒരംശമായേ കാണപ്പെടുന്നുള്ളൂ. ഇതുകൂടാതേയും ഒരു സ്ത്രീ വിവാഹയോഗ്യയാണെന്നു് കാണിക്കുന്നതിനു് അനേകം സ്വഭാവലക്ഷണങ്ങൾ തന്നെയിരിക്കുമ്പോൾ ഇങ്ങനെ ഒരു കൃത്രിമം ഏർപ്പാടുകൊണ്ടു് ഇതിനെ സൂചിപ്പിക്കണമെന്നുള്ള ആവശ്യം എന്താണു്?. ഇതു നോക്കുമ്പോൾ താലികെട്ടു് കേവലം ഒരു സംസ്കരണമാണെന്നുള്ള വാദം അടിസ്ഥാനമുള്ളതാണൊ എന്നു് സംശയിക്കേണ്ടിയിരിക്കുന്നു. അതിനാൽ ഒരു ക്രിയയ്ക്കു് അദ്ദ്യം കല്പിച്ചിരുന്ന അത്ഥം ഒരു ശാശ്വതബന്ധം ജനിപ്പിക്കുക എന്നതുതന്നേ ആണെന്നു് അഭിപ്രായപ്പെടാനേ നിവൃത്തിയുള്ളൂ. പൂർവ്വാചാരങ്ങളിൽ അടങ്ങിട്ടുള്ള തത്ത്വങ്ങൾ കാലക്രമംകൊണ്ടു് മനുഷ്യർ മറന്നുപോകുന്നു എന്നുള്ളതിനു് വേറെയും അനേകം ദൃഷ്ടാന്തങ്ങൾ ഉണ്ടു്. സൂക്ഷ്മതത്ത്വം മറന്നുകഴിഞ്ഞാൽ അന്യഥാ ഒരത്ഥം കല്പിക്കുന്നതും സാധാരണയാണു്. ഇങ്ങനെ ചെയ്യുന്നതിനു് വല്ലതും ആവശ്യം

നേരിട്ടാൽ അതിലേയ്ക്ക് അനുകൂലികളും ധാരാളം ഉണ്ടായിരിക്കും. താലികെട്ടിന് വന്നിട്ടുള്ള അത്ഥവ്യത്യാസം ഈവിധം സംഭവിച്ചിട്ടുള്ളതായിരിക്കണമെന്നാണ് എന്റേറ അഭിപ്രായം. ഇപ്പോഴത്തെനിലയിൽ, കെട്ടുന്ന പുരുഷനും കെട്ടപ്പെടുന്ന സ്ത്രീയും തമ്മിൽ യാതൊരു ബന്ധവും ഇല്ലാതെയാണ് ഇരിക്കുന്നതു്. വല്ല ബന്ധവും ജനിക്കുന്നതായി വിചാരിക്കുന്നപക്ഷവും അതിനു് ഉടനെതന്നേ മോക്ഷവും സംഭവിക്കുന്നു.

ഇനി "താലികെട്ട്"" ഹിന്തുക്കളിൽ ഇതരജാതിക്കാരിൽ ഉണ്ടോ എന്നും, ഉണ്ടെങ്കിൽ നായന്മാരുടെ താലികെട്ടും മറ്റുള്ളവരുടേ ഇടയിലുള്ള ക്രിയയും തമ്മിൽ വല്ല വ്യത്യാസവും ഉണ്ടോ എന്നും, ഉണ്ടെങ്കിൽ അവ എന്തെല്ലാമാണെന്നും, അവ ഇപ്പോൾ ദോഷങ്ങളായോ ഗുണങ്ങളായോ പരിണമിച്ചിരിക്കുന്നതെന്നുമാണു് നോക്കേണ്ടതു്. "താലികെട്ട്"" എന്ന ഏർപ്പാടു് ഏറക്കുറേ പ്രകാരഭേദത്തോടുകൂടി ബ്രാഹ്മണർ മുതൽ പുലയർ വരേയുള്ള നാനാജാതിക്കാരുടെ ഇടയിലും നടപ്പുള്ളതായിട്ടാണു് കാണുന്നതു്. എന്നാൽ, നായന്മാരുടെ താലികെട്ടേർപ്പാടിൽ പല സാരമായ വ്യത്യാസങ്ങളും വന്നുകൂടീട്ടുണ്ടെന്നു് പറയേണ്ടിയിരിക്കുന്നു. അവയിൽ ചിലതു് ഇവിടെ എടുത്തു പറയാം.

ക. ഇതരജാതിക്കാരിൽ താലികെട്ടുന്ന ആൾ ഭർത്താവായിരിപ്പാൻ നിശ്ചയിച്ചിട്ടുള്ള ആൾതന്നേ വേണമെന്നു് നിബ്ബന്ധമുണ്ടു്. നമ്മുടെ താലികെട്ടിനു് അപ്രകാരമുള്ള ആൾ വേണമെന്നാണു് ഏർപ്പാടു്.

ഖ. ഇതരജാതിക്കാരിൽ സ്വജാതിയിലുള്ള ആൾ വേണം താലികെട്ടുന്നതു് എന്നു് നിബ്ബന്ധമുണ്ടു്. നമ്മുടെ ഇടയിൽ സ്വജാതീയനല്ല വേണ്ടതെന്നു് നിബ്ബന്ധമുള്ളതാ-

യിത്തോന്നുന്നു. (ഇതിന് ചില ദിക്കിൽ വ്യത്യസ്തം ഉണ്ട്; എന്നാൽ, മിയ്ക്കതും മറിച്ചുതന്നെയാണ് കാണുന്നതു്.)

൩. ഇതരജാതിക്കാരിൽ ഒരു പുരുഷന് ഒരു സ്ത്രീയേ മാത്രമേ ഏകകാലത്തിൽ കെട്ടിക്കൂടൂ എന്നു് വ്യവസ്ഥയുണ്ടു്. നമ്മുടെ ഇടയിൽ ഒരു പുരുഷന് എത്ര സ്ത്രീകളെ വേണമെങ്കിലും ഒന്നിച്ചു് കെട്ടാമെന്നാണു് വെപ്പു്. ഇവ കൂടാതേയും ചില നിസ്സാരങ്ങളായ വ്യത്യാസങ്ങളുണ്ടു്. അവയെ ഇവിടെ പ്രസ്താവിച്ചിട്ടാവശ്യമുണ്ടെന്നു് വിചാരിക്കുന്നില്ല. മേൽപറഞ്ഞ വ്യത്യാസങ്ങൾ അനുഭവത്തിൽ ദോഷമായൊ ഗുണമായൊ ഇരിക്കുന്നതെന്നാണു് നാം ഇനി നോക്കേണ്ടതു്. ദോഷമായിട്ടു തന്നെയാണെന്നു് നിസ്സംശയം പറയേണ്ടിയിരിക്കുന്നു. കെട്ടുന്ന ആൾ ഭർത്താവായിരിക്കണമെന്നില്ലാത്തതിനാലും, ഭർത്താവായിരുന്നുകൂടാ എന്നുള്ളതിനാലും, അനേകം സ്ത്രീകളെ ഒന്നിച്ചു് കെട്ടുന്ന പുരുഷന് ഇതു് സാദ്ധ്യമല്ലാത്തതിനാലും സ്ത്രീക്കു് വേറെയാരെയെങ്കിലും ഭർത്താവായി സ്വീകരിക്കാമെന്നു് വന്നുകൂടുന്നു. "താലികെട്ടു്" എന്ന മംഗല്യപ്രക്രിയകൊണ്ടു് പുരുഷനും സ്ത്രീക്കും തമ്മിൽ യാതൊരു ബന്ധവും ജനിക്കുന്നില്ലെങ്കിൽ അതുയും പ്രാധാന്യമൊ ഗൌരവമൊ കല്പിക്കപ്പെടാത്ത സംബന്ധംകൊണ്ടു് വല്ല ബന്ധവും ഉണ്ടാകുന്നുണ്ടെങ്കിൽ അതു് അത്ര വകവയ്ക്കത്തക്കതല്ലെന്നുള്ള ഒരു ബോധവും ജനങ്ങൾക്കു് വന്നുകൂടാനിടയുണ്ടു്. ഇതുനിമിത്തം ഭർത്താവിനേയോ ഭാര്യയേയൊ ബോധിച്ചപോലെ സ്വീകരിക്കയൊ ഉപേക്ഷിക്കയൊ ചെയ്യാമെന്നു് വന്നുകൂടുന്നില്ലയോ എന്നു് സംശയിക്കേണ്ടിയിരിക്കുന്നു. ഇപ്രകാരമുള്ള ഒരബദ്ധവിചാരത്തിനു് ഇടകൊടുക്കുന്നതുകൊണ്ടു് എത്രയോ അനർത്ഥങ്ങൾ വന്നുചേരുന്നു എന്നു് അല്പം ആലോചിച്ചാൽ അറിയാവുന്നതാണു്. നമുക്കു് "കെട്ടറപ്പില്ലാത്തവരെ"ന്നുള്ള ദുഷ്പേരും, സ്ത്രീകളുടെ

സദ്വൃത്തിക്ക് ഭംഗവും, ഭർത്താവിന്റെ ശരിയായ ഭരണമില്ലാത്തതിനാൽ ഒരുമാതിരി അനാഥത്വവും, ദാമ്പത്യസൌഖ്യത്തിന് ഹാനിയും, കുട്ടികളിൽ അലസത, ഉത്സാഹരാഹിത്യം മുതലായതും, ഭവനസുഖത്തിന് ഭംഗവും, സമുദായക്ഷേമത്തിന് വലിയ പ്രതിബന്ധവും വന്നുകൂടുന്നതിനിടയുള്ളതാകുന്നു. നമ്മുടെ അധഃപതനത്തിന് ഇവയിൽ ഒന്നുമാത്രം മതിയെന്നിരിക്കെ ഇവയെല്ലാം ഒന്നിച്ചാൽ പിന്നേ പറയാനുണ്ടോ? എന്നാൽ, ഇതുകൂടാതെയും വേറെ ഒരു വലുതായ ദോഷമുണ്ട്. നാം താലികെട്ടുകല്ല്യാണത്തിന് അതിരില്ലാത്ത ഒരർത്ഥവും പ്രാധാന്യവും ഉണ്ടെന്ന് സങ്കല്പിച്ച് അനുരൂപമല്ലാത്തവിധത്തിൽ ദ്രവ്യവ്യയംചെയ്യുവരുന്നുണ്ടെന്ന് സലജ്ജം പറയേണ്ടിയിരിക്കുന്നു. നമ്മുടെ താലികെട്ടുതന്നേ അർത്ഥമില്ലാത്തതാണെന്ന് ആദ്യമേ പ്രസ്താവിച്ചുവല്ലോ. എന്നാൽ, ഇതു് അർത്ഥമില്ലാതെയാക്കുന്ന ഒരേർപ്പാടുക്രൂടിയായിട്ടാണു് പിന്നിരിക്കുന്നതു്. ഒരു അടിയന്തിരം കഴിച്ചു് ധനവാന്മാർ അവരുടേ ആഭായത്തെ ക്ഷയിപ്പിക്കുന്നു. സാധാരണക്കാർ അവരുടെ കാലക്ഷേപത്തിനുള്ളതായ സ്വത്തിനെ നശിപ്പിക്കുന്നു. നിർധനന്മാർ തങ്ങളുടെ മാനധനത്തെ ഇല്ലാതെയാക്കുന്നു. പണമുണ്ടെങ്കിൽ ഉള്ളതു മുഴുവനും, അല്ലാത്തപക്ഷം വസ്തുവിന്മേൽ കിട്ടുന്നേടത്തോളവും, അല്ലെങ്കിൽ ഇരന്നോ കവർന്നോ കിട്ടുന്നതും ഇതിലേയ്ക്കു് ദ്രവ്യംയം ചെയ്യുന്നു. ഒരു വിധം നായർകുടുംബങ്ങളും നശിക്കാനിട വന്നിട്ടുണ്ടെന്നു് നമുക്കെല്ലാവർക്കും ഏറക്കുറേ അറിയാവുന്നതാണു്. ഇതുകൊണ്ടാണു് ഒരു ഏർപ്പാടു് അർത്ഥത്തെ ഇല്ലാതാക്കുന്നു ഒന്നാണെന്നു് പറയാൻ ഇടയായതു്. ഇതുകൂടാതെ ഇതു് അനർത്ഥത്തേ ഉണ്ടാക്കുന്നതുമാണെന്നു് പ്രത്യക്ഷപ്പെടുന്നു. പല സംഗതികൊണ്ടും കാലഭേദംകൊണ്ടും ഇപ്രകാരം ദോഷമായി പരിണമിച്ചിരിക്കുന്ന ഒരു

ഏർപ്പാടിനെ യഥാർത്ഥസ്ഥിതിയിൽ നിലനിർത്തുന്നതിനു് നായർസമുദായക്ഷേമതല്പരന്മാർ ആരുംതന്നെ ആഗ്രഹിക്കുമെന്നു് തോന്നുന്നില്ല.

ആദ്യം പറഞ്ഞ കാരണങ്ങൾകൊണ്ടു് താലികെട്ടിനു് വിവാഹത്തിന്റെ മുഖ്യ ലക്ഷണങ്ങൾ ഒന്നും ഇല്ലെന്നു് സ്പഷ്ടമാണല്ലൊ. പിന്നെ വിവാഹത്തിന്റെ സ്ഥാനത്തിൽ നമുക്കെന്തെങ്കിലും മറ്റു ക്രിയയുണ്ടൊ എന്നാലോചിക്കാം. "സംബന്ധം" എന്നു് നമ്മുടെ ഇടയിൽ നടപ്പുള്ള ഏർപ്പാടാണു് വിവാഹത്തിന്റെ ഏറെക്കുറെയെങ്കിലും സ്വഭാവം വഹിക്കുന്നതു്. ഇതിനെ 'പുടവകൊട', 'മുണ്ടുകൊട', 'പുടവമുറി' എന്നും മറ്റും പല ദിക്കിലും പല വിധം പേരു പറഞ്ഞുവരുന്നുണ്ടു്. ഒരു ഏർപ്പാടിനു് കെട്ടുകല്ല്യാണത്തിനുള്ള ഗൌരവമൊ ആഡംബരമൊ ദ്രവ്യ വ്യയമൊ ഒന്നും ഇല്ല. എങ്കിലും, ഇതു് പരസ്യമായും, സ്ത്രീപുരുഷന്മാർക്കു് പ്രായം തികഞ്ഞിട്ടും, രക്ഷാകർത്താക്കന്മാരുടെ അനുമതിയോടും, മാന്യന്മാരുടെ സാന്നിദ്ധ്യത്തോടും കൂടി നടത്തിവരുന്ന ഒരു ക്രിയയായിരിക്കുന്നതിനാൽ ഇതു് വിവാഹ നിലയിൽ ഗണിക്കപ്പെടുന്നതിനു് അർഹതയുള്ളതാണെന്നു് എനിക്കു തോന്നുന്നു. ഇതിൽ താലികെട്ടുന്നതിനു പകരം വസ്ത്രദാനമാണു് പ്രധാനമായി സ്വീകരിച്ചിരിക്കുന്നതു്. ഇതു നിമിത്തം ഉണ്ടാകുന്ന ബന്ധം ശാശ്വതബന്ധമായി ഗണിക്കേണ്ടതാണെന്നു് ഇപ്പോൾ നിയമവും കല്പിക്കുന്നുണ്ടു്. സംബന്ധം എന്ന ഏർപ്പാടിനു് ഒരു സ്ഥിരസ്വഭാവമുള്ള സ്ഥിതിക്കു് അതില്ലാത്തതായമറ്റൊരേർപ്പാടു് നിലനിർത്തിക്കൊണ്ടു പോകുന്നതിനു് വല്ല ആവശ്യവും ഉണ്ടോ എന്നു് സംശയിക്കുന്നു. ഇപ്രകാരം രണ്ടേർപ്പാടുകൾ വയ്ക്കുന്നതിനു് വല്ല കാരണവും മുൻകാലങ്ങളിൽ ഉണ്ടായിരുന്നോക്കാം. ഹിന്ദുക്കളിൽ എല്ലാജാതിക്കാരും അവരേക്കാൾ ഉയർന്ന ജാതി-

ക്കാരെന്നു് വിചാരിക്കപ്പെട്ടവരുടെ നടപടികൾ അനുകരിക്കയായിരുന്നല്ലൊ പതിവു്. ഒരു പതിവനുസരിച്ചു് ചിലയന്ന ജാതിക്കാരുടെ ഇടയിലുള്ളതുപോലെ ഒരു ക്രമപ്പെട്ട വയസ്സിനുമുൻപു് സ്ത്രീകളെ വിവാഹം കഴിക്കണമെന്നു് നമ്മുടെ പൂർവ്വന്മാരും തീർച്ചയാക്കി പ്രവർത്തിച്ചു വന്നിരിക്കണം. എന്നാൽ, ഇപ്രകാരം ബാല്ല്യകാലത്തുള്ള വിവാഹംകൊണ്ടു് സ്ത്രീ പുരുഷന്മാർക്കും ശിശുക്കൾക്കും വരാവുന്ന ദോഷങ്ങളെ അവർ ഗ്രഹിച്ചിരുന്നതിനാൽ ഒരു വക ദോഷങ്ങളുടെ നിവാരണാർത്ഥം വിവാഹപ്രായത്തിനു് പ്രായം തികഞ്ഞതിനുമേൽ മാത്രമേ വരാവു എന്നുള്ള കരുതലോടുംകൂടി കൂറെ അകലത്തിൽ സംബന്ധമെന്ന ഒരേർപ്പാടുകൂടി സ്ഥാപിച്ചതായിട്ടു് വിചാരിക്കണം. ഇതു കൂടാതെ സ്ത്രീക്കും പുരുഷനും തോന്നാവിന്നേയൊ ഭാവ്യയേയൊ തിരഞ്ഞെടുക്കുവാനുള്ള ബുദ്ധിശക്തികൂടി ഉണ്ടാകാവുന്ന പ്രായം തികയണമെന്നും താല്പര്യമുണ്ടായിരുന്നിരിക്കാം. എന്നാൽ, ആദ്യം പ്രസ്താവിച്ച കാരണം ഇപ്പോൾ ബലവത്തായിരിക്കുന്നതിനാൽ പ്രായം തികയുന്നതിനുമുമ്പിൽ നടത്തിവരുന്ന താലികെട്ടേർപ്പാടു് മേലിൽ നിലനിർത്തേണ്ട ആവശ്യവും ഇല്ലാതെ ഇരിക്കുന്നു. സ്ത്രീപുരുഷന്മാർക്കു് പ്രായം തികഞ്ഞതിനുമേലും അനാവശ്യമായ അർത്ഥവ്യയമൊ ആഡംബരമൊ കൂടാതേയും സ്ഥിരബന്ധം എന്ന ഉദ്ദേശ്യകത്തോടുകൂടിയും നടത്തിവരുന്ന സംബന്ധം എന്ന ഏർപ്പാടു് ധാരാളം മതിയാകുന്നതാണു്. അല്ലാത്തപക്ഷം താലികെട്ടു് ഇതിന്റെ ഒരംശമായി നടത്തുന്നതിനു് വിരോധമുണ്ടെന്നു തോന്നുന്നില്ല. ഒരേസംഗതിക്കു് ഇപ്രകാരം രണ്ടേർപ്പാടുകൾ വച്ചിരിക്കുന്നതിന്റെ ഔചിത്യവും സന്ദേഹാസ്പദമായിത്തന്നെയിരിക്കുന്നു. ഒരു ഏർപ്പാടുകൾ ആദ്യം ആരാൽ ഏർപ്പെടുത്തപ്പെട്ട എന്നും, ഏതുനിലയിൽ സ്വീകരിക്കപ്പെ-

ട്ടുവന്ന എന്നും ഇപ്പോൾ അറിയാൻ എളുപ്പമില്ല. എന്നാൽ, ഓരോ ഏപ്പാടുകളിൽ കിടന്നു കഴങ്ങുന്നവർ ആരാണെന്ന് അറിയേണ്ടതാണ് ഇപ്പോൾ അത്യാവശ്യം. അതു് ഇപ്പോൾ നമുക്ക് ഒരു വിധം അറിയാമെന്നു തോന്നുന്നു. നിവൃത്തിമാർഗ്ഗം ആലോചിക്കേണ്ടവരും ഇവർ തന്നെയാണല്ലൊ. അതിനാൽ നായർസമുദായനേതാക്കന്മാർ ഓരോ വിഷയത്തിൽ ശ്രദ്ധവച്ചു് വേണ്ടപ്രകാരം പ്രവർത്തിക്കുമെന്നു് നമുക്കാശിക്കാവുന്നതാണ്. ഇങ്ങനെ ചെയ്യുന്നതായിരുന്നാൽ ഓരോ സമുദായത്തിനെ ബാധിച്ചിരിക്കുന്ന വലുതായ ഒരു കളങ്കത്തെ നീക്കാവുന്നതാണ്. വിദ്യാഭ്യാസവും, തന്നിമിത്തം സന്മാർഗ്ഗബോധവും നമ്മുടെ ഇടയിൽ വർദ്ധിച്ചു വരുന്തോറും വിവാഹബന്ധത്തിന്റെ മാഹാത്മ്യത്തെക്കുറിച്ചുള്ള സൂക്ഷ്മബോധം നമുക്കുണ്ടാകുന്നതാണ്. നിയമസഹായം ഉണ്ടെന്നിരുന്നാലും ഓരോ വിധമുള്ള ഒരു ഉൽകൃഷ്ടശക്തിയെ സമുദായാംഗങ്ങളിൽ ജനിപ്പിക്കയാണ് കൂടുതൽ ഫലപ്രദമായിരിക്കുന്നതെന്നു തോന്നുന്നു. നിയമത്തിനു് അമർത്താനുള്ള ശക്തിയേയുള്ളു. സന്മാർഗ്ഗനിഷ്ഠയ്ക്കു് ഉയർത്താനുള്ള ശക്തിയും ഉണ്ടു്. ഓരോ വിധമുള്ള ഒരു ശക്തിയാണ് ക്ഷീണസ്ഥിതിയിൽ ഇരിക്കുന്ന ഒരു സമുദായത്തിനു് അത്യാവശ്യം എന്നു് നിസ്സംശയം പറയാവുന്നതാകുന്നു. ഇതിനെ സമ്പാദിക്കുന്നതിനുള്ള ഏക മാർഗ്ഗം വിദ്യാഭ്യാസം തന്നെയാണ്. നമ്മുടെ സ്ത്രീകൾക്ക് സ്വാതന്ത്ര്യം കുറച്ചെങ്കിലും കൊടുക്കേണ്ടതാണെന്ന് വിചാരിക്കുന്നുണ്ടെങ്കിൽ, അവരെ ഓരോ വിധമുള്ള അനാവശ്യ ഏർപ്പാടുകളിൽ നിന്നും മോചിപ്പിക്കുന്നതു തന്നെ അവർക്ക് ഒരു അമൂല്യമായ സ്വാതന്ത്ര്യമായിരിക്കുമെന്ന് വിചാരിക്കുന്നു. തൊട്ടിൽ ശരിയായിട്ടാട്ടുന്നതെങ്കിൽ കൈകർത്താക്കൾക്ക് ബലവും സൈരവ്യാപാരസൌകര്യവും വേണ്ടതാണല്ലൊ.

൯. സ്ത്രീകളും സ്വാതന്ത്ര്യവും.

സകല ജീവജാലങ്ങളും ഒന്നുപോലെ സ്നേഹിക്കുന്നതും വിലമതിക്കുന്നതുമായ ഒരു ഗുണമാകുന്നു സ്വാതന്ത്ര്യം. കൂട്ടിൽ അടയ്ക്കപ്പെട്ട കിളിയും, പൂട്ടിയിടപ്പെട്ട പട്ടിയും, ശൃംഖല കൊണ്ട് ബന്ധിക്കപ്പെട്ട ആനയും, ജയിലിൽ കിടക്കുന്ന തടവുകാരനും അവരവരുടെ ബന്ധനത്തിൽനിന്നും മോചിക്കപ്പെടുന്നതിന് കാണിക്കുന്ന അക്ഷമയും ശ്രമങ്ങളും ഇതിലേയ്ക്ക് മതിയായ തെളിവുകളാകുന്നു. ലഗാൻ അയച്ചുവിടുമ്പോഴും കുതിരയ്ക്കും, പള്ളിക്കൂടംവിടുമ്പോഴും കുട്ടികൾക്കും, ഇടയൻ പിരിയുമ്പോൾ ആട്ടിൻകൂട്ടത്തിനും നാം കാണുന്ന ഉത്സാഹം ഇതിനെത്തന്നേ സൂചിപ്പിക്കുന്നു. ഇപ്രകാരം സർവ്വസാധാരണമായ ഒരു ആഗ്രഹം അന്തഃപുരത്തിൽ ബന്ധനസ്ഥകളായ സ്ത്രീകളുടെ ഹൃദയത്തിലും അല്പം അങ്കുരിക്കുന്നതു് ഒരു വലിയ അപരാധമായി ഗണിക്കപ്പെടാവുന്നതാണെന്ന് തോന്നുന്നില്ല. എന്നാൽ, അവരുടെ അബലത നിമിത്തം പലപ്പോഴും ഒരു ആഗ്രഹം സാധിക്കുന്നതിന് കഴിവില്ലാതെയാണ് വന്നുകൂടിയിരിക്കുന്നതു്. ഇതിലേയ്ക്ക് മുഖ്യ തടസ്സം: ഇവരുടെ സഹായികളായിരിക്കേണ്ടതും ഇരിക്കുന്നതുമായ പുരുഷന്മാരിൽ നിന്നാണ് ഉത്ഭവിക്കുന്നതെന്നുള്ള പരമാർത്ഥം ഏറ്റവും ആശ്ചര്യജനകവും അല്പം പ്രകൃതിവിരുദ്ധവുമല്ലയോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. മനുഷ്യവർഗ്ഗത്തിൽ ഉൾപ്പെട്ടവരിൽ പാതി കൂട്ടർക്ക് പൂർണ്ണ സ്വാതന്ത്ര്യം ആവശ്യമാണെന്നും, മറ്റവർക്ക് അതു് തീരെ പാടില്ലെന്നുമുള്ള വിധി എത്രത്തോളം ന്യായാനുസൃതമായിട്ടുള്ളതാണെന്നും ആലോചിക്കേണ്ടതാണ്. എന്നാൽ, ഒരു അഭിപ്രായം ക്രമേണ ഭേദപ്പെട്ടവരുന്നുണ്ട്. എങ്കിലും,

സ്ത്രീകൾക്ക് സ്വാതന്ത്ര്യം കൊടുത്തുകൂടായെന്നുള്ള പക്ഷക്കാരും തീരെ ഇല്ലെന്നില്ല. ഇതിലേയ്ക്ക് ഇവർക്ക് പല യുക്തികളും കാരണങ്ങളും ഉണ്ടെന്നാണ്. ഇവയെക്കുറിച്ച് ഒരു ഗുണദോഷവിവേചനം ചെയ്യണമെന്ന് വിചാരിക്കുന്നില്ല. രണ്ടുപക്ഷമില്ലാത്ത വിഷയം ഒന്നുംതന്നെയില്ലല്ലോ. അവരവരുടെ അഭിപ്രായം പുറപ്പെടുവിക്കുന്നതിനുള്ള സ്വാതന്ത്ര്യം (സ്ത്രീകളെയൊഴിച്ച്) എല്ലാവർക്കും ഉണ്ടല്ലോ. എന്നാൽ, ഇവരുടെ സംഖ്യയും ഇപ്പോൾ കുറഞ്ഞാണ് വരുന്നത്. ഇതേവരെ അടങ്ങിയൊതുങ്ങിയിരുന്ന അബലമാരും ഇപ്പോൾ സധൈര്യം അവരുടെ ജന്മാവകാശത്തെ സ്ഥാപിപ്പാൻ ഒരുമ്പെടുന്നതായും നാം കാണുന്നു. എല്ലാം കൊണ്ടും മട്ടൊന്നുമാറാനാണിടയുള്ളതെന്ന് ഊഹിക്കേണ്ടിയിരിക്കുന്നു. തങ്ങൾക്കില്ലാതിരുന്നതായ ഒരവകാശം ലഭിയ്ക്കുമ്പോൾ മനുഷ്യർ അതിനെ അമിതമായും ദോഷകരമായുമുള്ള വിധത്തിൽ ഉപയോഗിക്കുന്നതിന് ഇടയുള്ളതാണല്ലോ. "സർവ്വമതിമാത്രം ദോഷായ" എന്നുള്ള പ്രമാണവും ആദരണീയമായിട്ടുള്ളതാണ്. ലോകത്തിലുള്ള എല്ലാ നന്മകളും അവയുടെ മിതാനുഭവം കൊണ്ടാണല്ലൊ നമുക്ക് സുഖപ്രദങ്ങളും ഗുണപ്രദങ്ങളുമായി ത്തീരുന്നത്. അതിനാൽ, സ്വാതന്ത്ര്യധനത്തെ ഇച്ഛിക്കുന്നവരും ലഭിക്കുന്നവരുമായ നമ്മുടെ മാന്യ സഹോദരിമാർ ഒരു വിഷയത്തിൽ കരുതലോടുകൂടി ഇരിക്കേണ്ടവരാണെന്ന് പറയേണ്ടതില്ലല്ലോ.

എന്നാൽ, ഏതെല്ലാം വിഷയങ്ങളിലാണ് സ്ത്രീകൾക്ക് സ്വാതന്ത്ര്യം അത്യാവശ്യമായി വേണ്ടതെന്ന് ആലോചിപ്പാനുള്ളതാണ്. പാർലമേൻറ് സാമാജികന്മാരെ തിരഞ്ഞെടുക്കുന്നതിനുള്ള സമ്മതി ദാനാവകാശവും ലോകത്തിലുള്ള സകല തൊഴിലുകളിലും പ്രവേശനവും ലഭിക്കേണ്ടതാണെന്ന് വാദിച്ച് ബഹളം കൂട്ടുന്നതു് എത്രമാത്രം ഉചി-

തവും സാമ്പത്തവും ഗുണപ്രദവുമായിട്ടുള്ളതാണെന്ന് ഗാഢമായി ആലോചിക്കേണ്ടകാര്യമാണ്. ഇപ്രകാരം ലഹളകൂട്ടുന്നത് മിക്കവാറും ബാലപരിചരണം, തീണ്ടുതുശ്രൂഷ, ഗൃഹഭരണം ഒരു വക ചുമതലകൾ ബാധിക്കാത്തവരും, അവയെ ശ്രദ്ധിക്കേണ്ട ആവശ്യമില്ലാത്തവരും, വിദ്യാഭ്യാസത്തിന്റെ പൂവ്വാങ്കം മാത്രം ലഭിച്ചവരുമായ "അനിതരപരിതാസാധാരണങ്ങളാ"യ ഗുണങ്ങളോടുകൂടിയ ഒരു കൂട്ടക്കാരാണ്. രോമാതിരി സ്വാതന്ത്ര്യം ലഭിച്ചാൽതന്നെയും എന്തു പ്രയോജനമാണ് സിദ്ധിക്കുന്നതെന്ന് ഇവർക്കുതന്നെ നല്ല നിശ്ചയമുണ്ടോ എന്ന് സംശയമാണ്. തങ്ങൾക്ക് ന്യായമായുള്ള ചുമതലകളെത്തന്നെ വഹിക്കാൻ തരമില്ലാത്തവരാണ് രാജ്യകാര്യസംബന്ധമായ ചുമതലകൾ കയ്യേല്ക്കുവാൻ ഭഗീരഥ പ്രയത്നം ചെയ്യുന്നത്. ഇവർക്ക് സൈന്യത്തിൽ പ്രവേശനം ലഭിയ്ക്കുന്നതിനായിരിക്കാം ഇനി അടുത്ത ഉദ്യമം.

എന്നാൽ, സ്ത്രീകൾക്ക് അധികമായ ക്ലേശമോ മറ്റു പ്രയാസമോ ക്രടാതെ ശീലിക്കാവുന്ന തൊഴിലുകൾ ഇല്ലെന്നില്ല. പല രാജ്യങ്ങളിലും സ്ത്രീകൾക്ക് ഭർത്താക്കന്മാരെ ലഭിയ്ക്കുന്നതുള്ള പ്രയാസംകൊണ്ടും മറ്റും അവർ കാലക്ഷേപത്തിനുവേണ്ടി ഓരോ തൊഴിലുകളിൽ പ്രവേശിക്കാറുണ്ട്. ഇതു് ആക്ഷേപകരമായി ഒരിക്കലും വിചാരിച്ചുകൂടാത്തതാകുന്നു. മര്യാദയായ വിധത്തിൽ കാലക്ഷേപം ചെയ്യുന്നതു് പുരുഷന്മാർക്കും സ്ത്രീകൾക്കും ഒന്നുപോലെ സ്തുത്യർഹമായ കാര്യമാണ്. അദ്ധ്യാപകവൃത്തി, തയ്യൽവേല, സംഗീതം, വൈദ്യം, ചിത്രമെഴുത്തു്, രോഗികളെ പരിചരിക്ക മുതലായ തൊഴിലുകൾ സ്ത്രീകൾ സാധാരണയായി കൈക്കൊള്ളുന്നുണ്ട്. ഓരോ തൊഴിലുകളിൽ വിദഗ്ധത സമ്പാദിച്ചിട്ടുള്ള സ്ത്രീകൾ ധാരാളമുണ്ട്. സ്ത്രീകൾ ഏതെങ്കിലും തൊഴിലുകൾ

ശീലിച്ചിരിക്കേണ്ടതും ആവശ്യമാണ്. ഭർത്താവില്ലാതിരിക്കയോ, ഭർത്താവ് രോഗിയായിത്തീരുകയോ ചെയ്യുന്ന പക്ഷം തങ്ങളുടെ നിത്യവൃത്തിക്കു വേണ്ടവ തങ്ങൾതന്നെ സമ്പാദിക്കേണ്ടതായി പലപ്പോഴും ആവശ്യം നേരിട്ടേക്കാം. ഇതുകൂടാതെ തങ്ങളുടെ ഗൃഹജോലി കഴിഞ്ഞുള്ള സമയം ആദായകരവും മാന്യവുമായ ഏതെങ്കിലും തൊഴിലിൽ ശീലിക്കുന്നതും ഗുണകരമായിരിക്കും.

മനുഷ്യവർഗ്ഗത്തെ സ്ത്രീകൾ, പുരുഷന്മാർ ഇങ്ങനെ രണ്ടുതരക്കാരായി സൃഷ്ടാവുതന്നെ വിഭജിച്ചിരിക്കുന്നതു് നോക്കുമ്പോൾ ഓരോ രണ്ടുവർഗ്ഗക്കാർക്കും പ്രത്യേക കൃത്യങ്ങളും ചുമതലകളും നിശ്ചയിക്കപ്പെട്ടിട്ടുണ്ടെന്നുവേണം ഊഹിക്കാൻ. ഇങ്ങനെയിരിക്കേ ഒരു തരക്കാർ തങ്ങളുടെ ചുമതലകളെ ഉപേക്ഷിച്ചുംവച്ചു് മറു കൂട്ടരുടെ ചുമതലകളെ വലിച്ചു തലയിൽ വയ്ക്കുന്നതിൽ ഒരുങ്ങുന്നതായാൽ അവർ പ്രകൃതിയുടെ നീതിയെ ലംഘിക്കുന്നില്ലയോ എന്നു് സംശയിക്കേണ്ടിയിരിക്കുന്നു. അന്യോന്യം സഹായികളായിരിക്കേണ്ടവർ എതിരാളികളെന്ന നില്പിൽ വർത്തിക്കുന്നതു് ഇരുഭാഗക്കാരുടേയും ധർമ്മത്തെക്കുറിച്ചുള്ള അജ്ഞാനംകൊണ്ടോ അബദ്ധബോധം കൊണ്ടോ ആയിരിക്കണം. വിദ്യാഭ്യാസം കൊണ്ടു് മുന്നിട്ടു നില്ക്കുന്ന എന്നു് നടിക്കുന്ന പുരുഷന്മാരായ നമുക്കു് ഇതു് അത്ര ചേരുമെന്നു തോന്നുന്നില്ല. വിദ്യാഭ്യാസമില്ലാത്ത സ്ത്രീകളെ കുറ്റപ്പെടുത്തുന്നതു് യുക്തവുമല്ല.

വിദ്യാഭ്യാസവിഷയത്തിലാണു് നമ്മുടെ സഹോദരിമാർക്കു് പൂർണ്ണസ്വാതന്ത്ര്യം നാം അനുവദിക്കേണ്ടതു്. ഓരോ വിഷയത്തിൽ നമ്മേ അപേക്ഷിച്ചു് നമ്മുടെ സ്ത്രീകളുടെ നില ഏറ്റവും താണപടിയിലാണെന്നു പറയേണ്ടതില്ലല്ലോ. സ്ത്രീകൾക്കു് സ്വാതന്ത്ര്യം എന്നപോലെ വിദ്യാഭ്യാസവും വിശ്വദ്രവ്യമോ ലഹരിപദാർത്ഥമോ ആണെന്നുള്ള അഭിപ്രാ-

യക്കാർ നമ്മുടെ ഇടയിൽ ഒട്ടുംതന്നെ ചുരുക്കമല്ല. എന്നാൽ, ഇവരുമായിട്ട് ഒരു വിഷയത്തിൽ വാദപ്രതിവാദം ചെയ്യേണ്ട ആവശ്യം ഏകദേശം അസ്തമിച്ചിരിക്കുന്നു. വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യം അവരവരുടെ കൃത്യങ്ങളെ ശരിയായവിധത്തിൽ നിവ്വഹിക്കുന്നതിനുള്ള സാമർത്ഥ്യം സമ്പാദിക്കുകയാണെന്നു വിചാരിക്കുന്നപക്ഷം ഇതു സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരുപോലെ ആവശ്യമായിട്ടുള്ളതാണല്ലൊ. സ്ത്രീകൾക്ക് കൃത്യങ്ങളൊന്നുമില്ലെന്ന് ആരുംതന്നെ വാദിക്കുമെന്ന് തോന്നുന്നില്ല. ഉള്ളവയെ ശരിയായി ചെയ്യേണ്ടതാണെന്ന് എല്ലാവരും സംവദിക്കുന്നതുമാണ്. എന്നാൽ, വിദ്യാഭ്യാസം ഇതിനുതകുന്നതല്ലെന്ന് വാദിക്കുന്നപക്ഷം അതു പുരുഷന്മാർക്കും പറവുമല്ലൊ. വിദ്യാഭ്യാസംകൊണ്ട് സ്ത്രീകൾക്ക് അഹംഭാവം, ഉസ്സുപാതന്ത്ര്യം, അനുസരണക്കേട് മുതലായ ദോഷങ്ങൾ ഉണ്ടാകുന്നുണ്ടെന്ന് ചിലർ വാദിക്കുന്നുണ്ട്. എന്നാൽ, വാസ്തവത്തിൽ ഒരു ദോഷങ്ങളും വിദ്യാഭ്യാസത്തിന്റെ ഫലങ്ങളല്ല. അജ്ഞതയുടെ ഫലങ്ങളാണ്. അവ വിദ്യാഭ്യാസംകൊണ്ട് തീരെ നീങ്ങിപ്പോകുന്നവയുമാണ്. സ്ത്രീകൾ മാതൃസ്ഥാനം വഹിക്കാനുള്ളവരാകകൊണ്ട് പുരുഷന്മാരുടെ ഭാവിശ്രേയസ്സ് അവരുടെ കൈയിലാണിരിക്കുന്നത്. ഇങ്ങിനെയിരിക്കുന്നവർക്ക് വിദ്യാഭ്യാസം ആവശ്യമില്ലെന്ന് വാദിക്കുന്നവർ നമ്മുടെ അനന്തരസന്താനങ്ങളുടെ ഉൽകർഷത്തെ തടയുന്നില്ലയൊ എന്ന് ആലോചിക്കേണ്ടതാണ്. ലോകത്തിന്റെ മുൻഗതി വിദ്യയേയും ജ്ഞാനത്തേയും സമ്പാദിച്ചിട്ടുള്ളവരുടെ സംഖ്യയെ ആശ്രയിച്ചിരിക്കുന്നതിനാൽ സ്ത്രീവിദ്യാഭ്യാസം ഇവരുടെ സംഖ്യയെ ദ്രുതഗണിതപ്പെടുത്തുകയും തന്നിമിത്തം പരിഷ്കാരത്തിന് ഇരട്ടി വേഗം ലഭിക്കയും ചെയ്യുന്നു. എന്നു

തന്നെയുമല്ല,

മാധുര്യം വാക്കിനേറും മതിയതിലുളവാ-
യീടുമേററംവിവേകം
ചാതുര്യം പാരമുണ്ടാം ഗൃഹഭരണമതിൽ
ഗാഢരാഗം പ്രിയങ്കൽ
ചാപല്ല്യംപോരെനീങ്ങും ചടുലമിഴികൾവി-
ട്ടുയ്യുപാതീവിചാ-
രീവണ്ണം വന്നിണങ്ങും വിവിധഗുണഗണം
നല്ല നല്ലാർജനത്തിൽ.

സ്ത്രീകൾക്ക് വിദ്യാഭ്യാസവിഷയത്തിൽ സ്വാതന്ത്ര്യം ആവശ്യമാണെങ്കിൽ അവരുടെ അഭിപ്രായങ്ങളെ യഥാവസരവും യഥേഷ്ടവും പ്രകടിപ്പിക്കുന്നതിനുള്ള സ്വാതന്ത്ര്യം ഇതിലും അധികം അത്യാവശ്യമാണ്. ഇപ്രകാരം ചെയ്തില്ലെങ്കിൽ വിദ്യാഭ്യാസംകൊണ്ടുണ്ടാകുന്ന ഗുണങ്ങളിൽ പാതിയും നിഷ്ഫലങ്ങളായി ത്തീരുന്നു. ഇപ്പോൾ ഇവരുടെ അഭിപ്രായങ്ങൾക്ക് അഴുക്കളയുംവെളിയിൽ പോകുന്നതിന് മാർഗ്ഗമില്ലാതെയാണിരിക്കുന്നത്. എന്നാൽ, ഇവക്കെന്താണ് അഭിപ്രായമുള്ളതെന്നും അവയെ പുറപ്പെടുവിക്കുന്നതുകൊണ്ട് എന്തുഗുണമാണ് സിദ്ധിക്കുന്നത് എന്നും ഒരു ചോദ്യം വന്നേക്കാം. ഇതിനുത്തരമായിട്ട് ഒരു സംഗതിയെപ്പറ്റി ഒരു മഹാൻ പറഞ്ഞിട്ടുള്ളതിന്റെ സാരം ഇവിടെ ചേർത്താൽ മതിയാകുമെന്നു വിചാരിക്കുന്നു.

"സ്ത്രീകളുടെ ശബ്ദം ഒരു മറയുടെപിന്നിൽനിന്നുമാത്രം വരുന്നതിന് അനുവദിക്കുന്ന ഒരു പുരുഷൻ തനിക്കുലഭിക്കാവുന്നതായ ഒരു വിലയേറിയ സഹായത്തെ മനഃപൂർവ്വം ഇല്ലായ്മചെയ്യുന്നു. പുരുഷന് മാത്രം തീർപ്പുപ്പെടുത്താവുന്ന അനേകം സംഗതികൾ ഉണ്ട്. സ്ത്രീകൾക്ക് തീരെ പ്ര-

വേശിച്ചിട്ടാവശ്യമില്ലാത്തകാര്യങ്ങളുമുണ്ട്. എന്നാൽ, മിയ്യ സംഗതികളിലും ഉഭയപക്ഷക്കാരുടേയും യോജിച്ചുള്ള ആലോചനയാണ് ഉത്തമമായിട്ടുള്ളതു്. ഏറ്റവും സമർത്ഥനായ ഒരു പുരുഷന് സ്ത്രീകളിൽനിന്നും ലഭിക്കാവുന്നതു് പലതും ഉണ്ടു്. സ്ത്രീകളുടെ ബുദ്ധി, കാര്യസ്വാല്യത്തെ മാത്രം ശ്രദ്ധിക്കുന്ന സ്വഭാവത്തോടുകൂടിയിരിക്കുന്നു. അതു് പലപ്പോഴും പുരുഷന്റെ ദീർഘസൂത്രത്തിന് ഒരു ഫലവത്തായ പ്രത്യൗഷധമായിത്തീരുന്നു. പുരുഷബുദ്ധിയിൽ അനേകകാര്യങ്ങൾ ഒന്നിച്ചു പതിക്കുന്നു. അതുനിമിത്തം അവ അവ്യക്തങ്ങളായി കാണപ്പെടുന്നു. സ്ത്രീബുദ്ധിയിൽ മുന്നിക്കം സംഗതികൾ മാത്രമേ പതിയുന്നുള്ളൂ. അവ എത്രയും വിശദങ്ങളായി കാണപ്പെടുന്നു. സ്ത്രീകൾ സംഗതികളുടെ പൊടിപ്പും തൊങ്ങലുമൊക്കെയും തള്ളിയുംവെച്ചു് സാരഭാഗത്തെമാത്രം ശ്രദ്ധിക്കുന്നു. ഇതുനിമിത്തം സത്യാന്വേഷണത്തിൽ പുരുഷന്മാർ വാസ്തവത്തിൽ കൊള്ളുമ്പോഴെല്ലാം സ്ത്രീകൾ തന്നെത്തന്നെ കൈക്കലാക്കിക്കഴിയുന്നു."

സ്ത്രീകളുടെ അഭിപ്രായങ്ങളും ഉപദേശങ്ങളും പലപ്പോഴും നമുക്ക് വിലയേറിയ സഹായമായിത്തീരുന്നതാണെന്നുള്ളതിനു് സംശയമില്ല. ഗാഢാലോചനയിൽ മുങ്ങി ബുദ്ധികഴങ്ങിയിരിക്കുന്ന സമയങ്ങളിലും കോപംകൊണ്ടോ മറ്റു വികാരങ്ങൾ നിമിത്തമോ നാം വിവേകശൂന്യന്മാരായിത്തീരുന്ന സന്ദർഭങ്ങളിലും നമ്മുടെ സഖികളും സഹായികളുമായി സമീപെ വർത്തിക്കുന്ന ഇവരുതന്നെയാണു് നമുക്കു് മനസ്സമാധാനം നല്കുന്നതിനും ഉൽകടനിവൃത്തി വരുത്തുന്നതിനും അത്യന്തം ഉപകരിക്കുന്നതു്. ഇതിനു് നമ്മുടെ പുരാണങ്ങൾ, ചരിത്രങ്ങൾ, സ്വന്ത അനുഭവങ്ങൾ തന്നെയും ധാരാളം ഉത്തമദൃഷ്ടാന്തങ്ങൾ നല്കുന്നതാണു്.

"വല്ലാതല്ലൽ പിണഞ്ഞാൽ
ഭവതികം പരദൈവങ്ങൾപൊയ്യല്ലപുംസാം."

എന്ന് സർ. വാൾട്ടർസ്കോട്ട് പറഞ്ഞിട്ടുള്ളതിൽ ഒട്ടും അതിശയോക്തിയുണ്ടെന്ന് പറവാൻ പാടില്ല. എല്ലാ കാര്യങ്ങളിലും വാസ്തവം ഇപ്രകാരമായിരിക്കുമ്പോൾ ഗൃഹസംബന്ധമായ കാര്യത്തിൽ ഇവരുടെ അഭിപ്രായത്തിനു പ്രത്യേകം ഒരു വിലയുണ്ടെന്ന് പറയണമെന്നില്ലല്ലൊ. ഗൃഹമാണല്ലൊ ഇവരുടെ സങ്കേതസ്ഥാനം. എന്നാൽ പ്രകൃത്യാതന്നെ ക്രമ്മതയുള്ള സ്ത്രീബുദ്ധിക്ക്; വിദ്യാഭ്യാസം കൊണ്ടുള്ള ഗുണംകൂടി സിദ്ധിക്കുന്നതായാൽ അതു് എത്രമാത്രം ശോഭിക്കുന്നതാണെന്ന് ഊഹിച്ചാൽ അറിയാവുന്നതാണ്. അതിനു് മുമ്പു് പ്രസ്താവിച്ചു് മഹാന്റെ അഭിപ്രായത്തെ ആദരിച്ചു് സ്ത്രീകളുടെ ശബ്ദത്തിനും നമുക്കും മദ്ധ്യയുള്ള മറയേ നീക്കുന്നതു് ഏറ്റവും നന്നായിരിക്കുമെന്നു തോന്നുന്നു. സ്വാതന്ത്ര്യംകൊണ്ടു് ദോഷമൊ ഗുണമൊ ഉണ്ടാകുന്നതെന്നു് സംശയിച്ചിരിക്കുന്നവക്കും ഗൃഹത്തിൽതന്നെ ഇവക്കു് ആദ്യമായി സ്വാതന്ത്ര്യം കൊടുത്തുനോക്കി സംശയനിവൃത്തി വരുത്താവുന്നതാണല്ലൊ. സ്ത്രീകൾക്കു് ഗൃഹത്തിൽ ഒരു മാന്യസ്ഥാനം നല്കുന്നതുകൊണ്ടു് അവക്കുതന്നെ ആ സ്ഥാനത്തിന്റെ ഗൌരവത്തെക്കുറിച്ചു് ഒരു വിശേഷബോധം ജനിക്കുന്നതിനും തൽസംബന്ധമായ കൃത്യങ്ങളെ പൂർവ്വാധികം ശ്രദ്ധയോടും താൽപ്പര്യത്തോടും ചെയ്യുന്നതിനും ഇടയുള്ളതാകുന്നു. ഇതുകൂടാതെ "സകല സൽഗുണങ്ങൾക്കും മൂലകല്ലായിരിക്കുന്ന" ആത്മാഭിമാനവും ഇവക്കുണ്ടാകുന്നതാണ്.

സ്ത്രീകൾക്കു് തങ്ങളുടെ ഗൃഹത്തിനു് വെളിയിൽ സഞ്ചരിക്കുന്നതിനുള്ള സ്വാതന്ത്ര്യവും മിതമായി അനുവദിക്കേണ്ടതാണ്. ചില അന്തസ്സുള്ള തറവാടുകളിലെ

സ്ത്രീകൾ ഗൃഹത്തിനു വെളിയിൽ പോയിക്കൂടാ എന്നുള്ള ഏർപ്പാട് ഇപ്പോഴും രേഖാമാത്രംപോലും തെറ്റാതെ നടത്തിക്കൊണ്ടുപോരുന്നവർ പലരും ഉണ്ട്. ഇങ്ങിനെയുള്ള ഏർപ്പാടിനു് പൂർവ്വകാലങ്ങളിൽ വല്ല ആവശ്യവും ഉണ്ടായിരുന്നിരിക്കാം. എന്നാൽ, ഇപ്പോൾ ഇപ്രകാരമുള്ള ആവശ്യം അതു വെളിവായിക്കാണുന്നില്ല. വീട്ടിന്റെ അതിരിനപ്പുറവും ലോകം ഉണ്ടെന്നാ എന്നതന്നെ ഇവർക്കു് സംശയം തീർന്നിട്ടില്ലെന്നാണു് തോന്നുന്നതു്. ഈ സംശയത്തിനും നിവൃത്തി വരുത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. 'ലോകപരിചയം' മനുഷ്യനു് ഏറ്റവും ആവശ്യമായ ഒരു ഗുണമാണു്. വിദ്യാഭ്യാസത്തിന്റെ പരിപൂർണ്ണതയും ഇതുകൊണ്ടാണു് പ്രാപിക്കേണ്ടതു്. ലോകത്തിലുള്ള ദോഷമാർഗ്ഗങ്ങളിൽനിന്നും ഒഴിഞ്ഞു നിൽക്കുന്നതിനും പൂർണ്ണമായ ലോകപരിചയം സിദ്ധിക്കുന്നതും അത്യാവശ്യമാണല്ലൊ. തങ്ങളുടെ മിത്രങ്ങളുടേയും പരിചയക്കാരുടേയും സംഖ്യ വർദ്ധിപ്പിക്കുന്നതുകൊണ്ടു് ഇവർക്കു് ഒരു വിശേഷവിദ്യാഭ്യാസത്തിന്റെ ഫലം ലഭിക്കുന്നു. ഇവരുമായിട്ടുള്ള വാദംകൊണ്ടും സംവാദംകൊണ്ടും മനുഷ്യസ്വഭാവത്തേയും മറുകായ്ങ്ങളേയുംകുറിച്ചു് സ്ത്രീകൾക്കുള്ള അനേകം അബദ്ധബോധങ്ങൾ നീങ്ങിപ്പോകുന്നതിനിടയുണ്ടു്. തങ്ങളെക്കാൾ ഉയർന്നനിലയിലും താണസ്ഥിതിയിലും മനുഷ്യർ ഉണ്ടെന്നുള്ള അറിവു് നമ്മിൽ അനഹംഭാവം, ഭ്രതദയ, കരുണ മുതലായ ഗുണങ്ങൾ ജനിപ്പിക്കുന്നു. ഭവനത്തിൽ മാത്രമല്ല, സമുദായത്തിലും ലോകത്തിലും ഇവർക്കു് ഒരു ഗണനീയമായ സ്ഥാനം ഉണ്ടെന്നു് ഇവർക്കു് മനസ്സിലാക്കുന്നതിനും സൌകര്യം ലഭിക്കുന്നു. ഇപ്രകാരമുള്ള ഒരുബോധം ഉണ്ടായാൽ മാത്രമേ സ്ത്രീകൾക്കു് അവരുടെ മഹിമയേറിയ കൃത്യങ്ങളെ പൂർണ്ണമായുംശരിയായും നി-

വ്വഹിക്കുന്നതിന് സാധിക്കയുള്ളൂ. 'കണ്ടുംകേട്ടും പഠിക്കുക, എന്നുള്ളതും ഒരു വിധം പുറമേയുള്ള സഞ്ചാരംകൊണ്ടുമാത്രം ഉണ്ടാകാവുന്നതുമാണ്. പുരുക്കിപ്പറഞ്ഞാൽ ഒരു സ്കൂളിൽ നിന്നും അഞ്ചോ ആറോ കൊല്ലംകൊണ്ടു് സമ്പാദിക്കാവുന്നതിൽ നൂറുമടങ്ങ് അറിവു് അല്പകാലത്തെ ലോകപരിചയംകൊണ്ടു് ലഭിക്കുന്നതാകുന്നു. നേരിട്ടുള്ള അറിവിന് പുസ്തകം മുഖേനയുള്ള അറിവിനെക്കാൾ ക്ലൃപ്തത, ദൃഢതയും സ്പഷ്ടതയും ഉണ്ടായിരിക്കുന്നതുമാണല്ലൊ. ബുദ്ധിക്കും ഹൃദയത്തിനും വിശാലത സിദ്ധിക്കുന്നതിനും ഇപ്രകാരമുള്ള സഞ്ചാരം ഉപയോഗപ്പെടുന്നതാണു്. സമസ്തപ്രാണങ്ങളോടുള്ള സ്നേഹം, ഭ്രൂതദയ ഇവയെക്കൊണ്ടു് ഹൃദയവും ജ്ഞാനസമ്പാദനംകൊണ്ടു് ബുദ്ധിയും വികസിക്കുന്നു.

സ്ത്രീസമാജങ്ങൾ ഇപ്പോൾ പല സ്ഥലങ്ങളിലും ഏർപ്പെട്ടുത്തി നടത്തിവരുന്നതായി കാണുന്നുണ്ടല്ലൊ. ഇവ സ്ത്രീകൾക്കു ലഭിച്ചുതുടങ്ങിയ സ്വാതന്ത്ര്യത്തിന്റെ ലക്ഷണങ്ങളായി വിചാരിക്കേണ്ടതാണു്. ഇത്തരം സമാജങ്ങൾ ഉത്തമരീതിയിൽ നടത്തുന്നതായാൽ ഇവകൊണ്ടു് വളരെ ഗുണങ്ങളുണ്ടാവാൻ ഇടയുണ്ടു്. എന്നാൽ, കേവലം അലങ്കാരത്തിനോ ആഡംബരത്തിനോ മാത്രം ആയിരുന്നാൽ ഇവ നിഷ്പ്രയോജകങ്ങളായിത്തന്നെ പരിണമിക്കുന്നതാണു്. നമുക്കു് ഇപ്പോൾ ഉള്ള ഒരു വലിയ ന്യൂനത ബാഹ്യപരിഷ്കാരത്തിലുള്ള ഭ്രമമാണു്. ഉള്ളെങ്ങിനെയിരുന്നാലും പുറം ഒക്കെയും അല്പം യൂറോപ്യൻ ഖാർണീഷിട്ടു് മിനുക്കിയാൽ മതിയായി എന്നാണു് നമ്മുടെ ഭാവം. ഇപ്രകാരമുള്ള ഒരു വിചാരം സ്ത്രീകളിലും വന്നുകൂടാൻ എളുപ്പമുണ്ടു്. ഇതിനു് ഇടകൊടുക്കാതിരിക്കാൻ കഴിയുന്നതും നാം ശ്രമിക്കേണ്ടതാണു്. സദ്വൃത്തി, സൽസ്വഭാവം, ബുദ്ധിസംസ്കരണം

ഇവയിലാണ് നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതു്. ആന്തര പരിഷ്കാരം ഉണ്ടായാൽ ബാഹ്യപരിഷ്കാരം താനെതന്നെ വന്നുകൊള്ളും. അതുകൊണ്ടു് സ്ത്രീസമാജങ്ങൾമേൽപറഞ്ഞ ഉദ്ദേശ്യസിദ്ധിക്കനുരൂപമായവിധത്തിൽ പ്രവർത്തിക്കേണ്ടതാണു്. സമാജത്തിന്റെ ഓരോ യോഗത്തിലുംവെച്ചു് തനിക്കു് വിശേഷമായ ഒരറിവു് ലഭിക്കയൊ, ഒരു തെറ്റായ ബോധം നീങ്ങുകയോ, ഒരു ദുശ്ശീലം മാറുകയൊ ചെയ്യേണമെന്നു് ഓരോ അംഗങ്ങൾക്കും നിർബ്ബന്ധമുണ്ടായിരുന്നാൽ സമാജം സർവ്വഥാ ഉന്നപ്രദമായിത്തീരുന്നതാണു്.

൧൦. സ്ത്രീകളും ചില അവകാശങ്ങളും.

വിദ്യാഭ്യാസവും പരിഷ്കാരവും വർദ്ധിച്ചുവരുന്തോറും ജനങ്ങൾ തങ്ങളുടെ അവകാശങ്ങളെ അറിഞ്ഞു് അവയെ സമ്പാദിക്കുന്നതിനു് ശ്രമിക്കുന്നതു് സ്വാഭാവികമാണല്ലൊ. ലോകത്തിൽ നടക്കുന്ന സകല വാദങ്ങളും യുദ്ധങ്ങളും ഒക്കെ അവകാശത്തിനുവേണ്ടി ചെയ്യപ്പെടുന്നവയാണു്. ഇപ്പോൾ തെക്കെ ആഫ്രിക്കയിൽ നടക്കുന്ന വാദവും ഇതെപ്പറ്റിത്തന്നെയുള്ളതാണല്ലൊ. ഇങ്ങിനെയിരിക്കെ നമ്മുടെസഹോദരിമാർഇതിലേയ്ക്കു പുറപ്പെടുന്നതിനെപ്പറ്റി അത്ഭുതപ്പെടുവാനൊന്നുമില്ലെന്നാണു് തോന്നുന്നതു്. അഹിതയുള്ള അവകാശങ്ങളെനല്കുന്ന വിഷയത്തിൽവൈമനസ്യം പ്രദർശ്ശിപ്പിക്കയും എതിർത്തു നില്ക്കയും ചെയ്യുന്നതു് ആക്ഷേപയുക്തമല്ലെന്നതന്നെയല്ല, അതു് കാലക്രമത്തിൽ സാദ്ധ്യമല്ലാതെയും വന്നുകൂടാനിടയുള്ളതാകുന്നു. യഥാർത്ഥത്തിൽ അർഹതയുള്ളവയാണെങ്കിൽ ഒടുവിൽ കൊടുത്തുതീ-

ന്നെതീരണം. എന്നാൽ, അവകാശങ്ങൾ കിട്ടുന്നതിന്—മുമ്പുതന്നെ തങ്ങൾക്ക് ലഭിക്കേണ്ടുന്ന അവകാശങ്ങൾ ഇന്നവയാണെന്നും ലഭിച്ചാൽ അവയെ ശരിയായവിധത്തിൽ ഉപയോഗപ്പെടുത്താൻ തങ്ങൾക്ക് ശേഷിയുണ്ടോ എന്നും അല്പം ആലോചിക്കേണ്ടതായിട്ടുണ്ട്. പുരുഷന്മാർക്കുള്ള സകല അവകാശങ്ങളും തങ്ങൾക്കും ലഭിക്കണമെന്നും അവർ പ്രവേശിച്ചുവരുന്ന എല്ലാ തൊഴിലുകളിലും തങ്ങൾക്കും പ്രവേശനം വേണമെന്നും അവർ വഹിക്കുന്ന സ്ഥാനങ്ങൾ തങ്ങൾക്കും ലഭിക്കണമെന്നും വനിതാവർഗ്ഗത്തിൽ ചിലർ ശഠിക്കുന്നതിന്റെ ഔചിത്യത്തെപ്പറ്റി പലർക്കും വലിയ സംശയമുണ്ട്. മനുഷ്യകായ്യങ്ങൾ അകപ്പാടെ എടുത്തുനോക്കിയാൽ, അവയിൽ ചിലവ സ്ത്രീകൾക്കുമാത്രവും ചിലവ പുരുഷന്മാർക്കുമാത്രവും പുരുക്കം ചിലവ സ്ത്രീകൾക്കൊ പുരുഷന്മാക്കൊ നിർവ്വഹിക്കത്തക്കവയുമായിട്ടുമാണ് വിഭജിക്കപ്പെട്ടിരിക്കുന്നത് എന്നുകാണപ്പെടും. ഇപ്രകാരമുള്ള വിഭാഗം പ്രകൃതിതന്നെ നിശ്ചയിച്ചിട്ടുള്ളതാണെന്ന് വിചാരിപ്പാൻ കാരണങ്ങൾഇല്ലാതില്ല. ഇവയിന്നവയെല്ലാമാണെന്ന് സാമാന്യംഎല്ലാവർക്കും അറിയാവുന്നതുകൊണ്ട് അവയെ ഇവിടെ എടുത്തു പറയണമെന്ന് വിചാരിക്കുന്നില്ല.

ഇപ്രകാരം പ്രകൃതിയാൽതന്നെ സ്ഥാപിക്കപ്പെട്ടിട്ടുള്ള അതൃത്തികളെ ലംഘിച്ച് അവകാശപ്രാപ്തിക്ക് ഇച്ഛിക്കുന്നതു്, തെറ്റിദ്ധാരണകൊണ്ടൊ, അഥവാ, അവ്യക്തജ്ഞാനംകൊണ്ടൊ അപൂർണ്ണജ്ഞാനംകൊണ്ടൊ ആയിരിക്കാമെന്ന് തോന്നുന്നു. "ദൂരസ്ഥിതങ്ങളായ വസ്തുക്കൾക്ക് അവയ്ക്കുള്ളതിലധികം രമ്യതയുണ്ടെന്ന് നമുക്ക് തോന്നുന്നതു് സാധാരണയാണു്." അതുപോലെതന്നെ അന്യന്റെ ചുമലിൽ ഇരിക്കുന്നതായ ഭാരം നമുക്ക് വളരെ ലഘുവായി

തോന്നുന്നതും സാധാരണയാണല്ലൊ. സകല സ്ഥാനങ്ങൾക്കും തൊഴിലുകൾക്കും അവയ്ക്ക് തക്കതായ ചുമതലകളും ക്ലേശങ്ങളും ഉണ്ട്. സ്ഥാനപ്രാപ്തിയ്ക്കുവേണ്ടി പ്രയത്നപ്പെടുന്നവർ ഓരോ വക ക്ലേശങ്ങളേയും ചുമതലകളേയും കൂടി സഹിക്കുന്നതിനും വഹിക്കുന്നതിനും തയ്യാറായിരിക്കേണ്ടതാണ്. എന്നു തന്നെയല്ല, അവരവർക്ക് സ്വയമായുള്ള അവകാശങ്ങളെ ശരിയായി ഉപയോഗിച്ചതിൻെറശേഷം വേണം മറ്റവകാശങ്ങളെ നേടാൻ ശ്രമിക്കുന്നതും. ഇപ്രകാരം ചെയ്യുകഴിഞ്ഞിട്ട് തങ്ങൾക്ക് അവസരവും ശേഷിയും ഉള്ളപക്ഷം മറ്റവകാശങ്ങളുടെ പ്രാപ്തിക്കായി യത്നിക്കുന്നതു ഒരുവിധം നന്നായിരിക്കും. തങ്ങളുടെ തലയിലിരിക്കുന്ന ഭാരം ദൂരെ എറിഞ്ഞുംവച്ച് അന്യരുടെ ചുമലിലിരിക്കുന്നതിനെ വഹിക്കാൻ പോകുന്നതു എന്തിനാണെന്ന് നല്ല നിശ്ചയമില്ല. ഒരംശവരുത്തമായും അനായാസമായുമുള്ള ഒരവകാശം തങ്ങൾക്കിരിക്കെ അതിനെ മറന്നൊ, വകവയ്ക്കാതെയൊ നിസ്സാരങ്ങളായവയിലേയ്ക്ക് ദൃഷ്ടി ചെലുത്തുന്നതു ഒരുമാതിരി അബദ്ധമാണെന്നാണ് തോന്നുന്നതു. പുരുഷന്മാർ ഏതുപ്രകാരം ലോകത്തിൽ വർത്തിക്കണമെന്നും പ്രവൃത്തിക്കണമെന്നും തീർച്ചയാക്കാനുള്ള പൂർണ്ണ അവകാശം സ്ത്രീകൾക്കിരിക്കുമ്പോൾ എന്തിനാണ് തങ്ങൾതന്നെ ഓരോ സ്ഥാനങ്ങളിൽ ചാടിക്കയറണമെന്ന് വിചാരിക്കുന്നതു. പാവകളാകാൻ വല്ലവരും ഇച്ഛിക്കുമോ? പ്രേരണാശക്തി പൂർണ്ണമായി കൈവശം ഇരിക്കുമ്പോൾ അവയ്ക്ക് വശഗന്മാരായി പ്രവർത്തിക്കുന്നവരുടെ സ്ഥാനത്തിൽ പ്രവേശിക്കണമെന്നാഗ്രഹിക്കുന്നതു എന്തിനാണ്?

നിങ്ങളുടെ കൈകൊണ്ട് പോഷിക്കപ്പെടുന്നവരും, നിങ്ങളുടെ ഉപദേശംകൊണ്ട് നയിക്കപ്പെടുന്നവരും, നിങ്ങ-

ളുടെ ശാസനകൊണ്ടു് ഭരിക്കപ്പെടുന്നവരും, നിങ്ങളുടെ ആകർഷണശക്തിയുടെ വ്യാപ്തിയിൽ നിന്നു് ഒഴിയാൻ പാടില്ലാത്തവരുമായ പുരുഷന്മാരുടെ നിസ്സാരമായ നിലയെ പ്രാപിക്കുന്നതിനു് നിങ്ങൾ എന്തിനിച്ഛിക്കുന്നു? ഇവരോടാണോ നിങ്ങൾ മത്സരിക്കാൻ പോകുന്നതു്.? നിങ്ങളുടെ ശക്തി എത്രമാത്രമുണ്ടെന്നു് നിങ്ങൾ ആലോചിച്ചു നോക്കാത്തിട്ടാണു് ഇങ്ങിനെ ഭ്രമിക്കുന്നതു്. ശരിയായ വിദ്യാഭ്യാസംകൊണ്ടു് നിങ്ങൾക്കുള്ള ഒരം വിലയേറിയ അവകാശത്തിന്റെ സൂക്ഷ്മസ്വഭാവം ഗ്രഹിക്കയും, നിങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന വിശിഷ്ടശക്തിയെ പ്രബലപ്പെടുത്തുകയും, പ്രേരണയെ പരിശുദ്ധമാക്കുകയും, കൃത്യബോധത്തെ സുസ്ഥിരമാക്കുകയും, ഗ്രഹത്തിൽ നിങ്ങൾക്കുള്ള സ്ഥാനത്തെ ഉയർത്തുകയും ചെയ്യുന്നതായിരുന്നാൽ നിങ്ങൾക്കു് ലോകത്തിൽ എന്താണു് അസാദ്ധ്യം? ലോകത്തിന്റെ ഉൽഗതിക്കുള്ള ശ്രമത്തിൽ തോളിനുതോൾചേർത്തുനിന്നു് പ്രയത്നിക്കേണ്ടതായ ഇരുകൂട്ടക്കാരും എതിരാളികളെന്ന നിലയിൽ നിന്നു് മത്സരിക്കുന്നതായാൽ ലോകത്തിനു് അഭ്യുന്നതി ഉണ്ടാകുന്നതെങ്ങിനെ? ഒരേവഴിക്കു് പോകേണ്ടതായ രണ്ടു് ജലപ്രവാഹങ്ങൾ ഒന്നിനൊന്നെതിരായി പ്രവഹിക്കുന്നതായാൽ അവ രണ്ടിന്റേയും ശക്തി നശിക്കുന്നതല്ലാതെ വല്ല ഫലവും സിദ്ധിക്കുമൊ? സ്ത്രീകൾക്കു് ഉദ്യോഗം വഹിക്കുന്നതിനൊ ലോകകാര്യങ്ങൾ നടത്തുന്നതിനൊ രാജ്യം ഭരിക്കുന്നതിനൊ ശേഷിയില്ലെന്നു് ആരും പറയുമെന്നു് തോന്നുന്നില്ല. പറഞ്ഞാൽതന്നെയും പ്രത്യക്ഷദൃഷ്ടാന്തങ്ങൾ അതിനെ നിഷേധിക്കതന്നെ ചെയ്യും. പക്ഷെ, ഗുരുതരങ്ങളായ സ്വകൃത്യങ്ങളെ ഉപേക്ഷിച്ചുംവച്ചു് ഇതിനു് പുറപ്പെടുന്നതു് എത്രമാത്രം യുക്തമാണെന്ന മാത്രമേ സംശയമുള്ളൂ.

എന്നാൽ, വിവാഹബന്ധം ലഭിക്കാതെയും ആവഴിക്ക് യാതൊരു ചുമതലയും ഇല്ലാതെയും അനേകം സ്ത്രീകൾ ഇപ്പോൾ എല്ലാ സമുദായങ്ങളിലും, എല്ലാരാജ്യങ്ങളിലും ഉണ്ടല്ലോ. ഇവരുടെ ഗതിയെന്താണ്? ഇതു് ഇരുപതാം നൂറ്റാണ്ടിൽ, ഇന്നല്ലെങ്കിൽ നാളെ, പ്രത്യാലോചിച്ചു് നിവൃത്തി സമ്പാദിക്കേണ്ടതായ ഉപ്പടവിഷയങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണു്. ജനസംഖ്യയുടെ വൽനകൈാണ്ടും മറ്റനേകം നിർണ്ണയിക്കപ്പെട്ടവയും അല്ലാത്തവയുമായ കാരണങ്ങൾകൊണ്ടും ഇതുപോലെതന്നെ വിഷമങ്ങളായ അനേകം സാമുദായികകാര്യങ്ങൾ ഇപ്പോൾ സമുദായ നേതാക്കന്മാരുടേയും രാജ്യതന്ത്രജ്ഞന്മാരുടേയും കൈകളിൽ നിന്നു് നിവൃത്തി സമ്പാദിക്കുന്നതിനായി കാത്തിരിക്കുന്നുണ്ടു്. ലോകത്തിന്റെ ഗതി ഇവരുടെ ആലോചനാശക്തിക്കു് എത്തുപെടാൻ വഹിയാത്തവിധം വേഗത്തെ അവലംബിച്ചിരിക്കുന്നു. എങ്കിലും, എല്ലാകാര്യങ്ങളും വിഷമഘട്ടത്തിൽ എത്തുമ്പോൾ അവതന്നെ നിവൃത്തി സമ്പാദിക്കുന്നതു് ലോകത്തിലെ പതിവാണെന്നു് വിചാരിച്ചുശ്വസിക്കാം.

൮൮. ഗ്രന്ഥങ്ങളും ഗ്രന്ഥശാലകളും.

വിദ്യാഭ്യാസപ്രചാരത്തിനുതകുന്നതായ പല ഏർപ്പാടുകളും ലോകത്തിൽ ഉണ്ടു്. വിദ്യാലയങ്ങൾ, സമാജങ്ങൾ, വായനശാലകൾ, വർത്തമാനപ്പത്രങ്ങൾ, മാസികകൾ, ഗ്രന്ഥശാലകൾ ഇവയൊക്കയും പലവഴിക്കാണെങ്കിലും ഒരേ വിഷയത്തിൽതന്നെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ശക്തികളാണു്. ഇവയിൽവച്ചു് "ഗ്രന്ഥശാലകൾ" ഒട്ടും അപ്രധാ-

നമല്ലാത്ത ഒരു ഭാഗം വഹിക്കുന്നുണ്ടെന്നുള്ളതിന് സംശയമില്ല. ഇവയിൽനിന്നും ഉണ്ടാകുന്ന ഗുണങ്ങളും തരത്തിലും അളവിലും ഏറക്കുറെ വ്യത്യാസപ്പെട്ടിരുന്നാലും, ബുദ്ധിവികാസത്തിനും ജ്ഞാനാഭിവൃദ്ധിക്കും ഇവകളെല്ലാം ഒന്നുപോലെ അനുകൂലികളായിത്തന്നെയിരിക്കുന്നു. വിദ്യാഭ്യാസത്തിനു നാം അധികമായി ആശ്രയിക്കുന്നത് വിദ്യാലയങ്ങളാണ്. ഇവിടെ നാം വിദ്യാസമ്പാദനമാണ് ചെയ്യുപോരുന്നതെന്നും നാം വിചാരിച്ചുവരുന്നു. എന്നാൽ, വാസ്തവം നോക്കുന്നതായാൽ ഇവിടെ നാം ചെയ്യുന്നതു് സമയമേവ, വിദ്യയെ സമ്പാദിക്കുന്നതിനു് വേണ്ടതായ ശക്തിയെ സമ്പാദിക്കുമാത്രമാണു്. നാം വിദ്യാലയങ്ങളിൽനിന്നും പുറത്തുവരുന്നതു് "അഭ്യസ്തവിദ്യന്മാരെ"ന്നനിലയിലാണു്. യഥാർത്ഥത്തിൽ നാം "ആരംഭവിദ്യന്മാർ" മാത്രമേ ആയിരിക്കുന്നുള്ളൂ. ഒരു സ്ഥിതിയിലാണു് നാം അല്പമായി തൊഴിലുകളിലൊ, അധികമായി ഉദ്യോഗത്തിലൊ, ചാടിവീഴുന്നതു്. നിത്യവൃത്തിക്കും മറ്റും വേണ്ടി നമുക്കിപ്രകാരം ചെയ്യാതിരിക്കാനും നിവൃത്തിയില്ല. ഒരു സ്ഥിതിയിൽ നമ്മിൽ പലരുടേയും വിദ്യാഭ്യാസത്തിന്റെ പരിധി, വിദ്യാലയത്തിൽവച്ചു് പ്രാപിച്ച കാര്യത്തിൽ തന്നെ യിരിക്കുന്നതല്ലാതെ അല്പമെങ്കിലും വിസ്താരം പ്രാപിക്കുന്നില്ല. നമ്മുടെ തൊഴിൽവഴിക്കു് നേരിട്ടുന്ന ജ്ഞാനശകലങ്ങളെ നാം അല്പമല്പമായി സംഭരിക്കുന്നുണ്ടായിരിക്കാം. എന്നാൽ, ഇതുകൊണ്ടുമാത്രം ബുദ്ധിക്കാവശ്യമായ വിശാലതയൊ വികാസമൊ സിദ്ധിക്കുവാൻ തരമില്ല. "മനുഷ്യരെല്ലാവരും അവരുടെ തൊഴിലുകൾക്കടിമകളാണു്." തൊഴിലുകൾ നയിക്കുന്ന ഇടുക്കുവഴിയെയല്ലാതെ ബുദ്ധി സഞ്ചരിക്കയില്ല. ഇങ്ങിനെ നമുക്കു് ഒരു പ്രകാരത്തെന്നുകിലും, മറ്റൊരുപ്രകാരം അനഭിലഷണീയമായ, ഒരു

ഏകാഗ്രചിത്തതപം വന്നുകൂടുന്നു. എന്നാൽ, ഒരു സ്ഥിതി സ്വഭാവേനുണത്തിനാകട്ടെ, ജ്ഞാനസമ്പാദനത്തിനാകട്ടെ, ഉതകുന്നതല്ല. ഇങ്ങിനെയുള്ള ബുദ്ധിക്കു് അതിന്റെ മുമ്പിൽ സമർപ്പിക്കപ്പെടുന്ന ഏതുകാര്യത്തെ സൂക്ഷ്മമായിച്ചും നിഷ്പക്ഷിണ്യമായ ഗുണദോഷവിവേചനം ചെയ്യുന്നതിനു് ശക്തിയുണ്ടാവാൻ തരമില്ല. നാലുവശത്തുനിന്നും ഒരു കാര്യത്തെ പര്യാലോചിയ്ക്കുന്ന ബുദ്ധിയ്ക്കു് യഥാർത്ഥസ്ഥിതി ഗ്രഹിക്കാൻ സാധിക്കയുള്ളു. ജ്ഞാനത്തിനു് പരപ്പുണ്ടാകുന്നതു് അതുകൊണ്ടു് ബുദ്ധിക്കും ഒരു മാതിരി പരപ്പുണ്ടായാലേ സൂക്ഷ്മഗ്രഹണത്തിനുതകുകയുള്ളു. അതിനാൽ തൊഴിൽമൂലം വന്നുകൂടാവുന്ന ബുദ്ധിയുടെ ഒതുക്കം അല്ലെങ്കിൽ വിസ്താരക്കുറവിനു് അപ്പപ്പോൾ പരിഹാരം ചെയ്യേണ്ടതായിരിക്കുന്നു. ഇതിനു് ഗ്രന്ഥപാരായണം ഒരു നല്ല പ്രത്യൗഷധമാണു്. ഒരു ഭൃത്യസ്വഭാവിട്ടുള്ളായ മനുഷ്യനു് "ഒരു വിഷയത്തിൽ പൂർണ്ണജ്ഞാനവും എല്ലാവിഷയങ്ങളിലും സാമാന്യ ജ്ഞാനവും" വേണ്ടതാണെന്നാണു് പല മഹാന്മാരുടേയും അഭിപ്രായം. ഇതു് ഒരാദർശമായി മുമ്പിൽ വയ്ക്കാമെന്നല്ലാതെ, രണ്ടും മനുഷ്യനു് സാധിക്കത്തക്കതാണെന്നു് തോന്നുന്നില്ല. എങ്കിലും, ഇതിനെ ലാക്കുക്കിക്കൊണ്ടു് പ്രവർത്തിക്കുന്നതു് എല്ലായ്പോഴും നന്നായിരിക്കും. ഇക്കാര്യത്തിലാണു് ഗ്രന്ഥശാലകളുടെ ഒഴിച്ചുകൂടാത്ത ആവശ്യം നമുക്കു് നേരിട്ടുന്നതു്. ഓരോ തൊഴിലാളികളും അവരുടെ ഒഴിവുസമയത്തെ വിഷയാന്തരങ്ങളിൽ വ്യയംചെയ്യുന്നതു് ഒരുവിധം വിശ്രമവും, അല്പജ്ഞതക്കു് പ്രത്യൗഷധവും, ബുദ്ധിയുടെ വിശാലതയ്ക്കു് അനുകൂലവും ഒരുമാതിരി വിനോദവും ആയിരിക്കും. ഗ്രന്ഥശാല ഒരു മാഹാത്മ്യത്തോടുകൂടിയ സ്ഥാപനമാണു്. ഇവയ്ക്കു് പാശ്ചാത്യന്മാരുടെ ഇടയിലുള്ളതുപോലെയുള്ള

വില നാം വയ്ക്കുന്നില്ല. ഇതു്, പക്ഷെ, നമ്മുടെ അജ്ഞതകൊണ്ടായിരിക്കാം. ഗ്രന്ഥപാരായണവിഷയത്തിലും നാം പിന്നോക്കം തന്നെയാണു്; പാശ്ചാത്യന്മാക്കു് ഒരുറച്ച ശീലവും ഒഴിക്കാൻ പാടില്ലാത്ത ആവശ്യവുമായിരിക്കുന്നതു്, നമുക്കു് കേവലം ഒരു അപൂർവ്വസുഖാനുഭവം മാത്രമാണു്. മഹൽബുദ്ധികളുടെ വിശിഷ്ടഭോഗങ്ങളുമായിട്ടുള്ള സംസർഗ്ഗം നമ്മെ എത്രമാത്രം ഉയർത്തുന്നതിനു് കാരണമായിരിക്കുന്നു എന്നു് പറവാൻ പ്രയാസമാണു്. ഗ്രന്ഥശാലകൾ നമ്മെ സീമാതീതമായ വിചാരഭൂമിയിലേയ്ക്കു് വഴി തുറന്നുവിടുന്നു. ഗ്രന്ഥങ്ങൾ മനുഷ്യവിചാരത്തിന്റെ ഓരോ പടുതികളിൽക്കൂടി നമ്മെ നയിക്കയും, മനുഷ്യരുടെ വിവിധാനുഭവസരത്തിൽ കൂടി നമ്മെ നീന്തിക്കയും, മനുഷ്യാലോചനകളുടെ അധീത്യകളിലേയ്ക്കു് നമ്മെ ഉയർത്തുകയും ചെയ്യുന്നു. ഗ്രന്ഥങ്ങൾ ഒരു ചുട്ടിക്കാരന്റെ ദൃഷ്ടിയിൽ കേവലം കടലാസും മഷിയും തുകലും മാത്രമാകുന്നു. ഒരു കച്ചവടക്കാരനു് അതു് ഒരു വ്യാപാരസാധനം മാത്രമാകുന്നു. എന്നാൽ, ജിജ്ഞാസയോടുകൂടിയ ഒരു വായനക്കാരനു് അവ അനഘങ്ങളായ രത്നങ്ങൾ അടങ്ങിയ സംപുടങ്ങൾ ആകുന്നു. ഒരു ഗ്രന്ഥശാലയാണു് യഥാർത്ഥ സൂക്ഷ്മകലാശാലയെന്നു് കാർലൈയിൽ എന്ന മഹാൻ പറഞ്ഞിരിക്കുന്നു. "ഭൂതകാലത്തിന്റെ ജീവൻ മുഴുവനും ഗ്രന്ഥങ്ങളിൽ കിടക്കുന്നു." മനുഷ്യർ വിചാരിച്ചിട്ടുള്ളതും പ്രവർത്തിച്ചിട്ടുള്ളതും സമ്പാദിച്ചിട്ടുള്ളതും ആയിരുന്നിട്ടുള്ളതു് എല്ലാം ഗ്രന്ഥങ്ങളുടെ ഉള്ളിൽ സംരക്ഷിക്കപ്പെട്ടിരിക്കുന്നു. ഇവയാണു് മനുഷ്യവർഗ്ഗത്തിന്റെ വിശിഷ്ടസത്തു് എന്നു പറയാവുന്നതു്. ഒരു ഗ്രന്ഥശാല എല്ലാംകൊണ്ടും പുണ്യഭൂമിയാണു്. നാം പരിശുദ്ധമായ മനസ്സോടുകൂടി വേണം അതിൽ പ്രവേശി-

ക്കാൻ. ഇതാണ് ലോകത്തിലുണ്ടായിട്ടുള്ള അഞ്ചുറീരികളായ മഹാന്മാരുടെ വാസസ്ഥലം. ഒരു രാജാവ് ഗ്രന്ഥശാലയുടെ സൂക്ഷിപ്പുകാരനായിരിക്കാൻ ഇച്ഛിച്ചതു് അത്ഭുതമല്ലല്ലോ.

ഗ്രന്ഥശാലകൾകൊണ്ടും ഗ്രന്ഥപാരായണംകൊണ്ടും ഉണ്ടാകാവുന്ന ഗുണങ്ങളെപ്പറ്റി ഇവിടെ സവിസ്തരം പ്രസ്താവിക്കണമെന്നു് ഞാൻ വിചാരിക്കുന്നില്ല. അതു് ഒരിക്കൽ പറയുകഴിഞ്ഞു. എന്നാൽ, ഇതേപ്പറ്റി ഒരു സംഗതി മാത്രം പറഞ്ഞുകൊള്ളട്ടെ. മറ്റൊരു ഗുണവും സമ്പാദിക്കാൻ കഴിഞ്ഞില്ലെങ്കിലും അവയിൽനിന്നും ഉൽകൃഷ്ടങ്ങളായ ആദർശങ്ങൾ നാം ഗ്രഹിക്കേണ്ടതാണു്. ലോകത്തിൽ ഉണ്ടായിട്ടുള്ളതും ഉണ്ടായിക്കൊണ്ടിരിക്കുന്നതുമായ പരിഷ്കാരങ്ങൾ ഒക്കെയും ആദർശപ്രാപ്തിക്കായി മനുഷ്യർ ചെയ്യുന്ന ശ്രമത്തിന്റെ ഫലങ്ങളാകുന്നു. ആദർശങ്ങൾ പ്രായേണ മനുഷ്യരാൽ അപ്രാപ്യങ്ങളാണെങ്കിലും അവയുടെ സാമീപ്യം ഏറക്കുറെ നമുക്കു് പ്രാപിക്കത്തക്കവയാണു്. ആദർശങ്ങൾ ഇല്ലാത്ത മനുഷ്യർ ആരുംതന്നെ ഉണ്ടായിരിക്കയില്ല. കേവലം മൃഗപ്രായനായ വനചരൻതൊട്ടു് ദിവ്യജ്ഞാനമുള്ള മഹാത്മാക്കൾവരെ ഓരോ പടിയിലും ഉള്ള മനുഷ്യർക്കും തരത്തിനുതരം ആദർശങ്ങൾ ഉണ്ടായിരിക്കും. ഇവയെ ആവശ്യംപോലെ ഉയർത്തിയും ഭേദപ്പെടുത്തിയും ശരിയാക്കുന്നതാണു് വിദ്യാഭ്യാസത്തിന്റെ ഒരു പ്രധാനമായ ഉദ്ദേശ്യം. ഗ്രന്ഥപാരായണത്തിൽനിന്നും നമുക്കു് ലഭിക്കാവുന്ന ഗുണങ്ങളിൽ പ്രധാനമായിട്ടുള്ളതു് ഇതുതന്നെയാണു്. ഗ്രന്ഥപാരായണവിഷയത്തിലും നാം ചില നിയമങ്ങൾ അനുകരിക്കേണ്ടതായിരിക്കുന്നു. "അധികം വായിക്കണം; എന്നാൽ; അധികം വായിക്കരുതെ"ന്നുള്ള സാരോപദേശത്തെ സ്വീകരിക്കുന്നതു് നന്നായിരി-

ക്കുമെന്നു് തോന്നുന്നു. അനേകം പുസ്തകങ്ങൾ വായിക്കാതെ, വായിക്കുന്ന പുസ്തകം പല പരിവൃത്തിയും ശ്രദ്ധയോടുകൂടി വായിക്കണമെന്നാണു് ഇതിന്റെ സാരം. ഒരുദിവസം അഞ്ചുമണിക്കൂർ ഏതുപുസ്തകവും വായിക്കുന്ന ഒരുവൻ അല്പകാലംകൊണ്ടു് ഒരു വിദ്വാനാകുമെന്നാണു് ഡാക്ടർ-ജാൺസന്റെ ഉപദേശം. ഒരു കൊല്ലം പ്രായംതികയാത്തതും തനിക്കിഷ്ടമില്ലാത്തതും പ്രസിദ്ധി സമ്പാദിക്കാത്തതുമായ പുസ്തകം വായിക്കരുതെന്നാണു് എമേർസന്റെ ഉപദേശം. ചില പുസ്തകങ്ങളെ രുചിനോക്കുകയും ചിലവയെ വിഴുങ്ങുകയും ചിലവയെ ചവച്ചു് അവയുടെ പോഷകാംശം ഗ്രഹിക്കയും ചെയ്യേണ്ടതാണെന്നു് ലാർഡ് ബേക്കന്റെ ഉപദേശിച്ചിരിക്കുന്നു. ഇവയെല്ലാം അല്പം പറഞ്ഞ ഉപദേശത്തിൽ അടങ്ങിയിരിക്കുന്നതുകൊണ്ടു് അതിനെ ഓമ്മിച്ചിരുന്നാൽ മതിയാകും. ഗ്രന്ഥങ്ങളെസംബന്ധിച്ചു് ഏറ്റവും നിഷ്കർഷിക്കുന്നായ നിരൂപകൻ കാലമാണു്. അപ്പപ്പോൾ ഉണ്ടാകുന്ന പുസ്തകങ്ങളെ തൂക്കിനോക്കി ഘനമില്ലാത്തവയെ പിറകിൽതള്ളി സാരമായുള്ളവയെ മാത്രമേ ലോകത്തിൽ നിലനില്പാൻ അനുവദിക്കുന്നുള്ളു. ഇപ്രകാരമുള്ള പുസ്തകങ്ങൾ വായിക്കുന്നതുകൊണ്ടു് സമയദ്രവ്യം ക്രൂടാതെ കഴിക്കാം. അവയിൽ ത്യാജ്യങ്ങളായവ ഒന്നുംതന്നെ കാണുകയില്ല. ഇത്തരം പുസ്തകങ്ങൾ പക്ഷെ ചുരുക്കമായിരിക്കാം. എന്നാൽ, ഒരുവിഷയത്തിൽ അളവല്ല, തരമാണു് നാം പ്രധാനമായി ഗണിയ്ക്കേണ്ടതു്. അതുകൊണ്ടു് നാം ഗ്രന്ഥങ്ങൾ ശേഖരിക്കുന്നവിഷയത്തിൽ അസാമാന്യമായ വിവേകവും കരുതലും ഉപയോഗിക്കേണ്ടതായിരിക്കുന്നു. നാം സ്നേഹിതന്മാരെ തിരഞ്ഞെടുക്കുന്നതുപോലെ വേണം പുസ്തകങ്ങളെ തിരഞ്ഞെടുക്കാനെന്നു് ഒരു മഹാൻ പറ-

ഞ്ഞിരിക്കുന്നു. ആദ്യംപറഞ്ഞ സംഗതിയിൽ നേരിടുന്ന പ്രയാസവും ഉപദ്രവവും നമുക്കൊക്കെ ഏറക്കുറെ അറിയാമല്ലൊ. രണ്ടിന്റെ വിഷയത്തിലും ബുദ്ധിമോശം വരുന്നതു് ദോഷഹേതുകമായി ഭവിക്കുമെന്നു് പറഞ്ഞാൽ കഴിഞ്ഞുവല്ലൊ. വിഷയഗൌരവം, വിഷയശുദ്ധി, വിഷയവിവിധത്വം ഇവ മൂന്നു് സംഗതികളെ മുൻനിർത്തിവേണം നാം തിരഞ്ഞെടുപ്പിനു് തുനിയുവാൻ. അച്ചടിക്കപ്പെടുന്ന പുസ്തകങ്ങളെ ഒക്കെയും ശേഖരിച്ചുവയ്ക്കുന്നതു് അത്ര നന്നാണെന്നു് തോന്നുന്നില്ല. പുസ്തകാകൃതിയിൽ പുറപ്പെടുന്ന മനുഷ്യവിചാരങ്ങളെ എല്ലാം ആ ഒരു കാരണത്തിന്മേൽമാത്രം സ്വീകാര്യങ്ങളായി ഗണിക്കാൻ പാടില്ല. അവയുടെയുള്ളിൽ പലപ്പോഴും ദോഷബീജങ്ങളും അനുചികരങ്ങളായവസ്തുക്കളും ലയിച്ചിരുന്നേക്കാം. പ്രസിദ്ധന്മാരും സുസമ്മതന്മാരും ആയിട്ടുള്ളവരിൽനിന്നും ഉത്ഭവിക്കുന്ന പുസ്തകങ്ങളെ മാത്രം ശേഖരിക്കുന്നതായാൽ ഒരുവക ദോഷം മിയ്ക്കവാറും നേരിടാതിരിക്കും "കവിയശപ്രാർത്ഥികളാ"യിട്ടു് നമ്മുടെ ഇടയിലും ധാരാളം ആളുകൾ ഗ്രന്ഥകർത്താക്കന്മാരായിട്ടുണ്ടു്. ഇങ്ങിനെയുള്ളവർ അനഗ്ഗളമായ ഗ്രന്ഥപാരായണം കൊണ്ടും, അസാമാന്യമായ ലോകപരിചയം കൊണ്ടും, സുസ്ഥിരമായ മനനശീലം കൊണ്ടും പരിണതപ്രജ്ഞന്മാരായിത്തീർന്നതിനു് മേൽ ഇതിലേയ്ക്കു് പുറപ്പെടുന്നതായാൽ ജനസാമാന്യത്തിനു് അളവറ്റ ഗുണം ചെയ്യുവാൻ ഇവക്കു് സാധിക്കുന്നതാണു്. ഇതുയൊക്കെയും ക്ഷമിച്ചിരിക്കുന്നതിനു് മനസ്സും സൌകര്യവും, ഇല്ലാത്തപക്ഷം നിർമ്മിക്കുന്ന പുസ്തകങ്ങൾ ചിരകാലം പുറത്താക്കാതെ സൂക്ഷിച്ചുവയ്ക്കുയും പിന്നീടു് പരിശോധന കഴിച്ചു് പ്രസിദ്ധംചെയ്കയും ചെയ്യുന്നതു് കൊള്ളാമെന്നു തോന്നുന്നു. ഗ്രന്ഥകാരന്മാർ ലോകത്തിൽ ഉപദേഷ്ടാക്ക-

ളുടെ സ്ഥാനമാണ് വഹിക്കുന്നതു്. വല്ലതുമൊക്കെ എഴുതിയിട്ടാൽ അവ ബാലന്മാരുടേയും അജ്ഞന്മാരുടേയും മാറും മനസ്സിൽ കടന്നുകൂടി പല ദോഷങ്ങൾക്കും ഇടയാക്കിത്തീർത്തേക്കാം. നമുക്കു് വല്ലതും അറിയാമെങ്കിൽ അതൊക്കെയും പുസ്തകത്തിലാക്കണമെന്നില്ല. നമ്മുടെ ചുറ്റുമുള്ളവർക്കു് വല്ല വിശേഷജ്ഞാനവും നല്കാനുണ്ടെന്നു് നമുക്കുതന്നെ വിശ്വാസം വന്നതിനു് മേലേ, നമ്മുടെ അന്തർഗ്രന്ഥങ്ങളെ രേഖപ്പെടുത്തുവാൻ തുനിയാവൂ. ഇതുമുഴുവൻ പറഞ്ഞതുകൊണ്ടു് പുസ്തകമെഴുത്തുകാരെ ഞാൻ അധൈര്യപ്പെടുത്തുകയാണെന്നു് ആരും വിചാരിക്കരുതെന്നുകൂടി അപേക്ഷിച്ചുകൊള്ളുന്നു. മലയാളഭാഷയിൽ ഇതരഭാഷകളെ അപേക്ഷിച്ചു് പുസ്തകങ്ങൾ ഇപ്പോൾ വളരെ കുറവാണെന്നു് സമ്മതിക്കേണ്ടിയിരിക്കുന്നു. ഭാഷയുടെ അഭിവൃദ്ധിക്കും, സാഹിത്യസമ്പത്തിനും, നാട്ടുഭാഷാവിദ്യാഭ്യാസത്തിനും, പുസ്തകസമൃദ്ധി അത്യാവശ്യമാണു്. ഇതിലേയ്ക്കു് വിദ്വാന്മാരെല്ലാവരും യത്നിക്കേണ്ടതുമാണു്. വിശേഷിച്ചും മലയാളഭാഷയ്ക്കു് ഇക്കാലത്തു് അല്പം അധഃപതനവും അപേക്ഷയും നേരിട്ടിട്ടും ഉണ്ടല്ലോ. ഭാഷാഭിമാനികൾക്കു് ഇതു് എത്രയും വ്യസനകരമായ ഒരു സംഗതിയാണെന്നും പറയാതെ കഴിക്കയില്ല. ഈ വിഷയത്തിൽ "ഭാഷാപോഷിണി"യുടേയും മറ്റും വിലാപത്തിന്റെ പ്രതിധ്വനി നമ്മുടെ കണ്ണുരസ്സുകളിൽ ഇപ്പോഴും മുറിക്കിടക്കുന്നതേയുള്ളൂ. ഇതിന്റെ നിവാരണത്തിനായി എന്തെങ്കിലും പ്രവൃത്തിക്കേണ്ടകാലവും സന്നിഹിതമായിരിക്കുന്നു. എന്നാൽ, നാം ഇതിലേയ്ക്കു് ഒട്ടധികം പുസ്തകങ്ങൾ എഴുതി തള്ളുകയല്ല വേണ്ടതു്. ഒരു ഭാഷയുടെ സാഹിത്യസമ്പത്തിനെ വിലമതിക്കുന്നതു് ഗ്രന്ഥങ്ങളുടെ എണ്ണംമാത്രം കൊണ്ടല്ല. പ്രധാനമായിട്ടു് ഗുണപൗ-

ക്ഷുല്യംകൊണ്ടും ക്രടിയാണെന്നുള്ളതു് നാം വിസ്മരിച്ചുക്രടാത്ത ഒരു സംഗതിയാണു്. നമ്മുടെ ഭാഷയ്ക്കു് നേരിട്ടിട്ടുള്ള ആക്ഷേപത്തെ തീക്കുന്നതിനു് നാം ആത്മാർത്ഥമായി ചെയ്യേണ്ടതു് എന്തെന്നാൽ, ഒരം ആക്ഷേപത്തിനെ മലയാളഭാഷ ഒട്ടുംതന്നെ അഹിക്കുനില്ലെന്നു് തെളിവിയ്ക്കുയാണു്. ഇതു് അധികം പ്രയാസംക്രടാതെ ഇനി സാധിക്കാമെന്നും നമുക്കാശിക്കാം. സവ്കലാശാലക്കാരുടെശ്രദ്ധ നാട്ടുഭാഷകളിൽ സവിശേഷം പതിച്ചുതുടങ്ങീട്ടുള്ളതായി കാണുന്നുണ്ടു്. സംഗതിവിട്ടു് ഇതുയും പറയേണ്ടിവന്നതിനു് വായനക്കാരോടു് മാപ്പു ചോദിക്കുന്നു.

വായനക്കാർ ഭിന്നരുചികളായിരിക്കുന്നതുകൊണ്ടു് നാം എന്തെല്ലാം കരുതൽ ചെയ്താലും എല്ലാഭാഷകളിലും ഒട്ടേറെ അനഭിലഷണീയങ്ങളായ പുസ്തകങ്ങൾ ഉണ്ടായിക്കൊണ്ടുതന്നെ യിരിക്കും. എന്നാൽ, അവയുടെ പ്രായേണ അല്പായുസ്സാണെന്നു് ഒരു സമാധാനം ഉണ്ടു്. കാലത്തിന്റെ കത്തി മുനയും പൊതുജനാഭിപ്രായത്തിന്റെ ഖരകിരണങ്ങളും ഏറെ സഹിക്കാൻ പാടില്ലാതെ ഇവ വെളിക്കുവന്നു് അധികം താമസംക്രടാതെ വിസ്മൃതിയിൽ ലയിച്ചുപോകുന്നു. ഒരം മാതിരി പുസ്തകങ്ങൾക്കു് "രണ്ടാംപതിപ്പു്" ഒരിക്കലും ആവശ്യപ്പെടുകയില്ല. അഥവാ അപ്രകാരം വേണ്ടിയിരുന്നാൽ അഗ്നിയിലേയ്ക്കുള്ള പതിപ്പുമാത്രം മതിയാകും. ഇവയെക്കൊണ്ടു് ഗ്രന്ഥശാലകളുടെ ഉള്ളിലുള്ള ശുദ്ധവായുവിനെ ദുഷിപ്പിക്കാതെയിരിക്കുന്നതാണു് നന്നു്.

൧൨. ഭാരതീയ വനിതാവർഗ്ഗം.

ഇൻഡ്യൻ സ്ത്രീകളെപ്പറ്റി പറയുന്ന കൂട്ടത്തിൽ, ഇൻഡ്യാ, കന്യകമാരില്ലാത്ത ഒരു രാജ്യമാണെന്ന് ഒരു യൂറോപ്യൻ പ്രസ്താവിച്ചതായിക്കാണുന്നു. ഇതു് എത്രയും ശോച്യമായ ഒരു വാസ്തവമാണെന്ന് അല്പം ആലോചിച്ചു നോക്കിയാൽ അറിയാവുന്നതാണു്. ഇൻഡ്യയിലെ സ്ത്രീകൾ ബാലികമാർ എന്ന നിലയെ വിട്ടാൽ ഉടനെ ഭാര്യമാർ, മാതാക്കൾ അല്ലെങ്കിൽ വിധവമാർ എന്ന നിലയെ ആണു് അവലംബിക്കുന്നതു്. ബാല്യത്തിനും ഇവയ്ക്കും മദ്ധ്യേയുള്ള കന്യകാവസ്ഥയും, ആ അവസ്ഥയ്ക്ക് സഹജമായിട്ടുള്ള രമ്യതാവും, കമനീയങ്ങളായ ആശയമുകുളങ്ങളും പ്രതീക്ഷികളാകുന്ന ഗർഭരഭസങ്ങളും, ഇൻഡ്യൻ വനിതാവല്ലികളുടെ ജീവിതത്തിൽനിന്നും നിശ്ശേഷം നീക്കപ്പെട്ടിരിക്കുന്നു. ഇങ്ങിനെ മനുഷ്യജീവിതത്തിന്റെ ആനന്ദപ്രദമായ ഒരു ഘട്ടം സ്ത്രീകൾക്കു് നഷ്ടമായി ത്തീർന്നിരിക്കുന്നു. ഇതുനിമിത്തം ജീവിതത്തിന്റെ ഗുരുതരങ്ങളായ ചുമതലകൾ അകാലത്തിൽതന്നെ അവരുടെ ചുമലിൽവയ്ക്കപ്പെട്ടുകയും അവരുടെ ഭാവിയ്ക്കു് ഏറക്കുറെ വൈവർണ്ണ്യം വന്നുകൂടുകയും ചെയ്യുന്നു.

ഒരു ഭാരതീയന്റെ ജീവിതത്തിൽ അനന്യസാധാരണമായ ശക്തിയോടുകൂടി പ്രവൃത്തിക്കുന്നതായ രണ്ടു സാര സംഗതികൾ ഉണ്ടു്. ഇവയിൽ ഒന്നു് മതവും, മറ്റതു് വിവാഹവും ആകുന്നു. ഈ രണ്ടു സംഗതികളും അവരുടെ പ്രതിദിനജീവിതത്തിൽ എത്രയൊ വലുതായ ഒരു ഭാഗം വഹിക്കുന്നു.? ഇവ രണ്ടിന്റെ പരിശുദ്ധങ്ങളായ പ്രേര-

ണകരം ഗുണപ്രദങ്ങളായും, അല്ലാത്തവ വിപരീതഫല-പ്രദങ്ങളായും ഭവിക്കുന്നു. അന്തഃപുരത്തിന്റെ ഉള്ളിൽ നിന്നും പുറപ്പെടുന്ന അദൃശ്യശക്തി പലപ്പോഴും ലോകഗതിയിൽ വലിയ മാറ്റങ്ങളും ഉണ്ടാക്കുന്നതിനിടയായിട്ടുള്ളതായി ചരിത്രംതന്നെ സാക്ഷീകരിക്കുന്നുണ്ട്. ഇപ്രകാരമുള്ള അന്തഃപുരത്തിലെ വായുമണ്ഡലം പരിശുദ്ധമല്ലാതെയിരുന്നാൽ വരാവുന്ന ദോഷങ്ങളും അനുമേയങ്ങളാണല്ലൊ. ഒരു ശ്രുദ്ധശക്തിയെ ശരിയായവിധത്തിൽ ഉപയോഗപ്പെടുത്തേണമെന്ന് താല്പര്യമുണ്ടെങ്കിൽ, വിദ്യാഭ്യാസപ്രദീപം അവിടെ ജ്വലിപ്പിക്കേണ്ടതത്യാവശ്യമാണ്. അന്ധവിശ്വാസങ്ങളേയും അനാചാരങ്ങളേയും കടുകിടയ്ക്ക് വിടാതെ നിലനിത്തിപ്പോരുന്നതു് വിദ്യാഭ്യാസാഭാവത്തിന്റെ സ്വാഭാവികഫലങ്ങളാണ്. ലോകത്തിന്റെ ഉൽഗതിക്കും സമുദായാഭിവൃദ്ധിക്കും ഭൂജഗങ്ങളും ജീർണ്ണകഞ്ചുകങ്ങളെ എന്നപോലെ മനുഷ്യരും അന്ധവിശ്വാസാടികളേയും ഉപേക്ഷിക്കേണ്ടതാവശ്യമാണ്. ഒരു വിഷയത്തിൽ ഇപ്പോൾ പൂർവ്വാധികം ശ്രദ്ധ പതിഞ്ഞുകാണുന്നതു് സന്തോഷജനകമായിട്ടുള്ളതാണ്. എങ്കിലും, ഇതുവരയ്ക്കും സ്ത്രീസമുദായത്തിന്റെ എതയോ നിസ്സാരമായ ഒരു ഭാഗം മാത്രമേ, അല്പമെങ്കിലും വിദ്യാഭ്യാസത്തിന്റെ രുചി അറിഞ്ഞുതുടങ്ങിട്ടുള്ളു എന്നുകാണുന്നു. ബാംബെ സംസ്ഥാനത്തിൽ പള്ളിക്കൂടത്തിൽ പോകുത്തക്ക പ്രായമുള്ള പെൺകുട്ടികളിൽ നൂറിന് ഏകദേശം ന്യൂ വീതവും മദ്രാസിൽ നൂറിന് അഞ്ചര വീതവും ബാംഗാളിൽ നൂറിന് ന. വീതവും ഐക്യസംസ്ഥാനങ്ങളിൽ നൂറിന് ഒന്നുവീതവും മാത്രമേ വിദ്യ അഭ്യസിച്ചുവരുന്നുള്ളുവത്രെ. ഇതു് ഒരു വലിയ കാര്യമായി ഗണിച്ചുകൂടാ. -വിശേഷിച്ചും ഇവരിൽ മിയ്ക്കവരും

പ്രാഥമിക വിദ്യാഭ്യാസം സിദ്ധിച്ചവരായും ഇരിക്കുന്നു. ഉയർന്നതരം വിദ്യാഭ്യാസം സമ്പാദിക്കുന്നവരുടെ സംഖ്യ ഇതിലും എത്രയോ കുറവായിത്തന്നെയിരിക്കും. സ്ത്രീവിദ്യാഭ്യാസവിഷയത്തിൽ, ജനങ്ങൾക്കുണ്ടായിരുന്ന വൈമുഖ്യം നാൾക്കുനാൾ കുറയുകയും അതിലുള്ള പ്രതിപത്തി ഇപ്പോൾ വർദ്ധിച്ചുവരികയുമാണ് ചെയ്യുന്നതു്. എന്നാൽ, വിദ്യാലയങ്ങളുടെ കുറവുനിമിത്തവും, ശൈശവവിവാഹം മുതലായ ഏറ്റപ്പാടുകൾകൊണ്ടും മറ്റുപല കാരണങ്ങളാലും സ്ത്രീവിദ്യാഭ്യാസത്തിനു് അഭിലഷണീയമായ പ്രചാരം സിദ്ധിക്കുന്നില്ലെന്നു് പറയേണ്ടിയിരിക്കുന്നു. സ്ത്രീവാദ്ധ്യാന്മാരുടെ ദൌർല്ലഭ്യവും ഇതിലേയ്ക്കു് ഒരു വലിയ പ്രതിബന്ധമായിത്തന്നെയിരിക്കുന്നു. സ്ത്രീവാദ്ധ്യാന്മാരെ ധാരാളം ലഭിക്കുണെമെങ്കിൽ, പല സുബദ്ധമൂലങ്ങളായ പഴയ അനാചാരങ്ങളെ ധ്വംസിക്കയൊ, അല്പാത്തപക്ഷം സംഖ്യയിൽ ഒട്ടും കുറവില്ലാത്തതും ഇപ്പോൾ സമുദായഭാരങ്ങൾ മാത്രമായിരിക്കുന്നതുമായ വിധവാവർഗ്ഗത്തെ അദ്ധ്യാപകവൃത്തി പരിശീലിപ്പിക്കയൊ ചെയ്യേണ്ടിയിരിക്കുന്നു. ഇവരണ്ടും സുകരങ്ങളായ കാര്യങ്ങളല്ല. എങ്കിലും, സ്വദേശാഭിമാനികളായ പലരും ഓരോ വിഷയത്തിൽ ഭഗീരഥപ്രയത്നം ചെയ്തുവരുന്നുണ്ടെന്നുള്ളതു് എത്രയോ ആശ്വാസജനകമായ ഒരു സംഗതിയാണു്. ഇതു്, നമ്മുടെ സമുദായക്ഷേമകാംക്ഷികൾക്കു് മനസ്സും ഉത്സാഹവും ഉണ്ടെങ്കിൽ, പ്രവേശിച്ചു് സൽപ്രയത്നം ചെയ്യുന്നതിനു് ധാരാളം സൌകര്യവും നല്ലൊരു വിഷയമാണു്. ഇവക്കു് ലംഘിക്കാനുള്ള പ്രാരംഭപ്രതിബന്ധങ്ങൾ പലതും ഉണ്ടു്. ശൈശവവിവാഹം, സ്ത്രീകളുടെ ഏകാന്തവാസം, പുനർവിവാഹനിഷേധം, അവരുടെ ലോകപരിചയാഭാവം, അന്ധവിശ്വാസം,

വൈധവ്യക്ലേശം, അസ്വാതന്ത്ര്യം ഇവകൾക്ക് തൃപ്തികരമായ പരിഹാരം ഉണ്ടാക്കേണ്ടതായിരിക്കുന്നു. ഒരു വിഷയത്തിൽ മനുഷ്യർക്ക് ചെയ്യാൻ പ്രയാസമായിരിക്കുന്നു പരിഷ്കാരം കാലം സാവകാശമായി വരുത്തുന്നുണ്ട്.

ശൈശവവിവാഹം ഒരു പുരാതനമായ ഏർപ്പാടാണല്ലൊ. ഇതു് ഒരു യുക്തിയും ഇല്ലാതെ നമ്മുടെ പൂർവ്വന്മാർ ഏർപ്പെടുത്തീട്ടുള്ളതാണെന്നു് വിചാരിച്ചുകൂടാ എന്നാണു് പല യോഗ്യന്മാരുടേയും അഭിപ്രായം. ഇൻഡ്യാരാജ്യം ഉഷ്ണമേഖലയിൽ സ്ഥപ്പെട്ട ഒരു രാജ്യമാണു്. ഇതുനിമിത്തം ബാലികാബാലകന്മാർ വളരെ ചെറുപ്പത്തിൽതന്നെ പുഷ്ടിയെ പ്രാപിക്കുന്നു. ഒരു സ്ഥിതിയുള്ളു് വിവാഹത്തെ നീട്ടിവയ്ക്കുന്നതുകൊണ്ടു് പലദോഷങ്ങളും കൂടിക്കും ഇടയായേക്കാം. വിവാഹബന്ധത്തിനു് മനുഷ്യദൃഷ്ടിയിൽ ഉള്ള ഗൌരവം നിമിത്തം വിവാഹം കഴിക്കപ്പെട്ട സ്ത്രീകൾ പ്രായേണ അന്യോപദ്രവങ്ങളിൽ നിന്നും വിമുക്തകളാണു്. എന്നുതന്നെയുമല്ല, വിവാഹം ബാല്യത്തിൽ കഴിഞ്ഞാലും ഭാര്യാഭർത്താക്കന്മാർ എന്ന നിലയെ സ്ത്രീപുരുഷന്മാർ അവലംബിക്കുന്നതു് പ്രായപൂർത്തി വന്നതിൽപിന്നെ മാത്രമേയുള്ളുവല്ലൊ. ഒരു സംഗതി ശൈശവവിവാഹത്തിന്റെ പ്രധാനദോഷത്തെ ഏറക്കുറെ പരിഹരിക്കുന്നുണ്ടു്. ഇവർ ഇരുവരുംഅവരവരുടെ രക്ഷാകർത്താക്കന്മാരുടെ ഭരണത്തിലും ദൃഷ്ടിയിലും ഇരിക്കുന്നതുകൊണ്ടു് അവരുടെ സ്വാതന്ത്ര്യം പ്രായേണ നിയന്ത്രിതമായിത്തന്നെയിരിക്കാനേ തരമുള്ളു. "ബാലന്മാർ ക്ഷണത്തിൽ പുരുഷന്മാരാകുന്ന ഒരു ദേശത്തു് ഗാർഹ്യജീവിതത്തിന്റെ പരിശുദ്ധിയെ സംരക്ഷിക്കണമെന്നുവരികിൽ ബാല്യവിവാഹം ഒരു സുസ്ഥിരമായ ഏർപ്പാടായിത്തന്നെ ഇരിക്കേണം." എന്നു് ഒരു മഹാൻ അഭിപ്രായ-

പ്പെട്ടുകാണുന്നു. ഹിന്ദുക്കളുടെ ഇടയിൽ വിവാഹം ഒരു കർത്തവ്യകർമ്മംക്രൂടിയാണെന്നും ആലോചിക്കേണ്ടതായിരിക്കുന്നു. ഇങ്ങനെയൊക്കെയിരുന്നാലും വിദ്യാഭ്യാസത്തിന്റെ വർദ്ധിച്ചുവരുന്ന പ്രചാരം നിമിത്തം വിവാഹങ്ങൾ പ്രായേണ ക്രമപ്രായത്തിലേയ്ക്ക് നീങ്ങിനീങ്ങി വരുന്നതായി കാണുന്നുണ്ട്. ഇതുപോലെതന്നെ മറ്റു സാമുദായിക ദോഷങ്ങൾക്കും വിദ്യാഭ്യാസം ഫലവത്തായ ഒരു പ്രകൃത്യൗഷധമായി ഗണിക്കപ്പെടാവുന്നതാണ്. സ്ത്രീകൾക്ക് വിദ്യാഭ്യാസം വേണ്ട എന്ന് വാദിക്കുന്നവർ ഇപ്പോൾ ആരുംതന്നെ ഉണ്ടെന്ന് തോന്നുന്നില്ല. എന്നാൽ, അതിൽനിന്നും ഉണ്ടായിക്കാണുന്ന അപ്രതീക്ഷിതങ്ങളും അനഭിലഷണീയങ്ങളുമായ ഫലങ്ങൾ പലരേയും ഭഗ്നോത്സാഹന്മാരാക്കിത്തീർക്കുന്നുണ്ടെന്നു തോന്നുന്നു. "സകലധർമ്മപരിത്യാഗമൊ, വിദേശീകരണമൊ" അല്ലല്ലൊ വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യം. വിദ്യാഭ്യാസം ലഭിച്ചുവെന്നുവച്ച് വിദേശിയവസ്ത്രധാരണ ക്രമമൊ മറ്റു് ആവശ്യമില്ലാത്ത നടവടികളോ സ്വീകരിക്കണമെന്നില്ല. മനോവികാസവും, ആത്മാഭിപ്രതിപത്തിയും, സ്വകൃത്യനിർവഹണശക്തിയും, അന്ധവിശ്വാസത്യാഗവും, ലോകപരിചയവും മറ്റുമാണ് വിദ്യാഭ്യാസംകൊണ്ടു് സിദ്ധിക്കേണ്ടതായ ഗുണങ്ങൾ. ഇവയെ വിട്ടുംവച്ച്, ഇപ്പോൾ വേഷത്തിലുംമോടിയിലുമാണ് ദൃഷ്ടിപതിഞ്ഞുകാണുന്നതു്. നമ്മുടെ സമുദായാഭ്യുദയങ്ങളിൽ പൂജ്യങ്ങളായുള്ളവയും ത്യാജ്യങ്ങളായുള്ളവയും ഉണ്ടായിരിക്കും. ഇവയെ രണ്ടിനേയും ത്യാജ്യകോടിയിൽ തള്ളുന്നതിനു് പ്രേരിപ്പിക്കുന്നതായ ഒരു ചിത്തവൃത്തിയെ ജനിപ്പിക്കുന്ന വിദ്യാഭ്യാസമോ ഒരു നാമം വഹിക്കുന്ന മറ്റുവല്ല "അഭ്യാസമൊ" അല്ല നമ്മുടെ സ്ത്രീകൾക്ക് വേണ്ടതെന്നു് പലരും അഭിപ്രായപ്പെട്ടുകാണുന്നുണ്ടു്. ഉൽകൃ-

ഷ്ടങ്ങളായ ആദർശങ്ങളാണ് ഇവക്ക് ഇപ്പോൾ അത്യാവശ്യമായിരിക്കുന്നത്. ഇപ്രകാരമുള്ള ആദർശങ്ങൾക്ക് അവരുടെ സ്വീകരണം ലഭിച്ചാൽ നിശ്ചയമായും അവർ അവയുടെ പ്രാപ്തിക്ക് യത്നിക്കാതിരിക്കയില്ലല്ലൊ. അതുകൊണ്ട് നമ്മുടെ സ്ത്രീകളുടെ ദൃഷ്ടി, അവർ ഇപ്പോൾ അവലംബിച്ചിരിക്കുന്നവയും, ചിരകാലപൂജിതങ്ങളും, പക്ഷെ, അപരിഷ്കൃതങ്ങളുമായിരിക്കുന്ന ആദർശങ്ങളിൽനിന്നും ഇളക്കി നവീനങ്ങളും ശ്രേയസ്കരങ്ങളുമായിരിക്കുന്നവയിൽ പതിപ്പിക്കുന്നതിനുപയുക്തമായ വിദ്യാഭ്യാസം ഏതൊ അതാണ് നാം അവൾക്ക് നല്കേണ്ടതു്. റസ്കിൻ എന്ന മഹാൻ പറയുന്നതുപോലെ "സ്ത്രീകളെ സദാ പരിശുദ്ധവും ഉൽകൃഷ്ടവുമായ ചിന്താപദ്ധതിയിൽ നിർത്തേണ്ടതാണു്." എന്നാൽ, സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരുതരം വിദ്യാഭ്യാസമാണൊ നല്കേണ്ടതെന്ന് പലർക്കും സംശയമുണ്ട്. ഇതു് അടിസ്ഥാനമില്ലാത്ത സംശയമാണെന്നു് തോന്നുന്നു. സ്ത്രീകൾക്കും പുരുഷന്മാർക്കും ബുദ്ധിയുണ്ട്. അതിന്റെ വികാസം ഇരുകൂട്ടരുടേയും ക്ഷേമത്തിനു് അത്യാവശ്യമായിട്ടുള്ളതാണല്ലൊ. സ്ത്രീകൾക്ക് പുരുഷന്മാരെക്കാളൊ പുരുഷന്മാർക്ക് സ്ത്രീകളെക്കാളൊ വൈശിഷ്ട്യം കുന്നും ഇല്ലെന്നാണ് മഹാന്മാർ അഭിപ്രായപ്പെട്ടിട്ടുള്ളതു്. വിദ്യാഭ്യാസവിഷയത്തിലും രീതിയിലും ഭേദം വേണമെന്നില്ല. അതിന്റെ ഗതിയിൽ വ്യത്യാസം വേണ്ടിവന്നേക്കാം. ഒരു പുരുഷന്റെ ജോലി പ്രധാനമായി സ്വഗൃഹത്തിന്റേയൊ സ്വരാജ്യത്തിന്റേയൊ സംരക്ഷണം, പോഷണം, ശ്രേയോഭിവൃദ്ധിക്കുള്ള പ്രയത്നം ഇവയാകുന്നു. ഒരു സ്ത്രീയുടെ ജോലി ഇതുപോലെതന്നെ അവയുടെ സമാധാനപാലനം, സുഖവർദ്ധന, അലങ്കരണം ഇവയാകുന്നു. ഇവയ്ക്ക് രണ്ടിനും ബുദ്ധിവികാസം അത്യാവശ്യമാണല്ലൊ. പക്ഷെ, വികസിച്ച

ബുദ്ധിയെ ഉപയോഗിക്കേണ്ടവഴി വ്യത്യാസപ്പെട്ടിരിക്കാം. പുരുഷന്മാരുടേയും സ്ത്രീകളുടേയും ഹൃദയത്തിന്റെ അതല സ്പർശഭാഗത്തു് ഒരു അക്ഷയമായ ശക്തി ഉജ്ജ്വലിക്കുന്നുണ്ടു്. ഓരോ ശക്തിയെ വിദ്യാഭ്യാസംകൊണ്ടു് സംസ്കരിച്ചു് മുൻ പറഞ്ഞ രണ്ടുവിധമായി ഉപയോഗിക്കുന്നതായാൽ ലോകക്ഷേമം സുലഭമായി ത്തീരുന്നതാണു്, ലോകത്തിൽ സംഭവിക്കുന്ന അനീതികർമ്മങ്ങളും കലഹങ്ങളുമെല്ലാം സ്ത്രീകളാണു് ഉത്തരവാദികളെന്നു് ചിലർ പറഞ്ഞുകേട്ടിട്ടുണ്ടു്. ഓരോ അഭിപ്രായത്തോടു് ഞാൻ യോജിക്കുന്നില്ല. എന്നാൽ, ഇതിൽ അല്പം വാസ്തവമുണ്ടെന്നു് പറയാതിരിപ്പാൻ നിവൃത്തിയും ഇല്ല. ഇവയ്ക്കു് കാരണഭൂതർ സ്ത്രീകളല്ലെങ്കിലും ഇവയെ ഇവർ വിചാരിച്ചാൽ തടുക്കാനൊ ഒഴിക്കാനൊ കഴിയുന്നതാണു്. സമാധാന പരിപാലനം ഇവരുടെ കൃത്യങ്ങളിൽ ഒന്നാണല്ലൊ. പുരുഷന്മാർ കലഹപ്രിയന്മാരാണു്. കാരണം ഉണ്ടെങ്കിലും ഇല്ലെങ്കിലും അവർ കലഹത്തെ അവലംബിക്കുന്നു. കാരണം തക്കതാണൊ എന്നു് തിട്ടപ്പെടുത്തേണ്ടതും അല്ലെങ്കിൽ തടുക്കേണ്ടതും സ്ത്രീവർഗ്ഗത്തിന്റെ ചുമതലയാണു്. ഗൃഹം സമാധാനസങ്കേതവും സ്ത്രീകൾ സമാധാനപരിപാലനത്തിനു് ചുമതലപ്പെട്ടവരുമാണു്. പുരുഷന്മാർ സമാധാനലംഘനം ചെയ്യാതെ സൂക്ഷിക്കേണ്ടതു് അവരുടെഏതുയും ഗൌരവമേറിയ കൃത്യമാണു്. നമ്മുടെ സ്ത്രീകൾ ഇപ്രകാരമുള്ള കൃത്യങ്ങൾ നിർവ്വഹിക്കണമെങ്കിൽ അവരെ ഇപ്പോൾ ചുറ്റിയിരിക്കുന്ന മലിനമായ വായുമണ്ഡലത്തെ ശുദ്ധീകരിക്കേണ്ടതത്യാവശ്യമാണു്. ഇതിനുള്ള ഏകമാർഗ്ഗം യഥാർത്ഥവിദ്യാഭ്യാസംതന്നെ ആണെന്നു് സർവ്വസമ്മതമാകുന്നു. ഇപ്പോഴത്തെ സ്ഥിതിയുടെ ഹിന്ദുസമുദായത്തിൽ ഉൾപ്പെട്ടവരിൽ പാതിപ്പേർക്കുടേയും

സമുദായാഭിവൃദ്ധിക്ക് ഉപയുക്തമായ സുശിക്ഷിതബുദ്ധി-ശക്തി നഷ്ടപ്പെട്ടുപോകുന്നു. സ്ത്രീകളിൽ ഒരു വലിയഭാഗത്തെ "വിധവകൾ" എന്നു് നാമകരണംചെയ്തു് സമുദായകാര്യങ്ങളിൽനിന്നും ഒഴിച്ചുനിർത്തുന്നതിനാൽ എത്രമാത്രം നഷ്ടമാണു് നമുക്ക് നേരിട്ടതെന്നു് ഗാഢമായി ആലോചിക്കേണ്ട സംഗതികളിൽ ഒന്നാണു്. ലോകത്തിന്റെ ഉൽഗതിയ്ക്കായി ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന ശക്തികളിൽ ഒരണുപോലും നഷ്ടപ്പെട്ടുപോകാൻ ഇടയാക്കുന്നതു് അയുക്തവും അനഭിലഷണീയവും ദോഷഹേതുകവുമാണെന്നു് പറയേണ്ടതില്ലല്ലൊ. കേരളീയരുടെ ഇടയിൽ ശൈശവവിവാഹം തീരെ ഇല്ല. കേരളീയ ബ്രാഹ്മണരുടെ ഇടയിൽ പുനർവ്വിവാഹനിഷേധം ഉണ്ടെങ്കിലും വിവാഹം സാധാരണ പ്രായപൂർത്തി വന്നതിനു് മേലാകയാൽ വൈധവ്യക്ലേശം അധികമുള്ളതായി തോന്നുന്നില്ല. എന്നാൽ, ഇവിടെയും കാലോചിതമായ പല മാറ്റങ്ങളും വേണ്ടതായിട്ടാണിരിയ്ക്കുന്നതു്.

ഏനു. കാശി.

ഒരു പേരിൽ എന്തെല്ലാം തത്ത്വങ്ങൾ ഗർഭീകരിച്ചിരിക്കുന്നു? ഇതിനു് എത്രമാത്രം ആകർഷണശക്തിയുണ്ടു് ശബ്ദമാത്രയിൽ ഇതു് എന്തെല്ലാം സ്മരണകളേയും വികാരങ്ങളേയും മനസ്സിൽ ഉദ്ദീപിപ്പിക്കുന്നു? ഇതു് ഹിന്ദുക്കൾക്കു് എത്രമാത്രം ശ്രുതിമധുരമായിരിക്കുന്നു. ഒരു പേരുകേൾക്കാത്തവർ ഹിന്ദുക്കളിൽ ആരെങ്കിലുമുണ്ടോ? ഇതു് മനു-

ഷ്യരുടെ ഭഗ്നങ്ങളായ ആശകളേയും, പ്രാപ്തങ്ങളായ ആഗ്രഹങ്ങളേയും, ഭാവിയായ മനസ്സമാധാനത്തേയും സൂചിപ്പിക്കുന്നു? ഒരു പേരിന്റെ ചുറ്റും എന്തെല്ലാം ചരിത്രശകലങ്ങൾ പററിപ്പിടിച്ചിരിക്കുന്നു? കാശി ഭാരതഖണ്ഡത്തിലെ "റോം" ആണെന്നുപറയാം. ഇതിന്റെ ഉല്പത്തി റോമിന്റെ എന്നപോലെ കാലാന്ധകാരത്തിൽ ലീനമായി തന്നെ ഇരിക്കുന്നു. ഇതു് ഒരു പുണ്യസ്ഥലം എന്നുള്ളതല്ലാതെ പുരാതനമായ ഒരു വിദ്വൽസങ്കേതവും കൂടി ആയിരുന്നു. ഇതു് വിവിധങ്ങളായ വിഷമഘട്ടങ്ങളിൽ പലപ്പോഴും അകപ്പെട്ടുന്നതിനിടയായി എങ്കിലും അവയെ ഒക്കെയും ലംഘിച്ചു് വിജയം പ്രാപിച്ചു് ജീവസന്ധാരണം ചെയ്തുവന്നുവെന്നുള്ളതു് അതിന്റെമാഹാത്മ്യത്തെ സൂചിപ്പിക്കുന്നു. അന്യമതസംഹാരനിരതനായ അറംഗസീബ്ബിന്റെ കഠിനമായ ആക്രമണത്തിൽനിന്നും രക്ഷപ്പെട്ട സ്ഥലം വല്ലതുമുണ്ടെങ്കിൽ അതു് ഇതൊന്നുമാത്രമാണെന്നു് പറയേണ്ടിയിരിക്കുന്നു. ഒരു മഹത്തായ സമുദായത്തിൽ ഉൾപ്പെട്ടു്, ജനങ്ങളുടെ കേതിവിശ്വാസാദികൾക്കു് കേന്ദ്രമായിരിക്കുന്ന ഒരു വിശ്രുതസ്ഥലത്തിനു് ആത്മരക്ഷയ്ക്കുള്ള ശക്തി സ്വതഃസിദ്ധമായിതന്നെ ഇരിക്കുന്നതാണെന്നുള്ളതിനു് തർക്കമില്ല. പേരെങ്കിൽ പുരാണപൂജിതവും, ചരിത്രപ്രസിദ്ധവും, വിദ്വൽസങ്കേതവും കൂടി ആയിട്ടാണല്ലൊ ഈ സ്ഥലം ഇരിക്കുന്നതു്. മഹമ്മദീയചക്രവർത്തികളിൽനിന്നും ഇടയ്ക്കിടെ ഉണ്ടായിട്ടുള്ള ഉപദ്രവങ്ങൾ പലവിധത്തിൽ ദോഷഹേതുകമായിരുന്നുവെങ്കിലും ഒരു സ്ഥലത്തിന്റെ മാഹാത്മ്യത്തെ തീരെ നശിപ്പിക്കുന്നതിനു് കഴിഞ്ഞില്ല. അറംഗസീബ്ബിന്റെ കാലത്തുതന്നെ ൧൦൦൦ ക്ഷേത്രങ്ങൾ നശിപ്പിക്കപ്പെട്ടിട്ടുണ്ടു്. കാശിയിലെ പ്രധാനപ്പെട്ട ക്ഷേത്രം ഇപ്പോൾ ഒരു മഹദീയ

പള്ളിയായിട്ടാണിരിക്കുന്നത്. ഇതുകൂടാതെയും ഇപ്പോൾ ഉള്ളവയിൽ ഒരു ക്ഷേത്രത്തിന്റെ ഒരു ഭാഗത്തു് മഹമ്മദീയർ കമ്മം കഴിക്കയും മറ്റൊരുഭാഗത്തു് ഹിന്ദുക്കൾ അച്ചുനാടികൾ ചെയ്കയുംചെയ്യുന്നുണ്ടത്രെ. ഇങ്ങിനെ ഇരുന്നിട്ടും ഇപ്പോൾ കാശിയിൽ ൪൦൦ ക്ഷേത്രങ്ങൾ ഉള്ളതായി കണക്കാക്കപ്പെട്ടിരിക്കുന്നു. ഇവകൂടാതെ വീഥികളിൽ മൂലയിലും മുക്കിലും ചെറിയ ആരാധനസ്ഥലങ്ങൾ ഉണ്ടു്. വളരെക്കാലമായിട്ടു് കാശി ബ്രിട്ടീഷ്സാമ്രാജ്യത്തിന്റെ ധ്വജഛായയുടെ കീഴിൽ അഭിവൃദ്ധിയെ പ്രാപിച്ചുവരികയാണു്. കാശി ഗംഗാതീരത്തിലാണല്ലൊ സ്ഥിതിചെയ്യുന്നതു്. ഗംഗയുടെ സാമിപ്യംകൊണ്ടു് കാശിക്കൊ, കാശിയുടെ സാന്നിദ്ധ്യംകൊണ്ടു് ഗംഗയ്ക്കൊ മാഹാത്മ്യം സിദ്ധിച്ചുതെന്നു് അറിഞ്ഞുകൂടാ. എങ്ങിനെയിരുന്നാലും ഗംഗാസ്നാനംകൊണ്ടു് പാപമോക്ഷം സിദ്ധിക്കുമെന്നു് ഹിന്ദുക്കൾ മിക്കവരും വിശ്വസിച്ചുവരുന്നു. ഗംഗയും കാശിയും ഒരുമിച്ചു് സ്വർഗ്ഗത്തിൽനിന്നും അവതരിച്ചുതാണെന്നും ഒരൈതിഹ്യം ഉണ്ടു്., "ഭാഗീരഥി" എന്നുള്ള പേരുതന്നെ ഗംഗയുടെ ഉൽപത്തിയെക്കുറിച്ചുള്ള പുരാണകഥയെ സൂചിപ്പിക്കുന്നു.

കാശിയിൽ പ്രതിവർഷം ഇൻഡ്യയുടെ നാനാഭാഗത്തുനിന്നും വരുന്ന തീർത്ഥയാത്രക്കാർക്കു് സംഖ്യയില്ല. ഇത്രവളരെ മനുഷ്യരെ ആകർഷിക്കുന്നതിനു് ഒരു സ്ഥലത്തിനുള്ള ശക്തി എന്തായിരിക്കാം. മനുഷ്യഹൃദയത്തിൽ സുബദ്ധമൂലമായി വർത്തിക്കുന്ന ഒരു വിശ്വാസംതന്നെ ആയിരിക്കണം. മനുഷ്യർക്കു് എല്ലാവർക്കും അവരവരുടെ ദുഷ്കൃതങ്ങളുടെ ഫലം പരലോകാനുഭവത്തിലേയ്ക്കു നീട്ടിവയ്ക്കാതെ വല്ലവിധവും ഇവിടെവച്ചുതന്നെ ദൂരീകരിച്ചാൽ കൊള്ളാമെന്നു്

ഒരാഗ്രഹം ഉണ്ടാകുന്നതു് സ്വാഭാവികമാണല്ലൊ. ഇതിനു് ഒരു വഴിയുണ്ടെങ്കിൽ ആരെങ്കിലും വിട്ടുകളയുമോ? കാശിയാത്രയും ഗംഗാസ്നാനവും ഇതിലേയ്ക്കു് കൈകണ്ടമാർഗ്ഗമാണെന്നു് പുരാണാദികളിലും മറ്റും ഘോഷിക്കപ്പെട്ടിരിക്കുമ്പോൾ ആ മാർഗ്ഗത്തെതന്നെ അവലംബിക്കാൻ ആരാണു തുനിയാത്തതു്? പരലോകം എന്നുള്ളതു് എവിടെയാണെന്നും എന്താണെന്നും ആർക്കുംതന്നെ അറിഞ്ഞുകൂടാ. അവിടെയാണു് മനുഷ്യരുടെ ഐഹികപ്രവൃത്തികളെപ്പറ്റി വിചാരണ നടത്തി വിധി കല്പിക്കുന്നതെന്നും ചില വല്ലാത്ത സംശയങ്ങളും മനസ്സിനെ ബാധിച്ചിട്ടുണ്ടു്. ഒരു വിഷയത്തിൽ മനുഷ്യർ അസാമാന്യമായ ഭയത്തിനും വ്യാകുലതയ്ക്കും അധീനന്മാരായിട്ടാണിരിക്കുന്നതു്. ഇവയ്ക്കൊരു പരിഹാരമാർഗ്ഗം ആരെങ്കിലും കൂണ്ടിക്കാണിക്കാത്ത താമസമേയുള്ളു അതിനെ അവലംബിക്കാൻ. ഇതാണു് കാശിയാത്രയുടെ രഹസ്യം. ഇപ്രകാരം മനഃസാക്ഷിയുടെ ശല്യം നേരിടാത്തവിധത്തിൽ ജീവിതം നയിയ്ക്കുന്നവരും ഗംഗാസ്നാനം ചെയ്യാറുണ്ടല്ലൊ. ഇവരുടെ ഉദ്ദേശ്യം പരലോകയാത്രയിൽ വേണ്ടിവരുന്നതായ സുകൃതമായ പാഥേയം സമ്പാദിക്കാനായിട്ടാണെന്നു് വിചാരിക്കാം. ഇങ്ങിനെയല്ലാതെ കേവലം ദേശസഞ്ചാരതല്പരതകൊണ്ടും ചിലർ കാശിയാത്ര ചെയ്യുന്നില്ലെന്നില്ല. എന്നാൽ, പുണ്യസ്ഥലസന്ദർശനംകൊണ്ടു് ഒരു ഫലവും ഇല്ലെന്നു് ആരുംതന്നെ പറയുമെന്നു് തോന്നുന്നില്ല. നിർവ്യാജമായ ഭക്തിയുണ്ടെങ്കിൽ ഉദ്ദിഷ്ടഫലവും ലഭിക്കാതിരിക്കയില്ല. തീവണ്ടിയുടേയും മറ്റും ആവിർഭാവത്തിനുമുമ്പു് തീർത്ഥയാത്രക്കാർക്കു് അസാമാന്യമായ കായക്ലേശം സഹിക്കേണ്ടതായിരുന്നു. ദൂരദിക്കുകളിൽനിന്നും പോയി മടങ്ങിവരുന്നതിനു് അഞ്ചാറുമാസംവരെ വേണ്ടിയും ഇരുന്നു.

മാർഗ്ഗങ്ങളും ഇപ്പഴത്തെപോലെ സുരക്ഷിതങ്ങളല്ലായിരുന്നു. ഭക്ഷണാദി വിഷയങ്ങളിലും സൌകര്യം കുറഞ്ഞിരുന്നു. ഒരും വക ക്ലേശങ്ങൾ എല്ലാം സഹിച്ച് അവിടെ എത്തുമ്പോഴേയ്ക്കു് പ്രായേണ ആർക്കും ഒരുവിധം സമാധാനബുദ്ധിയുണ്ടാകാതിരിക്കയില്ല. രാഗദ്വേഷാദികളും ശമിക്കുന്നതിനിടയുണ്ടു്. മനസ്സു സാധാനത്തോടുകൂടി ഉൽകൃഷ്ടവിചാരങ്ങളും ഒരംശവൈരാഗ്യവും ഉദിക്കുന്നു. ഗംഗാജലത്തിന്റെ നൈർമ്മല്യവും ശീതത്തിനേയും മനസ്സിനേയും ശുദ്ധീകരിക്കുന്നു. ഗംഗാജലത്തിനു് എന്തൊ ഗ്രഹശക്തിയുണ്ടായിരിക്കണമെന്നാണു് പലരുടേയും അഭിപ്രായം. യാതൊരു മാലിന്യവും അതിനെ ബാധിയ്ക്കുന്നില്ല. കുപ്പിക്കുള്ളിലാക്കി സൂക്ഷിച്ചാൽ വളരെക്കാലം നിർമ്മലമായി തന്നെ ഇരിയ്ക്കുന്നു. ഇതിൽ എന്തോ രഹസ്യം ഉണ്ടായിരിക്കണം.

ഹിന്ദുക്കൾ വാൽക്യദശയിൽ എത്തിയാൽ പിന്നെയുള്ള വലിയ മോഹം ഗംഗാസ്നാനം ചെയ്യണമെന്നാണു്. കാശിയിൽവച്ചു് മരിക്കുന്നതും അസ്ഥികൾ ഗംഗയിൽ നിക്ഷേപിക്കുന്നതും മുക്തിയ്ക്കു് ഉത്തമമാർഗ്ഗമാണെന്നു് വിചാരിച്ചുപോരുന്നു. പലരും പൂർവ്വന്മാരുടെ അസ്ഥികൾ ഗംഗയിൽ നിക്ഷേപിക്കുന്നതിനായിട്ടും യാത്രചെയ്യുന്നു. എന്നാൽ, ഇക്കാലത്തുള്ള യാത്ര അത്രവിഷമിച്ചതല്ലാകയാൽ കാലതാമസമൊ കായക്ലേശമൊ ഒന്നും വേണ്ടിവരുന്നില്ല. ഇതുനിമിത്തം യാത്രക്കാരുടെ സംഖ്യ വർദ്ധിച്ചാണു് വരുന്നതു്. സുകൃതം സമ്പാദിക്കുന്നവരുടെ സംഖ്യ എങ്ങിനെയാ.

ചിലർ വീട്ടുകാരുമായിട്ടു് രസമില്ലാതായിട്ടും കാശിയ്ക്കു പോകുന്നതായി കേട്ടിട്ടുണ്ടു്. എന്നാൽ, ഒരു രസക്ഷയം അവിടെ എത്തി പണത്തിനായിട്ടു് കമ്പിയടിയ്ക്കുന്നതുവരെ മാത്രമേ നിലനില്ക്കുന്നുള്ളു. പലവിധത്തിലും മനുഷ്യബുദ്ധി-

യ്ക്കു് സമാധാനം നല്കുന്നതിനു് ഒരു സ്ഥലത്തിനു് ശക്തിയുള്ളതായിക്കാണുന്നു.

കാശി ഹിന്ദുമതത്തിന്റെ കോട്ടയാണു്. ഇൻഡ്യയുടെ എല്ലാഭാഗങ്ങളിൽനിന്നും യുവാക്കന്മാർ മതവിദ്യാഭ്യാസത്തിനായി ഇവിടെ വന്നുചേരുന്നു. ഇവിടെ വലിയ വലിയ വിദ്വാന്മാരുള്ളതിനാൽ വേദാന്തം മുതലായവ അഭ്യസിക്കുന്നതിനു് നല്ല സൌകര്യമുണ്ടു്. ഇപ്പോൾ ഇവിടെ മിസസ്സു് ആനിബസന്റിന്റെ ഉത്സാഹം നിമിത്തം ഒരു ഹിന്ദുകാളേജു് സ്ഥാപിച്ചു് നടത്തിവരുന്നുണ്ടു്. ഇവിടെ ഹിന്ദുമതസംബന്ധമായ വിദ്യാഭ്യാസം നല്കുന്നതുകൂടാതെ പാശ്ചാത്യരീതിയിലുള്ള ഉൽകൃഷ്ടവിദ്യാഭ്യാസവും നല്കപ്പെടുന്നുണ്ടു്. പക്ഷേ, ഒരു സർവ്വകലാശാലയും ഉണ്ടാകുന്നതിനുള്ള ലക്ഷണങ്ങളൊന്നും ഉണ്ടു്. ഇപ്രകാരം പുണ്യസ്ഥലം ഹിന്ദുരാജാക്കന്മാരുടേയും മഹദീയരാജാക്കന്മാരുടേയും ക്രിസ്ത്യൻ സാമ്രാജ്യത്തിന്റേയും ആധിപത്യത്തിൻകീഴിൽ നിലനിന്നു് ഇപ്പോൾ പൂർവ്വാധികം അഭിവൃദ്ധിയെ പ്രാപിച്ചുവരുന്നതു് നോക്കുമ്പോൾ ഇതിനു് എന്തൊരു അനന്യസാധാരണമായ മാഹാത്മ്യം ഉണ്ടെന്നുതന്നെ വിചാരിക്കേണ്ടിയിരിയ്ക്കുന്നു. സമുദായങ്ങൾ നശിക്കുന്നു. സാമ്രാജ്യങ്ങൾ ശിഥിലീഭവിക്കുന്നു. മതങ്ങൾക്കു് വൃദ്ധിക്ഷയങ്ങൾ സംഭവിക്കുന്നു. രാജ്യാധിപത്യം കൈമാറുന്നു. ഒരു വിധമുള്ള മഹത്തായ മാറ്റങ്ങൾക്കു് മദ്ധ്യേ കാലവൈപരീത്യാദികൾ സ്പർശിയ്ക്കാതെ ഹിന്ദുമതത്തിന്റെ മാഹാത്മ്യചിഹ്നവും അതിന്റെ കേന്ദ്രസ്ഥാനവും ഹിന്ദുക്കളുടെ ഐഹികസ്പർശവും മോക്ഷമാർഗ്ഗദർശകവുമായിട്ടു് സുസ്ഥിരതയെ അവലംബിച്ചും അന്യമതപ്രാസംഗികന്മാരുടെ ശ്രമത്തിന്റെ വിഫലതയെ സാക്ഷീകരിച്ചും കാശി സ്ഥിതിചെയ്യുന്നു. ശരിയായ അടിസ്ഥാനത്തിന്മേൽ സ്ഥാപിക്കപ്പെട്ടിരുന്ന മതത്തെ ഇളക്കുന്നതു് അത്ര സുസാദ്ധ്യമായ ഒരു കാര്യമല്ലല്ലൊ.

എന്നാൽ കാശി പുണ്യസ്ഥലമാണെങ്കിലും അവിടെ ഒരു നിലയ്ക്കു യോജിയ്ക്കുന്നില്ലാത്തതായ മറവുവസ്തുക്കളും കാണപ്പെടുന്നു. മനുഷ്യസ്വഭാവത്തിന്റെ വിവിധമുഖങ്ങളും അവിടെ കാണാവുന്നതുണ്ട്. ഭക്തി ഒരുഭാഗത്തിൽ, വഞ്ചന മറ്റൊരുഭാഗത്തിൽ, നൈർമ്മല്യം ഒരിടത്തു്, മാലിന്യം മറ്റൊരിടത്തു്, സാധുത്വം ഒരുഭാഗത്തിൽ, ദൌഷ്ട്യം മറ്റൊരുഭാഗത്തിൽ, ധനത്യാഗം ഒരുഭാഗത്തിൽ, ധനാശ മറ്റൊരുഭാഗത്തിൽ, യോഗികർമ്മം ഒരുഭാഗത്തിൽ, ഉദരംഭരികർമ്മം മറ്റൊരുഭാഗത്തിൽ, ഹിന്ദുദേവാലയങ്ങൾ ഒരുഭാഗത്തിൽ, മഹമ്മദീയപള്ളികൾ മറ്റൊരുഭാഗത്തിൽ, ഇങ്ങിനെ പരസ്പരവൈപരീത്യമുള്ള വസ്തുക്കൾ അവിടെ സ്ഥലംപിടിച്ചിരിക്കുന്നു. വീഥികളുടെ ഇരുവശവും ഉപദ്രവങ്ങളും ഉപദ്രവങ്ങളല്ലാത്തവയുമായ രോഗങ്ങൾ ബാധിച്ചിരിക്കുന്ന യാചകന്മാരുടേയും അംഗവൈകല്യം സംഭവിച്ചവരുടേയും അണികൾകൊണ്ടു് നിറഞ്ഞിരിക്കുന്നു. ഇവയിൽക്കൂടി സഞ്ചരിയ്ക്കുന്ന ഒരാൾക്കു് നരകത്തിലേയ്ക്കുള്ള പന്ഥാവിൽക്കൂടി ചരിച്ചാലുള്ള അനുഭവം സിദ്ധിക്കുന്നു, എന്നു് ഒരു വിദേശിയൻ പ്രസ്താവിച്ചുകാണുന്നു. എന്നാൽ, ഇവയുടെ ഒക്കെയും ഇടയിൽക്കൂടി ഹിന്ദുമതത്തിന്റെ നിർമ്മലകിരണങ്ങൾ ശോഭിക്കയും അസംഖ്യം മനുഷ്യരുടെ ഹൃദയത്തെ ശുദ്ധീകരിക്കയും ആശകളെ ഭക്തിമാർഗ്ഗത്തിൽക്കൂടി ബ്രഹ്മത്തിലേയ്ക്കു് നയിയ്ക്കയും ചെയ്യുന്നു. "യഥാർത്ഥത്തിൽ ഇൻഡ്യയുടെ ആത്മാവു് ശ്രീകാശിയുടെ അധീനത്തിലും സംരക്ഷണയിലും ഇരിയ്ക്കുന്നു."

൧൪. അദ്ധ്യാപകവൃത്തി.

"നോക്കീട്ടുവേണം ചാടാൻ" എന്നു് ഒരു പഴഞ്ചൊല്ലുണ്ടു്. എന്നാൽ, അദ്ധ്യാപകസ്ഥാനത്തിലേയ്ക്കു് ചാട്ടം

ന്നവർ ഇതിൽ ഉപദേശിക്കപ്പെട്ടിരിയ്ക്കുന്ന രീതിയെ എത്രമാത്രം അനുസരിക്കുന്നുണ്ടെന്നുള്ളതു് എളുപ്പത്തിൽ തീച്ചപ്പെടുത്തുവാൻ പ്രയാസമാണു്. അധികം പേരുണ്ടോ എന്നു് സംശയിക്കേണ്ടതായിരിയ്ക്കുന്നു. അഥവാ ഇപ്രകാരം ചെയ്തില്ലെങ്കിലും ഇതിന്റെ വിപരീതാത്ഥത്തെ അനുസരിച്ചു് പ്രവത്തിക്കുന്നവർ ഉണ്ടായാലും മതിയായിരുന്നു. ചാടിട്ടു് നോക്കിയാലും തരക്കേടില്ല. അദ്ധ്യാപകവൃത്തിയിൽ പലരും പല ഉദ്ദേശ്യങ്ങളോടുകൂടിയാണു് പ്രവേശിക്കുന്നതു്. ചിലർ കാലക്ഷേപത്തിനു് ഒരു മാർഗ്ഗമായിട്ടും മറ്റു ചിലർ കേവലം ഒരു തൊഴിലിനുവേണ്ടിയും വേറെ ചിലർ അന്യഡിപ്പാർട്ടുമേണ്ടിലേയ്ക്കു കയറുന്നതിനു് ഒരു ചവിട്ടുകല്ലായിട്ടും ചുരുക്കം ചിലർ വാസന, പ്രതിപത്തി ഇവനിമിത്തവും അദ്ധ്യാപകവൃത്തിയിലേയ്ക്കു് കാലുവെയ്ക്കുന്നു. ഓരോ ഉദ്ദേശ്യങ്ങളും എല്ലാം ഒരുപോലെ ശ്ലാഘ്യങ്ങളാണെന്നു് പറഞ്ഞുകൂടാ. എങ്കിലും, അവയെ തീരെ നികൃഷ്ടങ്ങളായി ഗണിക്കാനും പാടില്ല. ഇതിൽ പ്രവേശിക്കുന്നതിനുള്ള ഉദ്ദേശ്യം എന്തുതന്നെ ആയിരുന്നാലും പ്രവേശിച്ചതിനുമേൽ തൽസംബന്ധമായ കൃത്യങ്ങളെ ശരിയായവിധം നിവ്വഹിയ്ക്കുന്നതിനു് വേണ്ട മാർഗ്ഗങ്ങളും ആരാഞ്ഞറിഞ്ഞു് പ്രവത്തിക്കേണ്ടതു് അദ്ധ്യാപകന്മാരുടെ എല്ലാവരുടേയും ഏറ്റവും ശ്രേഷ്ഠമേറിയ ഒരു ചുമതലയാണു്. എന്നാൽ, ഓരോ വിഷയത്തിൽ അദ്ധ്യാപകന്മാരിൽ എത്രപേർ വേണ്ടതുപോലെ ശ്രദ്ധിയ്ക്കുന്നുണ്ടെന്നറിയുന്നതിനു് അത്രഎളുപ്പമില്ല. പക്ഷെ, മറിച്ചുള്ളവർ പലരും ഉണ്ടെന്നുള്ള സംഗതിയെ മറയ്ക്കാനും നിവൃത്തി കാണുന്നില്ല. തന്റെ തൊഴിലിൽ ഒരു വിധമെങ്കിലും പ്രതിപത്തിയില്ലാതിരുന്നാൽ അതിൽ വിജയമൊ, ഖ്യാതിയൊ, ഉദ്ദിഷ്ടഫലമൊ സമ്പാദിക്കാൻ

കഴിയുന്നതല്ല എന്നുള്ള പരമാർത്ഥം നാം എല്ലാവരും സദാ ഓർമ്മിക്കേണ്ടതാണ്. പള്ളിക്കൂടത്തിൽ വന്ന് ഒരു വിധം നാലൊ അഞ്ചൊ മണിക്കൂർ കഴിച്ചുകൂട്ടിയാൽ തങ്ങളുടെ ചുമതല തീർന്നു എന്നുവിചാരിക്കുന്ന അദ്ധ്യാപകന്മാരുടെ കൃത്യബോധം ചുവടെ തെറ്റിയ ഒന്നാണെന്ന് മാത്രമേ പറയാനുള്ളൂ. അദ്ധ്യേതാക്കളുടെ ബുദ്ധിശക്തിയെ വികസിപ്പിക്കേണ്ട ചുമതലയുള്ളവർ തങ്ങളുടെ ബുദ്ധിയെ സംസ്കരിക്കാതെ പൂർവ്വസ്ഥിതിയിൽതന്നെ വച്ചിരുന്നാൽ വരുന്ന ഭവിഷ്യം പറഞ്ഞിട്ടറിയുന്നതിനെക്കാൾ അത്യുച്ചിച്ചറികയാണ് നന്നെന്ന് തോന്നുന്നു. അനവരതമായ ബുദ്ധിസംസ്കരണം ഏതെങ്കിലും ഒരു തൊഴിലാളിയ്ക്ക് ആവശ്യമുണ്ടെങ്കിൽ അതു് അദ്ധ്യാപകനാണെന്ന് നിസ്സംശയം പറയാം. തന്റെ ഉളിദിവസംപ്രതി തേച്ചു് മൂർച്ചകൂട്ടിവയ്ക്കുന്നതാണ് ഒരു നല്ല ആശാരിയുടെ ലക്ഷണം. അവനവന്റെ ബുദ്ധിയുടെ ഗതി, വളച്ചു, വക്രത, ന്യൂനത മുതലായവയെ സൂക്ഷിച്ചറിഞ്ഞു് പരിഹാരമാർഗ്ഗം കണ്ടുപിടിയ്ക്കുന്നവനു് തന്റെ അധീനത്തിലുള്ള ബാലന്മാരുടെ ബുദ്ധിയേയും വളയ്ക്കയൊ നിവിർക്കയൊ തെളിക്കയൊ ചെയ്യുന്നതിനു് എളുപ്പം സാധിക്കാവുന്നതാണ്. രണ്ടുതരത്തിലിരിക്കുന്ന ബുദ്ധികളുടെ അന്യോന്യ പ്രതിഘാതം അവയുടെ ദൃഢതയ്ക്കും വളച്ചുയ്ക്കും അനുകൂലമായിട്ടുള്ളതാണ്.

പാഠപുസ്തകങ്ങളും അദ്ധ്യേതാക്കൾക്കാണ് അദ്ധ്യാപകന്മാർക്കല്ല എന്നുള്ള വാസ്തവം അദ്ധ്യാപകന്മാർ പലപ്പോഴും വിസ്മരിച്ചുകാണുന്നു. ക്ലാസിൽ വന്നു് പാഠപുസ്തകം കൈയിലെടുത്തു് അക്ഷരംപ്രതിയൊ പദംപ്രതിയൊ പറഞ്ഞുകൊടുക്കുന്ന ഒരു അദ്ധ്യാപകൻ തന്റെ തൊണ്ടയെ

അല്പം ക്ഷീണിപ്പിക്കയും സമീപമുള്ള വായുവിനെ അല്പം ചലിപ്പിക്കയും ചെയ്യുന്നതല്ലാതെ തന്റേയൊ അദ്ധ്യേതാവിന്റേയൊ മനസ്സിനൊ ബുദ്ധിയ്ക്കൊ യാതൊരു ശ്രമമൊ അദ്ധ്വാനമൊ നല്കുന്നില്ല. ഒരം പ്രവൃത്തിക്ക് "പഠിപ്പിയ്ക്ക" എന്നുള്ള പേരിനു് യാതൊരവകാശമെങ്കിലും ഉണ്ടൊ എന്നുള്ളഭാഗം ആലോചിച്ചു തീച്ചപ്പെടുത്തേണ്ടതാണു്. പാഠപുസ്തകത്തിലുള്ള ഒരു സംഗതിയെ താൻതന്നെ ആദ്യം സൂക്ഷ്മമായി ഗ്രഹിച്ചു് തന്റെ യുക്തി, അനുമാനം, മനോധർമ്മം, മനനം മുതലായ ബുദ്ധിശക്തികളം പ്രയോഗിച്ചു് ഒരു പുതുനിറം വരുത്തിയതിനുമേൽ അദ്ധ്യേതാക്കൾക്കായി ഉപദേശിക്കുന്നതുമൂലം അദ്ധ്യേതാക്കൾ അതിനെ ലഘുവായും താല്പര്യത്തോടുകൂടിയും ഗ്രഹിക്കയും അവരുടെ ആലോചനശക്തിയ്ക്കു് ഉണർച്ച തട്ടുകയും ചെയ്യുന്നു. ഇപ്രകാരം എല്ലാസംഗതികളിലും അദ്ധ്യാപകന്റെ മനസ്സാകുന്ന മൂശയിൽ ഉരുകി തെളിഞ്ഞു് നിറ്ഗ്ഗമിക്കുന്നതുകൊണ്ടു് പ്രത്യേകമായ ഒരു ഛായ സിദ്ധിക്കുന്നു. മൃതപ്രായങ്ങളായി പുസ്തകങ്ങളിൽ കിടക്കുന്ന മഹാന്മാരുടെ ഉൽകൃഷ്ടങ്ങളായ അന്തർഗ്ഗതങ്ങളും സജീവങ്ങളായി ഭവിച്ചു് അദ്ധ്യേതാക്കളുടെ മനസ്സിൽ പ്രവേശിച്ചു് അതിന്റെ വളർച്ചയ്ക്കുതകുന്നതായ ഒരു ചലനം ഉണ്ടാക്കുന്നു. ഇപ്രകാരം ഗ്രഹിക്കുന്ന സംഗതികളും ദൃഢമായി നിലനില്ക്കുന്നതുകൂടാതെ ബുദ്ധിശക്തിയെ വർദ്ധിപ്പിക്കുന്നതിനു് സഹായിയ്ക്കയും ചെയ്യുന്നു.

ജ്ഞാനം ഒരു ബാലനേക്കാളും വിലയേറിയ വസ്തുവാണെന്നു് അദ്ധ്യാപകന്മാരിൽ പലരും വിചാരിച്ചുവരുന്നുണ്ടെന്നു് അവരുടെ പ്രവൃത്തിൽനിന്നും ഊഹിക്കുന്നതിനു് കാരണങ്ങളും ഉണ്ടു്. ഇപ്രകാരമുള്ള വിചാരം അബദ്ധമായിട്ടുള്ളതാണെന്നു് പറയേണ്ടിയിരിക്കുന്നു. "ജ്ഞാനമേ-

ശക്തി" എന്നുള്ള പഴയ പ്രമാണം പൂർണ്ണമായി സ്വീകരിക്കുന്നത് അദ്ധ്യാപകന്മാരെ സംബന്ധിച്ചിടത്തോളം അല്പം ആലോചിച്ചിട്ടുവേണ്ടതാണ്. ഒരു പ്രമാണത്തിൽ ഉള്ളതിലധികം സത്യമുണ്ടെന്ന് വിചാരിയ്ക്കുന്നതുകൊണ്ട് അതിനെ കവിഞ്ഞു നില്ക്കുന്ന മറെറാരു സാരമേറിയ തത്ത്വത്തിന്റെ സൂക്ഷ്മഗ്രഹണം സിദ്ധിക്കാതെ വന്നുപോകുന്നു. ഒരുത്തന് സമ്പാദിയ്ക്കാനൊ ഉപദേശിയ്ക്കാനൊ കഴിയുന്ന സകല അറിവുകളെക്കാളും ഒരു മനുഷ്യന് വിലക്രൂടുന്നു. അറിവിന് സ്വയമേവ വർദ്ധിക്കുന്നതിനുള്ള ശക്തിയില്ല. മനുഷ്യന് തന്റെ പ്രധാനാംശമായ ബുദ്ധിയെ വർദ്ധിപ്പിയ്ക്കയൊ ബലപ്പെടുത്തുകയൊ ചെയ്യുന്നതിന് ധാരാളം ശക്തിയുണ്ട്. ഇപ്രകാരം അദ്ധ്യാപകന്മാർക്ക് ജ്ഞാനശക്തി, ബുദ്ധിശക്തി ഒരു രണ്ടവിധം ശക്തികളെക്കൊണ്ട് പേരുമാറേണ്ട ആവശ്യം ഉണ്ട്. എന്നാൽ, ഇവയിൽ ഒന്നായ "ജ്ഞാനത്തെ മാത്ര"മേ അവരിൽ ചിലർ ശ്രദ്ധിക്കുന്നതായി കാണുന്നുള്ളു. ഇതുകൊണ്ടുമാത്രം മതിയാകുന്നില്ല.

ബാലന്മാരുടെ മനസ്സ് അറിവുകളെക്കൊണ്ട് നിറയ്ക്കുന്നതുമാത്രമാണ് അദ്ധ്യാപന്മാരുടെ കൃത്യമെന്ന് വിചാരിക്കുന്നത് ഒരു തെറ്റായ അഭിപ്രായമാണ്. അറിവുകൾ കഴിയുന്നതും ഉപദേശിക്കേണ്ടതുതന്നെ സംശയമില്ല. എന്നാൽ, ഇപ്രകാരം ചെയ്യുന്നതുകൊണ്ട് ബാലന്മാർക്ക് സ്വയം അറിവ് സമ്പാദിപ്പാനുള്ള ശക്തിക്ക് വൈകല്ല്യം ചെയ്തതാതിരിപ്പാൻ സൂക്ഷിക്കേണ്ടതാണ്. അനേക ശതാബ്ദങ്ങൾക്കിടയ്ക്ക് പെരുകിക്കൂടികിടക്കുന്ന അറിവുകളെ എല്ലാം ബാലന്മാർ സമ്പാദിയ്ക്കണമെന്ന് നിർബ്ബന്ധിയ്ക്കുന്നതു ഒരു വലിയ തെറ്റാണ്. അങ്ങിനെ ഉപദേശിക്കാൻ ഉനിയുന്ന അദ്ധ്യാപകന്മാരുടെ ശ്രമവും അന്ധാനത്തിലാ-

ണ്ട്. അറിവ് വിലയേറിയ ഒരു വസ്തുവല്ലെന്നല്ല, എന്നാൽ, അതിനെ സ്വയമായി സമ്പാദിപ്പാനുള്ള ശക്തി കൈവശപ്പെടുത്തുന്നതു് ഇതിലും അധികം വിലയേറിയതാണെന്നാണു് പറയുന്നതു്. ജ്ഞാനത്തിന്റെ ശരിയായ വിലമതിക്കുന്നതിനു് ശേഷിയുള്ള ഒരു അദ്ധ്യാപകൻ അദ്ധ്യേതാക്കളുടെ വിദ്യാലയജീവിതാനന്തരം അതിനെ സമ്പാദിക്കാനുള്ള ഉൽകൃഷ്ടമായ ശക്തി ലഭിയ്ക്കത്തക്കവണ്ണം ഇവരെ അഭ്യസിപ്പിക്കേണ്ടതാണു്. ജ്ഞാനവർദ്ധനമാത്രം സിദ്ധിക്കുന്നതായ ബുദ്ധിസംസ്കരണം ശരിയായ വിദ്യാഭ്യാസമാണെന്നു പറയാൻ പാടില്ല. അറിവിൽ പെട്ടിട്ടുള്ള തത്ത്വങ്ങളെ പരിശോധിയ്ക്കുന്നതിനും വെളിപ്പെടാതെ കിടക്കുന്ന തത്ത്വങ്ങളെ കണ്ടുപിടിക്കുന്നതിനും ഉള്ള ശക്തി സിദ്ധിക്കേണ്ടതാണു് വിദ്യാഭ്യാസത്തിന്റെ പ്രധാനമായിട്ടുള്ള ഉദ്ദേശ്യം.

ഒരുവന്റെ വിദ്യാഭ്യാസം വല്ല പരീക്ഷയും ജയിച്ചു് സ്കൂൾ വിടുന്നതിനോടുകൂടി പൂർത്തിയായി എന്നു് വിചാരിക്കുന്നതു് അബദ്ധമാണു്. പ്രായേണ വിദ്യാലയം വിട്ടാൽ മനസ്സിനെ വികസിപ്പിക്കയൊ ബുദ്ധിയെ പോഷിപ്പിക്കയൊ ചെയ്യുന്നതിനായി യുവാക്കന്മാർ ക്രമമായ യാതൊരു ശ്രമവും ചെയ്യുന്നില്ലെന്നു് വ്യസനപൂർവം പറയേണ്ടിയിരിയ്ക്കുന്നു. ഒരുത്തൻ സ്വയമായി ആലോചിക്കയൊ പ്രവൃത്തിക്കയൊ ചെയ്യേണ്ടതായ ജീവിതകാലത്തിന്റെ ഭാഗം കേവലം വൃഥാവ്യയം ചെയ്യുകയാണു് പതിവു്. മേല്ക്കുമേൽ അറിവു് സമ്പാദിയ്ക്കുന്നതിനുള്ള ആഗ്രഹമൊ ശക്തിയൊ ലഭിയ്ക്കാതെ വിദ്യാർത്ഥികൾ വിദ്യാലയത്തിൽനിന്നും പിരിയുന്നതായാൽ അതു് അവർക്കു് ലഭിച്ച വിദ്യാഭ്യാസത്തിനു് ഒരു വലിയ അപകീർത്തിയായി ഭവിയ്ക്കുന്നു. അറിവു് സമ്പാദിയ്ക്കുന്നതിനുള്ള ആഗ്രഹം ബാലന്മാർക്കു് സഹജമാണു്. ഒരുബാലൻ

ചൈതന്യത്തോടുകൂടിയ ചോദ്യചിഹ്നമാണെന്ന് ഒരു മഹാൻ പറഞ്ഞിട്ടുണ്ട്. ഇപ്രകാരമുള്ള ഒരു ജിജ്ഞാസയെ അദ്ധ്യാപകന്മാർ ആദരിക്കേണ്ടതും അതിനെ തങ്ങളുടെ ശിക്ഷാസാമർത്ഥ്യംകൊണ്ട് ഒരു സ്ഥിരമായ ശീലമാക്കിത്തീർക്കേണ്ടതും അവരുടെ പ്രധാനകൃത്യമാണ്. പഠിപ്പിക്കുന്ന എല്ലാ വിഷയങ്ങളിലും സത്തുണ്ടെന്നും അതിനെ ഗ്രഹിക്കുന്നതിന് യത്നം ആവശ്യമാണെന്നും ഇവർക്ക് കാണിച്ചുകൊടുക്കുന്നതാണ് അദ്ധ്യാപകന്റെ പ്രയത്നഫലം. വിദ്യാലയജീവിതം കഴിഞ്ഞാലും സ്വയമേവ ബുദ്ധി സംസ്കരണം നടത്തേണ്ടതു് അത്യാവശ്യമാണ് എന്നും, അറിവ് സമ്പാദിപ്പാനുള്ള ശക്തി വളരെ സാരമായിട്ടുള്ളതാണെങ്കിലും അതിനെ ഗുണപ്രദമായിട്ടുള്ള വിധത്തിൽ ഉപയോഗിപ്പാനുള്ള ശക്തി ഇതിലുംസാരമേറിയതാണെന്നും, എത്രതന്നെ വിശിഷ്ടമായ അറിവ് സമ്പാദിച്ചിരുന്നാലും അതിനെ ലോകോപകാരാർത്ഥമായി ഉപയോഗിക്കുന്നതിനു് താല്പര്യമൊ ശേഷിയൊ ഇല്ലാതിരുന്നാൽ അതു് തീരെ നിഷ്ഫലമായിപ്പോകുന്നു എന്നും അദ്ധ്യാപകന്മാരുടെ വിദ്യാഭ്യാസസാമർത്ഥ്യത്തിന്റെ ഫലമായി അദ്ധ്യേതാക്കൾ ഗ്രഹിക്കുന്നതിന് ഇടയാകേണ്ടതാണ്.

"അന്യന്മാരേ ഭരിയ്ക്കുവാൻ തുനിയുന്നവർ ആദ്യമായി തങ്ങളെത്തന്നെ ഭരിയ്ക്കുവാൻ ശീലിയ്ക്കേണം" എന്നുള്ളതത്തുല്യം ഭരണാധികാരമുള്ള മറെറല്ലാവരെപ്പോലെയും അദ്ധ്യാപകന്മാരും ഗ്രഹിച്ചിരിയ്ക്കേണ്ടതാണ്. തങ്ങൾക്കധീനങ്ങളായിരിയ്ക്കുന്ന വികാരങ്ങളെ യഥാവസരം അടക്കുകയും തങ്ങളുടെ ഇഷ്ടങ്ങളെ വർജ്ജിക്കയും ചെയ്വാൻ ശക്തിയില്ലാത്തവർ അനേകം ഭിന്നസ്വഭാവത്തോടുകൂടിയ അംഗങ്ങൾ അടങ്ങിയിരിക്കുന്ന ഒരു സംഘത്തെയൊ സമു-

ടായത്തെയൊ ഭരിയ്ക്കുവാനായി പുറപ്പെട്ടുന്നതു് ഒരു സാഹസപ്രവൃത്തി അല്ലയൊ എന്നു് സംശയിക്കേണ്ടിയിരിയ്ക്കുന്നു. നാം അന്യന്മാരോടു് മല്ലുപിടിയ്ക്കുന്നതിനൊ യുദ്ധത്തിനൊ ഒരുങ്ങുമ്പോൾ നമ്മുടെ അവയവങ്ങളെ ഒതുക്കുകയും അരയും തലയും മുറുക്കുകയും ചെയ്യുന്നുണ്ടല്ലൊ. ഭരണവിഷയത്തിൽ ഇപ്രകാരംതന്നെ മനസ്സിനേയും ഒതുക്കേണ്ടതാണു്. ഒരദ്ധ്യാപകനു് ബാലന്മാരെയാണല്ലൊ ഭരിയ്ക്കുവാനുള്ളതു്. ഇതു് വളരെ ലഘുവായിട്ടുള്ള കാര്യമാണെന്നു് പലരും വിചാരിച്ചുപോയേക്കാം. എന്നാൽ, ഇപ്രകാരമുള്ള വിചാരം തീരെ അബദ്ധമാണെന്നു് അദ്ധ്യാപകവൃത്തിയിൽ അല്പകാലമെങ്കിലും ഇരിക്കാനിടയായിട്ടുള്ളവർക്കു് അധികം പ്രയാസംക്ലേടാതെ അറിയാവുന്നതാണു്. ബാലന്മാർ പ്രായേണലീലാതല്പരന്മാരും ചപലബുദ്ധികളും ഉത്സാഹശീലന്മാരും സ്വാതന്ത്ര്യത്തിന്റെ അവതാരമൂർത്തികളും ആയിട്ടാണല്ലൊ കാണപ്പെട്ടുന്നതു്. ഇവരുടെ ഈ സ്വാഭാവികവും അനവരതമായി പ്രവർത്തിച്ചുകൊണ്ടിരിയ്ക്കുന്നതുമായ ശക്തികളെ തന്റെ ആജ്ഞയ്ക്കു് കീഴടക്കിക്കൊണ്ടുപോകുന്നതിനു് ചില വിശേഷഗുണങ്ങളും ഉള്ള ഒരാൾക്കുമാത്രമേ സാധിക്കാൻ കഴികയുള്ളു. ഒരു സ്കൂളൊ ക്ലാസൊ അതിനെ ഭരിക്കുന്ന അദ്ധ്യാപകന്റെ പ്രതിഛായയായിട്ടാണു് ഇരിയ്ക്കുന്നതു്. ഒരു സ്കൂളിന്റെ ഖ്യാതിയും ശ്രേയസ്സും അതിന്റെ ഭരണരീതിയെ ആശ്രയിച്ചുതന്നെ ഇരിയ്ക്കുന്നു. ഈ വാസ്തവം അദ്ധ്യാപകന്മാർ സദാ ഓർമ്മിച്ചു പ്രവർത്തിക്കേണ്ടതാണു്. ഭരണശക്തി ഏറക്കുറെ സ്വാഭാവികമായിട്ടുള്ള ഒരു ഗുണമാണെങ്കിലും പരിശ്രമംകൊണ്ടു് അതു് മിയ്ക്കുവാനും സമ്പാദിയ്ക്കുവാനുമായിട്ടാണിരിക്കുന്നതു്. ഭരണശക്തി ഒന്നുണ്ടെങ്കിൽ ഒരദ്ധ്യാപകന്റെ പ്രയാസത്തിൽ